032:6N0611x HO PRABANDHAVALI RAMAPISHAROTY.

032:6N0611x
HO

MUL
165477

**Madras University Library.**

DOCTRINA·VIM·PROMOVET·INSITAM

Call Number

Accession Number

Available for loan from

This book should be returned on or befor
the date last marked below.

O. 61

# PRABANDHAVALI

BY

VIDYANIDHI PROFESSOR K. RAMA PISHAROTY M. A.
MAHARAJA'S COLLEGE, ERNAKULAM

EDITED BY

VIDWAN T. K. RAMAN MENON

PUBLISHED BY
THE KALAAVILASINI PUBLISHING HOUSE
TRIVANDRUM
1940

Copyright] [Price As. 12.

UNIVERSITY LIBRARY
-8 MAR 1956

165477
38405

- 8 MAR 1956
MADRAS

# അവതാരിക

ഭാസനാടകങ്ങളുടെ ആംഗലഭാഷാനുവാദംകൊണ്ടും അതേഭാഷയിൽ രചിച്ചിട്ടുള്ളതും കേരളസംസ്കാരത്തെ വിശദീകരിക്കുന്നതും ആയ അനേകം ഉൽകൃഷ്ടലേഖനങ്ങൾകൊണ്ടും മററു നാട്ടുകാൎക്ക്, പക്ഷേ മലയാളികളേക്കാൾ, സുപരിതനായിരിക്കാവുന്ന ഒരാളാണ് പ്രഫസർ പിഷാരോടി. മലയാളത്തിൽ ഈ മാന്യലേഖകൻ അത്രധാരാളമായി എഴുതി കണ്ടിട്ടില്ല. ചുരുക്കമായി എഴുതി പ്രസിദ്ധം ചെയ്തിട്ടുള്ള പ്രബന്ധങ്ങളിൽ ചിലതിന്റെ സങ്കലിതരൂപത്തിലുള്ള ജന്മാന്തരമാണ് ഈ പ്രബന്ധാവലി.

പ്രബന്ധാവലിയിൽ അധികം ഭാഗവും ചരിത്രവിഷയങ്ങളെ ആസ്പദമാക്കി എഴുതിയ പ്രബന്ധങ്ങളാണ്. അവയ്ക്കാണ് ഇതിൽ എല്ലാവിധത്തിലും പ്രാധാന്യവും. അവയിൽ ഉടനീളം പ്രസരിച്ചുകാണുന്ന പ്രബന്ധകാരന്റെ ഗവേഷണബുദ്ധിയുടെ സൂക്ഷ്മതയെ പ്രശംസിക്കുവാൻ, അയാൾ, ഒരു ചരിത്രപണ്ഡിതൻതന്നെ ആയിരിക്കണമെന്നില്ല. ഇത്തരം വിഷയങ്ങൾക്കു സഹജമായുള്ള ഗഹനതയെ ആവുംവിധം പരിഹരിപ്പാൻ ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുണ്ട്. സൎവ്വോപരി ഗണിക്കത്തക്ക ഇതിലെ ഒരു പ്രധാനഗുണം പ്രതിപാദിക്കപ്പെട്ട വിഷയങ്ങളിൽ പത്തിനെട്ടുകണ്ടും ഒരേവിധം ദേശീയവും ദേശാഭിമാനദ്യോതകവും ആയിരിക്കുന്നു എന്നു

ള്ളതാണ്. അവയിൽത്തന്നെ "കേരളീയരുടെ പ്രാചീനപരിഷ്ക്കാരം" "കേരളത്തിലെ നാടകാഭിനയം" മുതലായ വിഷയങ്ങൾ നമ്മുടെ ശ്രദ്ധയെ സവിശേഷം അർഹിക്കുന്നുണ്ടു്. "ഉണ്ണുനീലീസന്ദേശത്തിൻെറ കാലം" "സർവ്വാംഗനാഥൻെറ ശിലാശാസനങ്ങൾ" എന്നാദിയായ വിഷയങ്ങളിൽ കേരളീയരായ പണ്ഡിതന്മാരിൽത്തന്നെ പലക്കും അഭിപ്രായഭേദങ്ങൾ ഉള്ളതായിക്കാണുന്നു. ആവക സംഗതികൾ വാദകോടിയിൽനിന്നും അചിരേണ സിദ്ധാന്തപക്ഷത്തെ അവലംബിച്ചു കാണുമാറാകട്ടെ എന്നു ആശിക്കുവാനല്ലാതെ ഒരു മദ്ധ്യസ്ഥനായി നിന്നുകൊണ്ടു് അവയെപ്പററി വല്ല തീരുമാനവും ചെയ്വാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിനുള്ള ശക്തിയും എനിക്കില്ല.

ഒരേ രസത്തിൽ പ്രസരിക്കുന്ന വിഷയങ്ങളുടെ ബാഹുല്യം വിചാരിക്കുമ്പോൾ ഭിന്നജാതിയിൽപ്പെട്ട ഇതിലെ "കവിത", "അലങ്കാരവിനിവേശം" എന്നീ വിഷയങ്ങളിൽ എന്നേപ്പോലെയുള്ളവക്കു ഒരു പ്രത്യേക കൗതുകം തോന്നുവാനിടയുണ്ടു്. മേത്തരം സാഹിത്യത്തോടു പ്രബന്ധകത്താവിനുള്ള ഗാഢമായ പരിചയം അവയിൽനിന്നു വിശദമാകുന്നു. നമ്മുടെഭാഷയെ അവ സാരമായി സ്പൃശിക്കുന്നുമുണ്ടു്. മലയാളത്തിലെ കവിതകളേയും കവികളേയും കുറിച്ചുപറയുന്ന ഭാഗങ്ങൾ പ്രത്യേകം ശ്രദ്ധേയങ്ങളും ഗ്രാഹ്യങ്ങളുമാകുന്നു. എന്നാൽ ഈ അംശത്തിൽ എൻെറ പ്രിയമിത്രം ഒരുവശത്തെ

വിസ്തരിക്കുമ്പോൾ മറുവശത്തെ കേവലം വിസ്മരിച്ചിരിക്കുന്നു എന്നൊരാവലാതിക്കു വക കാണുന്നുണ്ടു്.

വിദ്യാനിധിയായ ശ്രീമാൻ പിഷാരോടി സ്വഭാഷയേയും സ്വന്തം ധിഷണയുടെ വിഹാരരംഗങ്ങമാക്കുവാൻ പുറപ്പെട്ടതു് നിശ്ചയമായും നമ്മുടെ ഭാഗ്യമെന്നു ഞാൻ കരുതുന്നു. ഇദ്ദേഹത്തിൽനിന്നു ഇനിയും ഇത്തരം ഗ്രന്ഥങ്ങൾ മലയാളഭാഷയ്ക്കു ലഭിക്കുമാറാകട്ടെ എന്നു ആശംസിക്ക മാത്രമല്ലാതെ മറ്റെന്താണു് ഇവിടെ കർത്തവ്യമായിട്ടുള്ളതു്!

വസുവിലാസം
തിരൂർ.
29-1-1116.
കുറ്റിപ്പുറത്തു കേശവൻ നായർ.

# വക്തവ്യം

'വിദ്യാനിധി,' എന്നബിരുദിനെ ക്രിയാകേവലമായിത്തന്നെ അന്വത്ഥമാക്കി പ്രാക്തനവിദ്യയുടെ ബഹുമുഖങ്ങളായ സരണികളിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ശ്രീമാൻ കെ. രാമപിഷാരോടി എം. എ. അവർകളുടെ പ്രബന്ധാവലി എഡിററു ചെയ്വാൻ അദ്ദേഹം എനിക്കു അനുവാദംതന്നതു് വാസ്തവത്തിൽ ഒരു മഹാഭാഗ്യമായിട്ടാണു് ഞാൻ കരുതുന്നതു്. ഈ ഗ്രന്ഥം കൈരളിയുടെ ചേവടിത്താരിണകളിൽ സമപ്പിക്കുന്നതിന്നു് ഒട്ടുംതന്നെ ശങ്കിക്കേണ്ടതില്ലെന്നു് അവതാരികാകാരൻ സധൈര്യം അഭിപ്രായപ്പെടുന്നതു് ഗ്രന്ഥകാരനെമാത്രമല്ല ഇയ്യുള്ളവനേയും കൃതാത്ഥനാക്കുന്നുണ്ടു്. ശ്രീമാൻ കുററിപ്പുറം എഴുതിയ അവതാരിക ഈ ഗ്രന്ഥത്തിന്നു് ഒരലങ്കാരമായിട്ടാണു് ഞങ്ങൾക്കുതോന്നുന്നതു്. അദ്ദേഹത്തിൻെറ ഉദാരമനോഭാവത്തിന്നു നന്ദിപറയുവാൻ ഈ അവസരത്തെ വിനിയോഗിച്ചുകൊള്ളട്ടെ.

പ്രബന്ധാവലിയെ കേരളീയസഹൃദയലോകം തീച്ചയായും സഹർഷം സ്വീകരിക്കുമെന്നാണു് ഞങ്ങളുടെ ഉത്തമവിശ്വാസം. ഈ പ്രതീക്ഷ അസ്ഥാനത്താവുകയില്ലെങ്കിൽ അതുതന്നെയാണു് ഞങ്ങൾക്കുള്ള കൃതാത്ഥതയും.

എറണാകുളം,
13-2-1116.

സഹൃദയവിധേയൻ,
ടി. കെ. രാമൻമേനോൻ.

# വിഷയവിവരം.


പുറം

| | | |
|---|---|---|
| I. | കേരളീയരുടെ പ്രാചീന പരിഷ്കാരം. | 1 |
| II. | ഭാരതീയ ലിപികൾ ... ... ... | 8 |
| III. | പാണിനി ... ... ... ... ... | 19 |
| IV. | കവിത ... ... ... ... ... | 32 |
| V. | അലങ്കാരവിനിവേശം ... ... ... | 48 |
| VI. | ഉണ്ണുനീലീസന്ദേശത്തിൻെറ കാലം ... | 57 |
| VII. | സർവ്വാംഗനാഥൻെറ ശിലാശാസനങ്ങൾ | 69 |
| VIII. | കേരളത്തിലെ നാടകാഭിനയം ... ... | 96 |
| IX. | നീലകണ്ഠൻെറ കൊച്ചിരാജപരമ്പര. | 115 |

# പ്രബന്ധാവലി

## I. കേരളീയരുടെ പ്രാചീന പരിഷ്കാരം

പരിഷ്കാരത്തിന്റെ സ്വരൂപം മനസ്സിലാക്കേണ്ടതു് നിരന്തരമായി പ്രവൎത്തിച്ചുകൊണ്ടു നില്ക്കുന്ന പരിഷ്കാരഫലങ്ങളുടെ സ്വരൂപംകൊണ്ടു മാത്രമാണ്. അതായതു്, രാജ്യതന്ത്രവിഷയത്തിലും, മതസംബന്ധവിഷയത്തിലും സാമുദായികവിഷയത്തിലും അതുപോലെ കലകളിലും ശാസ്ത്രങ്ങളിലും നമ്മുടെ ജീവിതാദൎശങ്ങൾ, ജീവിതസമ്പ്രദായങ്ങൾ, ജീവിതസഹായസഹകരണങ്ങൾ മുതലായവ പണ്ടു് എന്തെല്ലാമായിരുന്നു, ഇപ്പോൾ എന്തെല്ലാമാണ്, വ്യത്യാസങ്ങളെന്തെല്ലാമാണ്, അതിന്നു കാരണമെന്തെല്ലാമാണ് എന്നും മററുമുള്ള വിഷയങ്ങൾ സൂക്ഷ്മമായി ആരാഞ്ഞറിഞ്ഞാൽ നമ്മുടെ പരിഷ്കാരത്തിന്റെ സ്വരൂപം ഒട്ടാകെ ഒന്നു മനസ്സിലാക്കാവുന്നതാണ്. ഇതിന്നും പുറമെ ഇന്നു ഫലരൂപമായി പരിണമിച്ചിരിക്കുന്ന പരിഷ്കാരം നാളത്തെ പരിഷ്കാരത്തിന്റെ കാരണമായി പരിണമിക്കുന്നതാണെന്നു കൂടി ഓൎക്കുമ്പോൾ, ഈ വിഷയത്തിൽ പ്രവൎത്തിക്കുന്നതു് പ്രാചീനപരിഷ്കാരത്തെ മനസ്സി

ലാക്കുവാൻ മാത്രമല്ല, ഇപ്പോഴത്തെ ജീവിതത്തിന്നും കുറച്ച് ഉപയോഗപ്പെടുന്നതാണ്.

രക്ഷാധികാരികളായ രക്ഷാപുരുഷന്മാരും തളിയധികാരികളായ തളിയാതിരിമാരും ഗ്രാമസഭകളും രാജസഭകളും നമ്മുടെനാട്ടിൽ പഴയകാലം മുതല്ക്കു തന്നെ ഉണ്ടായിരുന്നുവെന്നു വരുമ്പോൾ നമ്മുടെ പ്രജാധിപത്യ ഭരണതാല്പര്യം ഇന്നോ ഇന്നലയോ തുടങ്ങിയതല്ലെന്നും വാസനാരൂപേണ ലയിച്ചു കിടക്കുന്നതാണെന്നും വെളിവാകുന്നതാണ്. ഒരു കാലത്ത് ഏകഛത്രാധിപതിയായ രാജാവ്, അതിന്നു ശേഷം പ്രജാപ്രതിനിധി, അതിന്നുശേഷം പ്രജകളാൽ തിരഞ്ഞെടുക്കപ്പെട്ട പെരുമാൾ, അതിന്നുശേഷം കുലപാരമ്പര്യമായ പെരുമാൾ വാഴ്ച, തദനന്തരം മേൽകോയ്മ, അദ്ദേഹത്തിൻെറ കീഴിൽ അനവധി ചില്ലറ രാജാക്കന്മാർ, ഒടുവിൽ പല സ്വതന്ത്രരാജാക്കന്മാർ എന്നിപ്രകാരം വിവിധതരത്തിലുള്ള രാജ്യഭാരസമ്പ്രദായങ്ങൾ നമ്മുടെ നാട്ടിൽ യഥാക്രമം ഉണ്ടായി പ്രചുരപ്രചാരംസിദ്ധിച്ച് കാലക്രമത്തിൽ നാമാവശേഷങ്ങളായി തീർന്നിട്ടുണ്ടെന്നു വരുമ്പോൾ ത്ഥ്വശാസ്ത്രവിദഗ്ദ്ധന്മാൎക്കു ഇതെത്രയും കൌതുകപ്രദമായ ഒരു സംഗതിയായിരിക്കും. യഥാകാലം പ്രജകൾ തങ്ങളുടെ ഇഷ്ടപ്രകാരം രാജാവിനേയും രാജ്യഭരണസമ്പ്രദായത്തെയും മാററിയിരുന്നു എന്നുകൂടി വരുമ്പോൾ വാസനാരൂപേണ കിടക്കുന്ന നമ്മുടെ പ്രജാധിപത്യഭരണതാല്പര്യം— പ്രബലമായ ഒന്നുതന്നെയായിരുന്നുവെന്നും നിശ്ചയിക്കാവുന്നതാണ്. ഇതുപോലെതന്നെ കേരളത്തിലെ ഓരോ രാജകുടുംബത്തിലുള്ള കിരീടധാരണം,

അരിയിട്ടുവാഴ്ച മുതലായ പട്ടാഭിഷേകച്ചടങ്ങുകളും, മാമാങ്കം, അത്തച്ചമയം മുതലായ പഴയ സമ്പ്രദായവിശേഷങ്ങളും രാജ്യഭരണതന്ത്ര വിദഗ്ദ്ധന്മാൎക്ക തല്ക്കാലം രസകരമായവയും, ഒരു പക്ഷെ മേലാൽ ഉപകാരപ്രദമായി, പരിണമിച്ചു കാണാവുന്നവയുമാണ്.

ഭൂമിയിലുള്ള പ്രധാനപ്പെട്ട സകല മതങ്ങൾക്കും ഒരുപോലെയുള്ള ഒരു കേളിരംഗവും ഹിന്തുമതത്തിൻെറ ജീവിതസൎവ്വസ്വവുമായ വേദാന്തത്തിൻെറ പ്രധാനമായ മൂന്നു നാരായവേരിൻെറയും ഉല്പത്തിസ്ഥാനവും വൈദികമതത്തിൻെറ അവശിഷ്ടങ്ങൾ ഇന്നും നിലനിന്നുപോരുന്നതുമായ നമ്മുടെ മാതൃഭൂമിക്ക് മതവിഷയത്തിലുള്ള വൈജാത്യം അന്യാദൃശംതന്നെയാണ്. ഹിന്തുക്കൾ കൃസ്ത്യാനികൾക്കും മുഹമ്മദീയൎക്കും പള്ളിവെച്ചുകൊടുക്കുക, കൃസ്ത്യാനികളും മഹമ്മദീയരുംകൂടി ഹിന്തുക്ഷേത്രങ്ങളെ ശത്രുബാധയിൽനിന്നും രക്ഷിക്കുക, മതവ്യത്യാസമെന്യെ നാനാമതസ്ഥന്മാരും പുണ്യങ്ങളായ ഹിന്തു-മുഹമ്മദീയ-കൃസ്ത്യാനി-ജൂതദേവാലയങ്ങളിൽ വഴിപാടുകൾ ചെയ്യുക, ഒരു ഹിന്തു ഭഗവതിയുടെ കോമരം, ഒരു കൃസ്ത്യൻ അപ്പാസലും താനുംകൂടി, ഒരു നാട്ടുകാരെ രക്ഷിച്ചുകൊള്ളാമെന്നു ഉച്ചൈസ്തരമുൽഘോഷിക്കുക, ഒരു ഹിന്തുഭഗവാനും ഒരു മഹമ്മദീയ ഋഷിവൎയ്യനുംകൂടി സ്നേഹിതന്മാരായിപ്പെരുമാറിയതിൻെറ ഫലമായി അതാതുമതക്കാർ അന്യോന്യം പൂജിച്ചുവരിക, ഹിന്തു ഈശ്വരൻെറ എഴുന്നള്ളത്ത് പള്ളിയിൽനിന്ന് എതിരേല്ക്കുക, എന്നും മററും തുടങ്ങിയിട്ടുള്ള നമ്മുടെനാട്ടിലെ സമ്പ്രദായ വിശേഷങ്ങൾ മലയാളി

കൾക്കു മതവിഷയത്തിലുള്ള സമഭാവനയെ നല്ലവ ണ്ണം വെളിവാക്കുന്നുണ്ടു്. ഈ വിശേഷങ്ങളും അവയു ടെ കാരണഭൂതമായ പരിഷ്കാരത്തിൻെറ സ്വരൂപവും ആരാഞ്ഞറിഞ്ഞ് ഇപ്പോഴത്തെ ജീവിതദശയിൽ വി നിയോഗിക്കുന്നതായാൽ ഇപ്പോൾ കീറാമുട്ടിയായി ക്കിടക്കുന്ന ഹിന്തുമുസലീം വഴക്കു ലഘൂകരിപ്പാൻ സാധിക്കുമെന്നാണ് എൻെറ പൂൎണ്ണവിശ്വാസം.

ക്രിസ്ത്യാനികൾ തുളസിനട്ടു നനയ്ക്കുക, ഹിന്തു ക്കളുടെ മാതിരി ശുദ്ധാശുദ്ധം പരിപാലിക്കുക, ക ല്യാണത്തിന്നു താലികെട്ടുക, മുഹമ്മദീയർ മരുമക്ക ത്തായ സമ്പ്രദായം സ്വീകരിക്കുക, തിരുവിതാംകൂറി ലെ മഹാരാജാവു് മന്നൊസുൽത്താൻ എന്ന സ്ഥാനം വഹിക്കുക, കൊച്ചി മഹാരാജാവു് പട്ടാഭിഷേക ചടങ്ങായി ആദ്യം ചെമ്പിലരയൻെറ തിരുമുൽ ക്കാഴ്ച വാങ്ങുക, സാമൂതിരി മഹാരാജാവു് മഹമ്മ ദീയസ്ത്രീയുടെ പക്കൽനിന്ന് മുറുക്കാൻവാങ്ങുക, ഒരു അമ്പലത്തിൽ പെരുമ്പുലയന്നു സ്ഥാനം കല്പിച്ചു കൊടുക്കുക, കൊടിക്കൂറ വണ്ണാൻ അലക്കികൊണ്ടുവ രിക എന്നു തുടങ്ങീട്ടുള്ള അസംഖ്യേയങ്ങളായ ആചാര വിശേഷങ്ങൾ അന്യാദൃശമായ നമ്മുടെ പാരമ്പര്യാഗതമായ മനഃസ്ഥിതിയുടെ പരിണാമ വിശേഷമല്ലാതെ മറെറാന്നും തന്നെയല്ല. ഇങ്ങിനെ യുള്ള വിശിഷ്ട വിശേഷങ്ങളെ കഴിയുന്നത്ര സംഗ്ര ഹിച്ചു് അവയിൽ അന്തർല്ലയിച്ചു കിടക്കുന്ന നയ വിശേഷത്തെ മനസ്സിലാക്കി പെരുമാറുന്നതായാൽ ഇന്നത്തെ ജീവിതദശയിലുള്ള പല സങ്കടങ്ങൾക്കും നിവൃത്തിമാർഗ്ഗമുണ്ടാകുന്നതാണ്.

ഇതുപോലെതന്നെ ബുദ്ധിവിശേഷംകൊണ്ടു മാത്രം ലഭിക്കാവുന്ന ഔന്നത്യത്തിന്നും ഉൽകഷ്ത്തിന്നും മലയാളികൾ സാമാന്യത്തിലധികം പാത്രമായി തീൎന്നിട്ടുണ്ട്. വൈദികവിഷയത്തിൽ നമ്മുടെ നാട്ടിൽ ആറു വൈദികന്മാരും പൂൎവ്വോത്തര മീമാംസാവിഷയത്തിൽ പ്രഭാകരൻ, ശങ്കരൻ മുതലായ ആചാൎയ്യന്മാരും അവരുടെ നിസ്തുല്യമായ ശിഷ്യപാരമ്പൎയ്യവും, ആയുൎവ്വേദത്തിൽ സുപ്രതിഷ്ഠിതന്മാരായ അഷ്ടവൈദ്യന്മാരും, അവരുടെ ശിഷ്യവൎഗ്ഗവും, മാന്ത്രികതാന്ത്രികങ്ങളിൽ സുപ്രസിദ്ധങ്ങളായ മാന്ത്രിക താന്ത്രിക കുടുംബങ്ങളും, ഏതദ്വിഷയങ്ങളിലുള്ള കേരള മഹിമയെ നല്ലവണ്ണം വെളിവാക്കുന്നു. ജ്യോതിഷവിഷയത്തിൽ മലയാളികൾക്കു ലഭിച്ചിട്ടുള്ള പദം അദ്വിതീയമായിരുന്നു എന്നുള്ള സംഗതി മുക്തകണ്ഠമായ് ഘോഷിക്കാവുന്നതാണ്. ജ്യോതിഷത്തെ ഒന്നു പുതുതാക്കുവാൻ മലയാളികൾക്കല്ലാതെ മററാൎക്കും സാധിച്ചിട്ടുള്ളതല്ല; ആയതു് ഇവർ രണ്ടു തവണ ചെയ്തിട്ടുണ്ടെന്നു വരുമ്പോൾ നമ്മുടെ പൂൎവ്വികന്മാൎക്കു ലഭിച്ചിട്ടുള്ള തച്ഛാസ്ത്രവൈഭവം കുറച്ചെങ്കിലും വെളിവാകുന്നതാണ്. തച്ചുശാസ്ത്രത്തിലും നമ്മുടെ സമ്പ്രദായം ഒന്നു വേറെതന്നെയാണ്. നാഗരദ്രാവിഡവൈസരാദിപ്രാസാദങ്ങളുടെ ആന്തരമായ വ്യത്യാസമെന്താണെന്നു, നമ്മുടെ ദേവാലയങ്ങൾ പരിശോധിച്ചാൽ മാത്രമെ അറിയുകയുള്ളു. അതുപോലെതന്നെ പ്രാസാദാവയവങ്ങളുടെ അംഗാംഗിഭാവം നശിപ്പിക്കാതെ യഥാൎത്ഥമായ ശാസ്ത്രവിധിയെ പ്രാസാദവിധിയിൽ ഘടിപ്പിച്ചതായി നമ്മുടെ നാട്ടുകത്തു

മാത്രമേ, കാണാകുന്നതുള്ളൂ. പോരെങ്കിൽ പല കലാവിദഗ്ദ്ധന്മാരുടെ ഒരുപോലെയുള്ള അഭിനന്ദനത്തിന്നു പാത്രമായിത്തീൎന്നിട്ടു മാമല്ലപുരത്തിലെ രമണീയമായ വിമാനങ്ങൾ നിൎമ്മിതിയിൽ സ്ഥപതിയായിരുന്നതു് ഒരു മലയാളിയാണെന്നുംകൂടി വരുമ്പോൾ പ്രസ്തുത വിഷയത്തിലുള്ള നമ്മുടെ വൈദഗ്ദ്ധ്യം അന്യാദൃശം എന്നു സമ്മതിച്ചേ തീരു. ഇതുപോലെതന്നെ സാഹിത്യവിഷയത്തിലും നമുക്കു ഒരു കാലത്ത് അന്യാദൃശമായ പാടവമുണ്ടായിരുന്നു. കുലശേഖരൻ, വില്വമംഗലം, നാരായണൻ മുതലായ സ്തോത്രകാരന്മാർ; ലക്ഷ്മിദാസൻ, ഉദ്ദണ്ഡൻ, വാസുദേവൻ മുതലായ സന്ദേശകാരന്മാർ; കുലശേഖരൻ, ശക്തിഭദ്രൻ, മഴമംഗലം മുതലായ രൂപകകാരന്മാർ; വാസുദേവരാമൻ അടിതിരി മുതലായ കാവ്യകാരന്മാർ; രാഘവാനന്ദൻ, പൂൎണ്ണസരസ്വതി, നാരായണൻ മുതലായ വ്യാഖ്യാതാക്കന്മാർ ഇവർ എല്ലാവരും ഇവരെപ്പോലെയുള്ള മററു അസംഖ്യം വിദ്യാവല്ലഭന്മാരും സംസ്കൃത സാഹിത്യത്തിൽ ശാശ്വതമായി വിളങ്ങുന്ന കേരള നക്ഷത്രങ്ങളാണ്. അഭിനയവിഷയത്തിലും മലയാളികൾക്കു ഉണ്ടായിരുന്നതും ഇപ്പൊഴുള്ളതുമായ പാടവം അന്യാദൃശമാണെന്നുള്ളതിന്നു നമ്മുടെ കഥകളി ഒരുത്തമ നിദൎശനമാണ്. പ്രാചീനനാടകങ്ങളുടെ രംഗപ്രയോഗസമ്പ്രദായം അന്യത്ര പാടെ നശിച്ചുപോയിട്ടുണ്ടെങ്കിലും ആയതു് 8 ശതകംമുതൽ ഇന്നേതീയ്യതിവരെ കേരളത്തിൽ നിലനിന്നുപോന്നിട്ടുണ്ടെന്നുള്ള സംഗതി നമുക്കേററവും അഭിമാനകരമായിട്ടുള്ളതാണ്. വാസ്തവം പറയുകയാണെങ്കിൽ ഭരത

മുനിയുടെ നാട്യശാസ്ത്രം നല്ലവണ്ണം ധരിക്കണമെങ്കിൽ കൂടിയാട്ടവും കഥകളിയും അവശ്യം പഠിച്ചേ തീരു എന്ന നിലയിലാണു് വസ്തുസ്ഥിതി പരിണമിച്ചിരിക്കുന്നത്. ചുരുക്കിപ്പറയുന്നതായാൽ ആദ്ധ്യാത്മിക ശാസ്ത്രങ്ങളിലും, പ്രായോഗികശാസ്ത്രങ്ങളിലും, വിവിധ രൂപത്തിലുള്ള കലകളിലും കേരളം കേളികേട്ടിട്ടുണ്ടെന്നുള്ള സംഗതി സ്വദേശാഭിമാനികൾ എപ്പോഴും ഓക്കേണ്ടതാണ്.

ഇത്രയും പറഞ്ഞതിൽനിന്നു വന്നുകൂടുന്നതു നമ്മുടെ പരിഷ്കാരത്തിൻെറ ഫലം മാഹാത്മ്യമേറിയതാണെന്നും അതു നമ്മളുടെ ലൌകികാലൌകികങ്ങളായ സകലവിധ പ്രവൃത്തികളുടേയും ആധാരമാണെന്നും ആണ്. അതുകൊണ്ടു ഈ പരിഷ്കാരത്തിൻെറ സ്വരൂപം നിർണ്ണയിക്കണമെങ്കിൽ നമ്മുടെ ഇടയിലുള്ള വിഭിന്നജാതിമതസ്ഥരായ നാട്ടുകാരുടെ പ്രവൃത്തികളേയും അനുഭവങ്ങളേയും കഴിയുന്നതും സംഗ്രഹിക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു്. ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള നമ്മുടെ യുവാക്കൾ ഈ വിഷയത്തിൽ പരിശ്രമിക്കേണ്ട കാലമതിക്രമിച്ചിരിക്കുന്നു.

# II. ഭാരതലിപി

യാതൊരു പ്രകാരമാണൊ സംസ്കൃതഭാഷയെ നമ്മുടെ മാതൃഭാഷയായി സ്വീകരിച്ചിട്ടുള്ളതു്; അപ്രകാരംതന്നെ ദേവനാഗരി ലിപിയേയും നമ്മുടെ മാതൃലിപിയായി സ്വീകരിച്ചിട്ടുണ്ടു്. ഈ ലിപി എങ്ങിനെയാണു് ഉത്ഭവിച്ചതെന്നും, അതിനു എത്ര പഴക്കമുണ്ടെന്നും, മററുള്ള വിഷയങ്ങൾ ഇപ്പോഴും കൂടി വ്യവഹാരാവസ്ഥയിൽത്തന്നെയാണു് സ്ഥിതിചെയ്യുന്നതു്. ഈ അവസരത്തിൽ ഇവയെപ്പററി ആധുനികപണ്ഡിതന്മാരുടെ അഭിപ്രായം എന്താണെന്നുമാത്രം ഇവിടെ എടുത്തുകാണിക്കുന്നതാണു്.

അവനവന്റെ മനസ്സിലുള്ള വിചാരങ്ങളെ ഇതരജനങ്ങളെ അറിയിക്കുവാനുള്ള ഉപായങ്ങളിൽ ഒന്നാണല്ലൊ ഭാഷ. ഇതു് ശബ്ദമുഖേന അറിയിപ്പിക്കുവാൻ ദുസ്സാദ്ധ്യമായിരിക്കുമ്പോൾ, അതായതു് ശ്രോതാക്കൾ വിദേശത്തിലിരിക്കുമ്പോഴൊ അസംഖ്യം ജനങ്ങളെ അറിയിപ്പിക്കേണ്ടിയിരിക്കുമ്പോഴൊ അഥവാ തന്റെ കാലശേഷം ജനിച്ചുണ്ടാകുന്ന ജനങ്ങളെക്കൂടി അറിയിപ്പിക്കേണ്ടിയിരിക്കുമ്പോഴൊ; വാങ്മുഖേനയുള്ള പ്രതിപാദനം വിഫലമായിത്തീരുന്നു. ഇതിന്റെ നിവൃത്തിയ്ക്കായിക്കൊണ്ടു് ഋഷിശ്രേഷ്ഠന്മാരായിരിക്കുന്ന നമ്മുടെ പൂർവ്വികന്മാർ കണ്ടുപിടിച്ച വേറെ ഒരു വഴിയാണു് ലിപി. ഇതു് ആദ്യമായി എങ്ങിനെയാണു് ഉത്ഭവിച്ചതെന്നും, ആധുനികസ്ഥിതിയിൽ എത്തിയതെന്നും മററുമുള്ള

സംഗതികഠം രസകരമായിട്ടുള്ളതാണെങ്കിലും, അവയെ ഈ അവസരത്തിൽ ഇവിടെ ആലോചിക്കുന്നില്ല.

ലിപിവിന്യാസം പുരാതനമായി ഇന്ത്യയിൽ ഉണ്ടായിരുന്നില്ലെന്നാണ് ചില പാശ്ചാത്യപണ്ഡിതന്മാരുടെ മതം. ഈ വാദത്തിന് തീരെ കാരണമില്ലെന്നില്ല. ഇവ പ്രധാനമായിട്ട്; (1) അധികം പഴക്കം ചെന്ന ഗ്രന്ഥങ്ങഠം ഇല്ല. (2) ലിപിക്കു ഉപയുക്തങ്ങളായ സാമാനങ്ങളെപ്പററി പുരാതനകൃതികളിൽ പ്രസംഗമില്ല. (3) മനഃപാഠത്തിനുള്ള പ്രാധാന്യം.

ഈ കാരണങ്ങളെ അവലംബിച്ചുകൊണ്ട്, ഗ്രീക്കുകാരുടെ ആക്രമണാനന്തരമാകുന്നു ലിപി ഭാരതവഷത്തിൽ ഉപയോഗിച്ചു തുടങ്ങിയതെന്നും, ഇവർ അഭിപ്രായപ്പെടുന്നു. ചില വിദ്വാന്മാർ അഷ്ടാദ്ധ്യായിസ്ഥങ്ങളായിരിക്കുന്ന ചില വാക്കുകളെ വിസ്മരിച്ചുകൊണ്ടും; ചിലതിനെ ധിക്കരിച്ചുകൊണ്ടും; പാണിനിയുടെ കാലത്തുപോലും ഈ സമ്പ്രദായം ഭാരതീയക്ക് അറിവില്ലായിരുന്നു എന്ന് ഘോഷിക്കുന്നു. ഇപ്രകാരമുള്ള അഭിപ്രായങ്ങളെ ഖണ്ഡിക്കുവാനായി ഇന്ത്യയിലെ ലിപിയുടെ പഴക്കത്തെപ്പററി ഇവിടെ ആലോചിക്കാം.

വളരെ പഴക്കമുള്ള ഗ്രന്ഥമില്ല. ഇവ ഇല്ലാതെ ഇരിക്കുന്നതിൻ വേറെ തക്കതായ കാരണമുണ്ട്. പ്രധാനമായിട്ട് ഭാരതഖണ്ഡത്തിലെ ദുസ്സഹമായ ദേശകാലാവസ്ഥയാണ്. ഉഷ്ണഭൂമിയായതുകൊണ്ടു

ഗ്രന്ഥങ്ങൾ വേഗത്തിൽ ദ്രവിച്ചുപോകുന്നു. രണ്ടാമത്തു് അന്യദേശക്കാരുടെ ആക്രമണം. അവരുടെ കണ്ണിൽ കണ്ട സകലവും അവർ നശിപ്പിക്കയോ അപഹരിക്കയോ ചെയ്ക പതിവായിരുന്നു. പോരെങ്കിൽ ഹിന്ദുക്കളുടെ മതവിശ്വാസം അതികഠിനമായിരുന്നതുകൊണ്ടു് നിവൃത്തിയുണ്ടെങ്കിൽ തങ്ങളുടെ ഗ്രന്ഥങ്ങൾ അന്യമതക്കാരുടെ കൈയിൽ പോകുന്നതിനേക്കാൾ അവയെ നശിപ്പിച്ചുകളയുന്നതിനായിരുന്നു അവർ ഇഷ്ടപ്പെട്ടിരുന്നതു്. ഇപ്രകാരം ഗ്രന്ഥങ്ങൾ അകത്തുനിന്നും പുറത്തുനിന്നുമുള്ള നാശത്തിനു പാത്രമായിത്തീൎന്നു. ഈവക കാരണങ്ങളാൽ ലിപിയില്ലാതിരുന്നതുകൊണ്ടാണു് ഗ്രന്ഥങ്ങൾ ഇല്ലാതിരുന്നതു് എന്നുള്ള വാദത്തിനു ഗൗരവം പോരായ്ക ഉണ്ടല്ലൊ.

ഏതൽ കാരണങ്ങൾതന്നെയാകുന്നു ഹിന്ദുക്കളുടെ മനഃപാഠത്തിലുള്ള ആദരവിന്നും കാരണം. പിന്നീടു് ഈ ആദരവു് ഗ്രന്ഥ നിൎമ്മാണത്തിന്നു് ഒരു പ്രതിബന്ധമായും തീൎന്നു. പുരാതന കാലങ്ങളിൽ യാഗാദികളും മററും സാധാരണമായി ചെയ്യാറുണ്ടായിരുന്നു. തദവസരത്തിൽ മന്ത്രാദികളുടെയും മററും മനഃപാഠത്തിന്നു് അത്യാവശ്യകതയുമുണ്ടായിരുന്നു. കാലക്രമേണ ഉച്ചാരണത്തിൽ ആണു് ഫലം എന്നന്യായം അംഗീകരിച്ചതോടുകൂടി മനഃപാഠത്തിന്നു് പ്രാമാണ്യവും, പ്രധാന്യവുംകൂടി ലഭിച്ചു. ഗുരുമുഖത്തിൽ നിന്നുവേണം അദ്ധ്യയനം എന്നുള്ള നിയമം ഇവയ്ക്കു അധികം പ്രചാരത്തെ കൊടുത്തു. ഇതരമതസ്ഥാപനയോടുകൂടി, വാദ

പ്രതിവാദങ്ങളിൽ തങ്ങളുടെ ഗ്രന്ഥങ്ങൾ അന്യമതക്കാരുടെ കൈയിൽ വീണാൽ അവ എതിരായി ഉപയോഗിക്കപ്പെട്ടെങ്കിലൊ എന്നുള്ള പേടിയും ഗ്രന്ഥവർദ്ധനയ്ക്കു് തടസ്ഥമായിതീൎന്നു. പിന്നെ, ലിപിക്കു് പയുക്തങ്ങളായ മഷി, പേന ഇത്യാദി ഉപകരണങ്ങളും എഴുതുവാൻ കഴിയുന്ന ആളുകളും വളരെ ദുർല്ലഭമായിരുന്നു. ഏതൽക്കാരണങ്ങൾകൊണ്ടു് ഉത്ഭവിച്ചിട്ടുള്ള മനഃപാഠവും, അതിലുള്ള ആദരവും ലിപിനിഷേധത്തിന്നു് ഒരു തക്ക കാരണമായി ഭവിക്കുന്നില്ല.

ലിപി നിഷേധത്തിന്നു് ഇവർ വേറെ ഒരു കാരണവുംകൂടി പറയുന്നുണ്ടു്. അതായതു് പുരാതന കൃതികളിൽ ലിപിയെപ്പററി യാതൊന്നും പറഞ്ഞിട്ടില്ലഎന്നുള്ളതുതന്നെ. ഒരു അമ്പതു കൊല്ലം മുമ്പു് എഴുതീട്ടുള്ള ഏതെങ്കിലും ഒരു ഗ്രന്ഥം എടുത്തു നോക്കിയാൽ, അഥവാ ആധുനിക ഗ്രന്ഥങ്ങൾ ഏതെങ്കിലും എടുത്തുനോക്കിയാൽ, അതിൽ മനുഷ്യർ ഉപ്പുകൂട്ടിയാണു് ഭക്ഷണം കഴിക്കുന്നതെന്നു് കാണുമൊ എന്നു വളരെ സംശയമായ ഒരു സംഗതിയാണു്. അപ്രകാരം തന്നെ എഴുത്തിനെപ്പററിയും പറയാം. യാതൊരുപ്രകാരമാണോ ഇപ്പോൾ ഇതിനെപ്പററി വിവരിക്കാത്തതു്, അപ്രകാരംതന്നെ അന്നും ഉണ്ടായിരുന്നില്ലെന്നു് മാത്രമേയുള്ളു. ഇതിനും പുറമെ ഈ പറഞ്ഞിട്ടില്ലെന്നുള്ള സംഗതി തീരെ ശരിയല്ലെന്നുള്ളതും പിന്നാലെ തെളിയും.

ബി. സി. ൩൨൫-ന ശേഷം ഇന്ത്യയിൽ എഴുത്തു നടപ്പായിരുന്നു എന്ന സംഗതി എല്ലാ

മതക്കാരും സമ്മതിക്കുന്നുണ്ട്. ആയതുകൊണ്ട്, ഗ്രീക്കുകാരുടെ ആക്രമണത്തിന്നു് പൂർവ്വം ഇവിടെ ലിപിയുണ്ടായിരുന്നുവെന്നു് മാത്രമേ സ്ഥാപിക്കേണ്ടതുള്ളു. നാലാം നൂററാണ്ടിൽ ലിപിയുണ്ടായിരുന്നു എന്ന സംഗതി ഇയ്യിടെ കണ്ടുപിടിച്ച അക്കാലത്തെ ഒരു നാണ്യത്തിൽനിന്നു തെളിയുന്നു. ഇതിനു മുമ്പുതന്നെ ലിപിയുണ്ടായിരുന്നു എന്നതിലേയ്ക്കു് ചില ഊഹങ്ങൾ മാത്രമെ ഉള്ളു. മനഃശക്തിയിലും, ബുദ്ധിവൈഭവത്തിലും ബൃഹസ്പതിക്കുതുല്യന്മാരായ ഋഷിശ്രേഷ്ഠന്മാരുടെ പംക്തിയെ അവസാനിപ്പിക്കുന്ന പാണിനിയുടെ കാലത്തു് തീച്ചയായും ലിപി പ്രചാരത്തിൽ വന്നിട്ടുണ്ടായിരിക്കണം. ഇതു് സ്വീകരിക്കാത്തപക്ഷം ഇക്കാലത്തിന്നു് അതായതു് ബി. സി. 600-ന്നു മുമ്പുതന്നെ ശാസ്ത്രകോടിയിൽപെട്ടവയും, അക്കാലത്തു് ഏററവും ഉത്തമസ്ഥിതിയെ പ്രാപിച്ചവയും ആയ വൈദ്യം, ജ്യോതിഷം, ഗണിതം ഇത്യാദി ശാസ്ത്രങ്ങളുടെ ഔന്നത്യത്തോടുകൂടിയുള്ള പ്രചാരം അചിന്തനീയമാകുന്നു. പാണിനിക്കു് മുമ്പു് ഈ ശാസ്ത്രങ്ങൾ ഉണ്ടായിരുന്നില്ല എന്നു വാദിക്കുന്നപക്ഷം, അദ്ദേഹത്തിൻെറ കൃതിയായ അഷ്ടാദ്ധ്യായിതന്നെ ഏററവും ഉപയുക്തമായ ഈ വിദ്യയുടെ സൽഭാവത്തെ സ്ഥാപിച്ചുകൊള്ളുന്നു.

ഈ അവസരത്തിൽ പ്രഥമഗണനീയങ്ങളായവ, "ലിപി", 'സൂത്രം', ഗ്രന്ഥം', 'അക്ഷരം' എന്നീ വാക്കുകളുടെ അത്ഥങ്ങളും, ഇതിൽ ഊഹ്യങ്ങളായ ചില തത്വങ്ങളും ആകുന്നു. ഈ ഊഹ്യ

ങ്ങൾ സർവ്വസമ്മതങ്ങളായിട്ടുള്ളവയല്ലെങ്കിലും, സ്വീകാരയോഗ്യങ്ങളല്ലെന്നു പറയുവാൻ "ന്യായം പോര."

൭. 'ലിപി'—ഈ വാക്കു പ്രഥമമായി കാണപ്പെടുന്നതു് അഷ്ടാദ്ധ്യായിയിലാകുന്നു. ഇതിൻെറ അർത്ഥം എഴുത്തു് എന്നാണല്ലോ. പാണിനി ഈ വാക്കു് ഈ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ളതുകൊണ്ടു് അദ്ദേഹത്തിൻെറ കാലത്തു് ഈ വിദ്യ നടപ്പുണ്ടായിരുന്നുവെന്നും, അദ്ദേഹത്തിന്നു് ഈ വിദ്യ അറിയാമായിരുന്നു എന്നും നിസ്സംശയം തെളിയുന്നു. എങ്കിലും ചില പാശ്ചാത്യ പണ്ഡിതന്മാർ ഇങ്ങിനെ സമ്മതിക്കുന്നില്ല. ഈ മതം സ്ഥാപിക്കുവാൻ വേണ്ടി ലിപിഎന്ന വാക്കുള്ള സൂത്രംതന്നെ പാണിനിയുടെ അല്ലെന്നു വാദിക്കുന്നു. ലിപിയും ഗ്രീസിൽനിന്നാണു് ഇന്ത്യയിലേക്കു് കൊണ്ടുവന്നിട്ടുള്ളതു് എന്നു വരുത്തിക്കൂട്ടുവാനുള്ള മോഹമല്ലാതെ ഈ വാദത്തിന്നു് വേറെ തക്കതായ കാരണമൊന്നും കാണുന്നില്ല.

൮. "സൂത്രം"—ഈ പദത്തിൻെറ പ്രാഥമികമായ അർത്ഥം "ചരടു്" എന്നാണു്. ഏകവചനമായി ഈ വാക്കു പുസ്തകമെന്ന അർത്ഥത്തിൽ മാത്രമെ ഉപയോഗിച്ചു കാണുന്നുള്ളു. 'ചരടു്' എന്ന അർത്ഥത്തിൽനിന്നു് പുസ്തകമെന്ന അർത്ഥത്തിലേക്കുള്ള മാററം എങ്ങിനെ സംഭവിച്ചു എന്ന ചോദ്യത്തിൻെറ ഉത്തരം ഏതെങ്കിലും ഒരു പഴയ ഗ്രന്ഥം എടുത്തു നോക്കുന്നതായാൽ അറിയാവുന്ന

താകുന്നു. ചരട് ഇല്ലാത്ത ഗ്രന്ഥവും വിളമ്പൻ ഇല്ലാത്ത ഊട്ടും ഇല്ല. ഗ്രന്ഥത്തിൽ ചരടുകൊണ്ടുള്ള ഉപയോഗം നിമിത്തമാണ് ചരടിന്നു് അതായതു് സൂത്രത്തിന്നു് ഗ്രന്ഥമെന്നർത്ഥം ലഭിച്ചതു്. ചില പൂർവ്വപക്ഷികൾ സൂത്രത്തിന്നു് ആദ്യം തന്നെ "സൂത്രം" എന്നായിരുന്നു അർത്ഥമെന്നു് പറയുന്നു. എന്നാൽ ഈ അർത്ഥം സൂത്രത്തിൻെറ പുസ്തകമെന്ന അർത്ഥത്തിൽനിന്നു ഉദിച്ചിട്ടുള്ള താകകൊണ്ടു് ആ വാദത്തിനു് ന്യായം പോര.

൩. 'ഗ്രന്ഥം'—എന്ന വാക്കിന്നു പുസ്തകമെന്നു അർത്ഥമുണ്ടു്. ഗ്രഥ് എന്ന ധാതുവിന്നു് കൂട്ടിച്ചേർക്കുക എന്നാണല്ലോ അർത്ഥം. ഗ്രന്ഥത്തിലെ പടലങ്ങൾ സൂത്രംകൊണ്ടു് കൂടിച്ചേർത്തിട്ടുള്ളതുകൊണ്ടു് അതിന്നു് ഇതു് ഒരു നാമമായി ഭവിച്ചു.

ഈ രണ്ടുവാക്കുകളും ഈ അർത്ഥത്തിൽത്തന്നെയാണ് പുരാണഗ്രന്ഥങ്ങളിൽ ഉപയോഗിച്ചു കാണുന്നതു്. ഈ അർത്ഥമാകട്ടെ ഗ്രന്ഥനിർമ്മാണത്തിൽ തങ്ങളുടെ ഉപയോഗംകൊണ്ടു് ലഭിച്ചിട്ടുള്ളതുകൊണ്ടും, ലിപി ഇല്ലാത്ത കാലത്തു് ഈ ഉപയോഗമില്ലാത്തതുകൊണ്ടും, ഈ വാക്കുകൾ ബ്രാഹ്മണങ്ങളിൽ കൂടി ഉപയോഗിച്ചു് കാണുന്നതുകൊണ്ടും, ബ്രാഹ്മണങ്ങൾ ഉത്ഭവിച്ചകാലത്തു്, അതായതു് ബി. സി. ൧൦൦൦-ത്തിനു് മുമ്പു്, ലിപി ഇന്ത്യയിൽ, ആൎയ്യന്മാരുടെ ഇടയിൽ, ധാരാളമായി നടപ്പുണ്ടായിരുന്നിരിക്കണം.

4. "അക്ഷരം"—ഈ ഊഹത്തെതന്നെയാണു് "അക്ഷര"മെന്നപദവും വെളിവാക്കുന്നതു്. ഇതിന്റെ അൎത്ഥം ക്ഷരത്തോടുകൂടാത്തതു് അല്ലെങ്കിൽ നാശത്തോടുകൂടാത്തതു് എന്നാണു്. ഈ വാക്കു് അന്വൎത്ഥമായിട്ടുതന്നെയാണു് സാധാരണ'ക്ഷര'മെന്ന അൎത്ഥത്തിൽഉപയോഗിക്കുന്നതു്. ഈ അൎത്ഥത്തിൽതന്നെയാണു് ഈ വാക്കു പാണിനീയം ഗ്രന്ഥത്തിലും ഋക്കു് യജുസ്സു് സംഹിതകളിലും, പ്രാതിശാഖ്യങ്ങളിലും ഉപയോഗിച്ചിട്ടുള്ളതു്. വായുസ്വരൂപമായിരിക്കുന്ന വൈഖരീനാദം, അതായതു് നാം സംസാരിക്കുമ്പോൾ കേൾക്കുന്ന ശബ്ദം, ലിപിമുഖേനയല്ലാതെ എങ്ങിനെയായാലാണു് നാശമില്ലാത്തതായി ഭവിക്കുന്നതു്? ഇപ്രകാരമല്ലെങ്കിൽ ശബ്ദത്തിനു 'ക്ഷര' ത്വമല്ലാതെ 'അക്ഷരത്വം' കിട്ടുവാൻ വഴിയില്ലാത്തതാണെന്നു് ചില പാശ്ചാത്യപണ്ഡിതശിരോമണികൾ അഭിപ്രായപ്പെടുന്നു. ഈ മതം സ്വീകാൎയ്യയോഗ്യമാണെങ്കിൽ ലിപി,സംഹിതകളോളംതന്നെ പ്രായം ചെന്നതാണെന്നുള്ള സംഗതി സ്വീകരിക്കാതെ കഴികയില്ല.

വസ്തുസ്ഥിതി ഇങ്ങിനെ ഇരിക്കെ ബി. സി. ൯-ാം നൂററാണ്ടിൽ ഭാരതവൎഷത്തിൽ ലിപി തീൎച്ചയായും നടപ്പായിരുന്നുവെന്നു ഊഹിക്കാം. ഭിന്നാഭിന്നവൎഗ്ഗമായി ഇന്ത്യയെ ആക്രമിച്ചു പിടിച്ചടക്കി പാൎപ്പിടമാക്കിയ ആൎയ്യന്മാരുടെ ഈ ലിപി 'ഫൈറേനിയ' എന്ന സ്ഥലത്തു് പ്രചാരമുള്ളതും ഏകദേശം ബി. സി. ൧൦-ാംനൂററാണ്ടു് ആയപ്പോഴേക്കും ഉല്കൎഷം ലഭിച്ചിട്ടുള്ളതും ആയ ഫിനീഷ്യൻ, അല്ലെങ്കിൽ

സെമിററിക്ക് ഭാഷയിൽ ൨൨ അക്ഷരങ്ങൾ മാത്രമെ ഉള്ളൂ. എന്നാൽ ബ്രിഹ്മിസംബന്ധിയായ ദേവനാഗരിയിൽ പാണിനി ൪൯ അക്ഷരങ്ങൾ ഉപയോഗിക്കുന്നതായി കാണുന്നുണ്ട്. സെമിററിക്ക് ഭാഷയിൽ ഇല്ലായിരുന്നതായ അനവധി ശബ്ദങ്ങൾ സംസ്കൃതത്തിൽ ഉണ്ടായിരുന്നതുകൊണ്ട് അതിൻെറ ആഗമനപൂർവ്വംതന്നെ ഇന്ത്യയിൽ നടപ്പുണ്ടായിരുന്ന ലിപിയിൽ നിന്ന് ഏതൽ ശബ്ദങ്ങളെ സൂചിപ്പിക്കുന്ന അക്ഷരങ്ങളെ കടം മേടിച്ചിരിക്കണമെന്നും അതുമിതും കൂട്ടിച്ചേർത്തുണ്ടാക്കിയതായിരിക്കണം ദേവനാഗരി ലിപി എന്നും ഇപ്രകാരം ഉണ്ടായിട്ടുള്ള ഈ ലിപി പാണിനിയുടെ കാലത്ത് ജനങ്ങളുടെ ഇടയിൽ പ്രചാരത്തോടു കൂടിയതായിരുന്നിരിക്കണം എന്നും വേണം വിചാരിപ്പാൻ. എന്തുകൊണ്ടെന്നാൽ ഫിനീഷ്യൻ ലിപി ഇന്ത്യയിലേക്ക് കൊണ്ടുവന്നിട്ട്, കുറഞ്ഞതു ഇരുനൂറ് സംവത്സരങ്ങൾക്ക് ശേഷം മാത്രമെ പാണിനി ജീവിച്ചിരുന്നിട്ടുള്ളൂ.

മേൽ പ്രസ്താവിച്ച സംഗതികളിൽ നിന്ന് തിച്ച്യയായും തെളിയുന്നതെന്തെന്നാൽ, ലിപി എന്ന വിദ്യ പാണിനിയുടെ കാലത്ത്, പക്ഷെ അതിന് മുമ്പും, ഇന്ത്യയിൽ നടപ്പുണ്ടായിരുന്നു വെന്നാണല്ലോ. ഈ ലിപി ദേവനാഗരി തന്നെ ആയിരിക്കണം. ഇനി ഈ അവസരത്തിൽ ആലോചിക്കേണ്ടതു് ദേവനാഗിരി ലിപിയുടെ ഉത്ഭവത്തെക്കുറിച്ചാകുന്നു.

പ്രൊഫസ്സർ ബ്രൂളർ എന്ന മഹാൻ പൗരാണിക ഭാരതവർഷത്തിൽ രണ്ടുവിധം ലിപി നടപ്പുണ്ടായി

രുന്നുവെന്നഭിപ്രായപ്പെടുന്നു. ഇവയിൽ ഒന്ന് അഫ്ഗാനിസ്റ്റാനിലെ കിഴക്കേ ഭാഗങ്ങളിലും പഞ്ചാബിലെ വടക്കേഭാഗങ്ങളിലും ൫൦൦ ബി. സി—൨൦൦ എ. ഡി. ഇക്കാലങ്ങളിൽ നടപ്പുണ്ടായിരുന്ന "ഖരോഷ്ടി" എന്ന ലിപിയാകുന്നു. ഇതു് സെമിററിക്ക് വർഗ്ഗക്കാരുടെ ഒരു ശാഖയായ അർമീനിയന്മാരിൽനിന്ന് ലഭിച്ചിട്ടുള്ളതായിരിക്കണം. വടക്കൻ പഞ്ചാബിൽ ജനിച്ചു വളർന്നിട്ടുള്ള പാണിനി ഈ ലിപിയെക്കുറിച്ച് അറിഞ്ഞിട്ടില്ലായിരുന്നു എന്ന്. അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽനിന്ന് തെളിയുന്നു ഇതിന്റെ കാരണം ഈ ലിപി അദ്ദേഹത്തിന്റെ കാലത്തു് അവിടെ നടപ്പില്ലായിരുന്നതുതന്നെ ആയിരിക്കണം. ഇതിൽനിന്ന് പാണിനി ബി. സി. ൫൦൦-ന് മുമ്പ് ജീവിച്ചിരുന്നിരിക്കണമെന്നും, ദേവനാഗിരി ഇതിൽ നിന്ന് ഉത്ഭവിച്ചതല്ലെന്നും തെളിയുന്നു.

പാണിനിയുടെ വിവരണങ്ങൾ ബ്രാഹ്മിലിപിയെ സംബന്ധിച്ചിട്ടുള്ളതാകുന്നു. ഈ ബ്രാഹ്മിലിപി തന്നെ ആയിരിക്കണം ഭാരതവർഷീയരുടെ മാതൃലിപി. എന്തുകൊണ്ടെന്നാൽ ഇതിൽ നിന്നാകുന്നു ഇപ്പോൾ ഇവിടെ പ്രചാരമുള്ള സകല ലിപികളുടേയും ഉത്ഭവം. ഇതു സാധാരണമായിട്ട് ഇടത്തുനിന്ന് വലത്തോട്ട് ആകുന്നു എഴുതിക്കാണുന്നതു്. എന്നാൽ അതിന്റെ യൌവനാവസ്ഥയിൽ അതു് നേരെ മറിച്ചായിരുന്നു എന്ന് ഇയ്യിടെ കണ്ടുപിടിച്ച ചില നാണ്യങ്ങളിൽ നിന്ന് തെളിയുന്നു. ഇപ്രകാരമുള്ള ഈ ലിപിയുടെ അടിസ്ഥാനമായിട്ടുള്ളതു്

ഏകദേശം ബി. സി. ൮൯൦-ൽ അസ്സിറിയാ എന്ന രാജ്യത്തു് ഉപയോഗിച്ചു വന്നിരുന്നതും, കട്ടികളിലും, ശിലാദികളിലും മാത്രം കാണാവുന്നതും ആയ പഴയ വടക്കൻ സെമിററിക്ക്, അല്ലെങ്കിൽ ഫിനിഷ്യൻ ലിപിയാണ്. ഇതു ഇന്ത്യയിലേയ്ക്കു് കൊണ്ടു വന്നതു് മെസ്സെപ്പൊട്ടേമിയ വഴിയായി ഇവിടെ വന്നു് കച്ചവടം ചെയ്തിരുന്ന വ്യാപാരികളായിരിക്കണം. ഇതു് ഉദ്ദേശം ബി. സി. ൮൦൦-ന്നു് മുമ്പു മായിരിക്കണം.

ബി. സി. മൂന്നാം നൂററാണ്ടിൽ ഉള്ള ചില ലേഖനങ്ങളിൽ രണ്ടു വിധം ലിപി കാണുന്നുണ്ടു്. ഇവയെ വടക്കൻ ലിപിയെന്നും തെക്കൻലിപിയെന്നും വിളിച്ചുവരുന്നു. ഇന്ത്യയിലെ പൌരാണിക ലിപിയോടു കൂടി കലന്നിട്ടുള്ളതും, പാണിനിമഹർഷി അറിഞ്ഞിരുന്നതും, ഉപയോഗിച്ചിരുന്നതും, സംസ്കൃത ഭാഷയുടെ ഏകലിപിയായി ക്രമേണ പ്രസിദ്ധിയും, പ്രചാരവും സമ്പാദിച്ചതും, ഫിനീഷ്യൻ ലിപിയിൽ നിന്നു് ഉത്ഭവിച്ച ഈ ബ്രാഹ്മിലിപിതന്നെയാണ്. ഇതിനെത്തന്നെയാണ് 'വടക്കൻ ലിപി' എന്നു വിളിച്ചുവരുന്നതു്. വടക്കേ ഇന്ത്യയിൽ നടപ്പുള്ള സംസ്കൃതോല്പത്തിയോടുകൂടിയ ഭാഷകളുടെ ലിപികളും ഇതിൻെറ ഒരു വികാരം മാത്രമാണ്. തെക്കൻലിപി-അതായതു് അസംമിശ്രമായ ഭാരതീയലിപി-ഇതിൽ നിന്നുണ്ടായിട്ടുള്ളതാകുന്നു. കർണ്ണാടകലിപിയും തെലുങ്കലിപിയും, ദേവനാഗരി അസംമിശ്രമായിട്ടുള്ളതാകുന്നുവെന്നും,

അതു് ഭാരതവൎഷത്തിൽതന്നെ ജനിച്ചുവളൎന്നുണ്ടായിട്ടുള്ളതാണെന്നും ചില നവീനന്മാർ അഭിപ്രായപ്പെടുന്നു. എങ്കിലും ഈ മതം പ്രായേണ സിദ്ധാന്തിതം ആയി സ്വീകരിക്കപ്പെടാത്തതിനാൽ ഈ അവസരത്തിൽ അതിനെപ്പററി പ്രതിപാദിക്കുന്നില്ല.

---

# III. പാണിനി

വ്യാകരണ ശാസ്ത്രത്തിൻെറ മൂലാധാരമായ "അഷ്ടാദ്ധ്യായി" എന്ന ഗ്രന്ഥത്തിൻെറ കൎത്താവായ സാക്ഷാൽ ഭഗവാൻ പാണിനി മഹൎഷിയെക്കുറിച്ചു് കേൾക്കാത്തവർ ദുൎല്ലഭമായിരിക്കും. എന്നാൽ അദ്ദേഹത്തിൻെറ ജന്മഭൂമി ഏതാണെന്നും, അദ്ദേഹം ഏതുകാലത്താണു് ജീവിച്ചിരുന്നതെന്നും മററുമുള്ള ചരിത്രസംബന്ധമായ വിഷയത്തെപ്പററി അറിയുന്നവർ വളരെ ഉണ്ടോ എന്നു സംശയമാണു്. അതുകൊണ്ടു് ഈ വിഷയങ്ങളെപ്പററി ഒരു ഉപന്യാസം അനാവശ്യമായി വരുമെന്നു് തോന്നുന്നില്ല.

അദ്ദേഹത്തിൻെറ ജന്മദേശത്തെപ്പററി നമുക്കു് കുറച്ചുമാത്രമെ അറിവുള്ളു. വിദ്വജ്ജനം, പശ്ചിമോത്തര ഇന്ത്യയിലായിരിക്കണം ഇദ്ദേഹത്തിന്റെ ജനനമെന്നഭിപ്രായപ്പെടുന്നു. 'ഹയോൻസാങ്'

എന്ന ചീനദേശത്തുകാരൻ, ഇദ്ദേഹം 'ഫോനൊലൂല്' എന്ന സ്ഥലത്താണ് ജനിച്ചതെന്ന് പ്രതിപാദിക്കുന്നു. ചീനഭാഷയിലുള്ള ഈ വാക്കിന്റെ അർത്ഥം 'ശിലാതുര്യ്' എന്നാണ്. ഈ പട്ടണവും പശ്ചിമോത്തര ഇന്ത്യയിലാണ്. പാണിനിയെ ചിലസ്ഥലങ്ങളിൽ 'ശിലാതുര്യൻ' എന്നു വിളിച്ചു കാണുന്നുണ്ട്. ശിലാതുര്യ് എന്ന ശബ്ദം ഭാഷ്യത്തിൽ കാണപ്പെടുന്നില്ല. എന്നാൽ അവിടെ അദ്ദേഹത്തെ 'ദാക്ഷീപുത്രൻ' എന്നാണ് വിളിച്ചുവരുന്നത്. ഈ ദാക്ഷികുടുംബവും പശ്ചിമോത്തര ഇന്ത്യയിൽത്തന്നെയാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളതു്. പാണിനിവ്യാഖ്യാതാക്കന്മാർ അദ്ദേഹത്തിന്റെ പൂർവ്വികന്മാരുടെ വാസസ്ഥലമായി ഗണിച്ചിട്ടുള്ളതും ഈ പ്രദേശത്തെത്തന്നെയാണ്. ബുദ്ധമഹർഷിയുടെ ജന്മദേശമായ ഈ സിദ്ധഭൂമിയെ സന്ദർശിക്കുവാനായി ചീനാരാജ്യത്തിൽ നിന്നു് വന്നിട്ടുള്ള തീർത്ഥയാത്രക്കാരും ഇദ്ദേഹത്തെ പശ്ചിമോത്തരനിവാസികളായ ഗാന്ധാരന്മാരിൽ ഒരുവനായിട്ടാണ് ഗണിച്ചിട്ടുള്ളതു്. വൈയാകരണമതാനുസാരേണ വ്യാകരണശാസ്ത്രത്തിന്റെ 'ജന്മഭൂമിയും പശ്ചിമോത്തര ഇന്ത്യയാണ്.

ഈ അഭിപ്രായങ്ങളെ താരതമ്യപ്പെടുത്തിനോക്കുന്നതായാൽ ഭഗവാൻ പാണിനിമഹർഷി വാസ്തവത്തിൽ പശ്ചിമോത്തരദേശത്തുകാരനാണെന്ന് തീർച്ചയാകുന്നു. അവിടെത്തന്നെ പക്ഷെ 'ശിലാതുര്യ്' എന്നുള്ള പട്ടണത്തെയാണ് തന്റെ ജനനം

കൊണ്ടു് അലങ്കരിച്ചിരിക്കുന്നതെന്നുള്ളതു് മുക്കാലും തീച്ച്തന്നെ.

ഇനി ആലോചിക്കേണ്ട സംഗതി അദ്ദേഹത്തിൻെറ ജീവകാലമാണു്. കാലനിണ്ണയത്തിൽ പാശ്ചാത്യന്മാർ പ്രധാന ലക്ഷ്യങ്ങളായി അംഗീകരിച്ചിട്ടുള്ളവ ൧. കഥാസരിൽ സാഗരം. ൨. രാജതരംഗിണി, ൩. ചീനദേശത്തുകാരായ തീത്ഥവാസികളുടെ വിവരങ്ങൾ, ൪. സൂത്രങ്ങൾ, വാത്തികങ്ങൾ, മഹാഭാഷ്യം. ഈ ലക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തിട്ടുള്ള ഊഹങ്ങളെപ്പററി പ്രതിപാദിക്കുന്നതിനുമുമ്പു് ഇവ എത്രത്തോളം വിശ്വാസയോഗ്യങ്ങണെന്നാലോചിക്കേണ്ടതാകുന്നു.

ഇവയിൽ ഒന്നും രണ്ടും വാസ്തവത്തിൽ തന്നെ 'കഥാസാഗരങ്ങ'ളാകുന്നു. അങ്ങിനെ ഇരിക്കെ ചരിത്രവിഷയങ്ങളെ പ്രതിപാദിക്കുന്ന അവസരത്തിൽ ഇവയെ ലക്ഷ്യങ്ങളായി സ്വീകരിക്കുന്നതു് ചരിത്രകാരന്മാക്കു് യോഗ്യമായിട്ടുള്ളതല്ല. ഇതിനുംപുറമെ ഇവയെ സ്ഥിരമായി ഉപയോഗിക്കാറുമില്ല. അവയിലുള്ള ചില സംഗതികളെ സ്വീകരിക്കുകയും, ബാക്കിയുള്ളതിനെ തള്ളിക്കളയുകയും അപരങ്ങളെ കൂട്ടിച്ചേക്കുകയും ചെയ്തു് ഈ വിധത്തിൽ ഊഹിച്ചെടുത്തിട്ടുള്ളതു ദൈവഗത്യാ ശരിയായിട്ടുള്ളതാണെങ്കിലും ന്യായപ്രകാരം വിശ്വാസയോഗ്യമല്ല. ചീനക്കാരുടെ ലേഖനങ്ങൾ ഇതിലും കശയാണു്. ഒന്നാമതു് അവ ഐതിഹ്യാവലംബികളാണു്. രണ്ടാമതു് അവ വേണ്ടുംവണ്ണം പരിശോ

ധിച്ച് പൂർവ്വാപരവിരുദ്ധങ്ങളായിട്ടുള്ളവയെ തിരസ്കരിച്ച് സംസ്കരിച്ചിട്ടുള്ളവയല്ല: ആയതുകൊണ്ട് സന്ദേഹ സാഗരത്തിൽ മുങ്ങിപ്പൊങ്ങുന്ന ചീനദേശിയരുടെ ലേഖനങ്ങളും ഈ അവസരത്തിൽ ഉപയുക്തങ്ങളായി ഭവിക്കുന്നില്ല. ഇങ്ങനെ അനുപയുക്തങ്ങളായവയെ നീക്കിയാൽപിന്നെ നമുക്കുള്ള ലക്ഷ്യങ്ങൾ സൂത്രവാത്തികമഹാഭാഷ്യങ്ങൾ മാത്രമാണ്.

ക്രിസ്ത്വബ്ദത്തിന്നു മുമ്പുകഴിഞ്ഞിട്ടുള്ള സംഗതികളിൽ മൂന്ന് സംഗതികളെമാത്രമെ വാസ്തവത്തിൽ സന്ദേഹരഹിതങ്ങളായി സ്വീകരിച്ചിട്ടുള്ളു. ബുദ്ധന്റെ സ്വർഗ്ഗാരോഹണം ബി. സി. അഞ്ചൂറാം നൂററാണ്ടിന്റെ പ്രഥമദശയിലാണ്. മാക്സ് മുള്ളരുടെ അഭിപ്രായം അതു് ബി. സി. ർ൭൨-ലാണെന്നാണ്. ചന്ദ്രഗുപ്തന്റെ സ്വർഗ്ഗാരോഹണം ബി. സി. നാലാംനൂററാണ്ടിന്റെ പ്രഥമദശയിൽ ആയിരിക്കണം (൩൨൦-൩൦൦). അലക്സാണ്ടർ ഇന്ത്യയെ ആക്രമിച്ചതു്. ബി. സി. ൩൨൭-ൽ ആണ്. ഈ ആക്രമണം നന്ദരാജകുടുംബത്തിലെ ഒടുവിലത്തെരാജാവിന്റെ കാലത്താണ്. ഈ രാജാവിനെത്തന്നെയാണ് ചന്ദ്രഗുപ്തൻ തോപ്പിച്ച് രാജ്യഭ്രഷ്ടനാക്കിയതു്. ഈ നിർഭാഗ്യവാനായരാജാവിന്റെ സഭാംഗങ്ങളിലെ പ്രധാനിയായിരുന്നു വാത്തികകത്താവായ കാത്യായനമഹഷി.

പാണിനിമഹഷിയുടെ കാലത്താണ് വൈദികഭാഷയും ലൌകികഭാഷയും തമ്മിൽ പിരിഞ്ഞു്

രണ്ടും രണ്ടായതു്. എങ്കിലും വേർപിരിഞ്ഞിട്ടു് അപ്പോഠം അധികം കാലം കഴിഞ്ഞിരുന്നില്ല. എന്തുകൊണ്ടെന്നാൽ ഇപ്പോഠം വൈദിക ഭാഷയിൽ മാത്രം കാണുന്ന ഉദാത്താനുദാത്താദി സ്വരവ്യത്യാസം പാണിനി ഉപയോഗിച്ചിരുന്നു. സംസ്കൃതഭാഷയിൽ കാണപ്പെടുന്ന സകല ഗ്രന്ഥങ്ങളും പാണിനിയെ അനുസരിച്ചുണ്ടായിട്ടുള്ളവയാണെന്നുള്ളതു് നിർവ്വിവാദംതന്നെ. കാത്യായന മഹർഷിയുടെ വാർത്തികങ്ങഠം പാണിനിയുടെ ശേഷമുണ്ടായിട്ടുള്ള ഭാഷയുടെ വൃദ്ധിയെ തെളിവാക്കുന്നു. അങ്ങനെ അല്ലെങ്കിൽ പാണിനിയുടെ കീർത്തിക്കും നൈപുണ്യത്തിന്നും ഹാനി വരേണ്ടതായിരുന്നു. അഷ്ടാദ്ധ്യായിയിൽ ഏകദേശം നാലായിരംസൂത്രങ്ങളുണ്ടു്. ഇവയെ വ്യാഖ്യാനിക്കുന്ന കാത്യായനൻ ഏകദേശം പതിനായിരം വാർത്തികങ്ങഠം എഴുതീട്ടുണ്ടു്. ഇതിന്റെ അർത്ഥം എന്തെന്നാൽ പാണിനി ഏകദേശം പതിനായിരം തെററു് വരുത്തീട്ടുണ്ടെന്നാണല്ലോ. അങ്ങനെ ഇരിക്കെ പാണിനിയുടെ അനല്പമായിരിക്കുന്ന കീർത്തിക്കു് നാം കാരണം കാണുന്നില്ല. രണ്ടാമതു് പാണിനിയുടെ കാലത്തു് സാധുശബ്ദങ്ങളായിരുന്ന വാക്കുകഠം കാത്യായനന്റെ കാലത്തു് ആർഷങ്ങളായിത്തീർന്നിട്ടുണ്ടു്. മൂന്നാമതു് ഇവയിൽ ചില വാക്കുകഠംക്കു് അർത്ഥവ്യത്യാസവും വന്നിട്ടുണ്ടു്.

ആശ്ചര്യം പാണിനിക്കു് അനിത്യം—കാത്യായനന്നു് അത്ഭുതം. നാലാമതു് പാണിനീയങ്ങളായ ചില ശബ്ദങ്ങഠം ദുർല്ലഭങ്ങളായി ഭവിച്ചിട്ടുണ്ടു്.

൭. പ്രത്യവസാനം (ഭക്ഷിക്കുക)

൮. ഉപസംവാദം (കച്ചവടം ചെയ്യുക)

൯. ഋഷി (വേദം)

ഈ വാക്കുകൾ ഈ അർത്ഥത്തിൽ കാത്യായനമഹർഷി ഉപയോഗിക്കുന്നില്ല. ഈ സംഗതികൾ ഈ ഋഷിശ്രേഷ്ഠന്മാർ സമകാലികന്മാരല്ലെന്ന് തീർച്ചയായും തെളിവാക്കുന്നു.

ഇതിനും പുറമെ തത്വപ്രതിപാദകങ്ങളായിരിക്കുന്ന അനവധികൃതികൾ പാണിനിക്കുശേഷവും കാത്യായനന്ന് മുമ്പും ഉത്ഭവിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനമായിട്ടുള്ളത് ആരണ്യകങ്ങളാകുന്നു. ആരണ്യകമെന്നുവെച്ചാൽ പാണിനി, കാട്ടു സംബന്ധി എന്നു മാത്രമെ വിവക്ഷിച്ചിട്ടുള്ളു. കാത്യായനന്നാകട്ടെ ഇവ ഉപനിഷത്തുക്കളുടെ മാതൃഭൂതങ്ങളായ തത്വപ്രതിപാദകഗ്രന്ഥങ്ങളാകുന്നു. ഈ അർത്ഥം പാണിനി അറിഞ്ഞിരുന്നുവെങ്കിൽ വൈദികശിരോമണിയായ അദ്ദേഹം അതിനെ പറയാതിരിക്കുകയില്ലായിരുന്നു. ഇതിന്നും പുറമെ 'ശുക്ലയജുർവ്വേദം' 'വജസനേയിസംഹിത', 'ശതപഥബ്രാഹ്മണം' ഇവയേയും കുറിച്ച് അദ്ദേഹത്തിന്ന് അറിവില്ലായിരുന്നു. ബുദ്ധമഹർഷിയാൽ തന്റെ മതപരിഷ്കാരാസ്ത്രങ്ങൾക്കു ലക്ഷ്യമാക്കിത്തീർത്തിട്ടുള്ള ദർശനങ്ങളും പാണിനി അറിഞ്ഞിട്ടില്ലായിരുന്നു. ഇതിൽ നിന്ന് തീർച്ചയാകുന്നതെന്തെന്നാൽ പാണിനിയും ബുദ്ധമഹർഷിയും സമകാലിക

ന്മാരല്ലായിരുന്നു എന്നും, ബുദ്ധന് പൂർവ്വമായിരുന്നു പണിനിയെന്നും, അവർ തമ്മിൽ വളരെകാലാന്തരമുണ്ടെന്നും ആകുന്നു.

ആരണ്യകങ്ങൾ, ഉപനിഷത്തുകൾ, ഷട്ദശനങ്ങൾ ഇവ ഉത്ഭവിച്ചു നാട്ടിലെങ്ങും വ്യാപിച്ച് പ്രചാരം ലഭിക്കുവാൻ കുറച്ചുകാലം പോരാ എന്നുള്ള സംഗതി എല്ലാവൎക്കും അറിയാവുന്നതാകുന്നുവല്ലോ.

നവീനാഭിപ്രായം, ഇതിന്നു് കുറയാതെ ഇരുന്നൂറ് സംവത്സരങ്ങളോളം വേണം എന്നാണു്. ഈ അഭിപ്രായം സ്വീകരിക്കുന്നപക്ഷം ബുദ്ധമുനിയുടെ കാലത്തിന്നു് ഇരുന്നൂറിൽ കുറയാതെ കൊല്ലങ്ങൾക്കു് മുമ്പായിരിക്കണം പാണിനി ജീവിച്ചിരുന്നതു്. അദ്ദേഹത്തിന്റെ സ്വൎഗ്ഗാരോഹണമാകട്ടെ, ഉദ്ദേശം ൪൱-ബി. സി-യിലാണു്. അങ്ങനെയാണെങ്കിൽ പാണിനി ൪൱+൨൦൦ അല്ലെങ്കിൽ ൬൱- ബി. സി. ഈ കാലങ്ങളിലാണു് ജീവിച്ചിരുന്നതു്. മുൻപു് പ്രസ്താവിച്ച പ്രകാരം കാത്യായനമഹൎഷി ൩൫൦-ബി. സി-ക്കു ശേഷമായിരിക്കണം ജീവിച്ചിരുന്നതു്. ഈ കാലവ്യവസ്ഥ സ്വീകാരയോഗ്യമാണെങ്കിൽ സൂത്രകാരനും വാൎത്തികകാരനും തമ്മിൽ ഉദ്ദേശം ൨൫൦-കൊല്ലത്തോളം അന്തരമുണ്ടു്. ഭാഷയുടെ വൃദ്ധി നിമിത്തം ഉണ്ടായിട്ടുള്ളതും തന്നിമിത്തം തന്റെ സൂത്രങ്ങൾക്കു് ഗോചരമാക്കി ചെയ്യുവാൻ പാണിനിക്കു് ദുസ്സാദ്ധ്യമായിട്ടുള്ളതും അതുകൊണ്ടു് അപാണിനീയമായതുമായ അനേകം

ശബ്ദസ്വരൂപങ്ങൾ ഉണ്ടാകുവാൻ ഇടയായി. ഇവ സാധുശബ്ദങ്ങളായിരുന്നതുകൊണ്ടു് ഇതു് പാണിനിയുടെ ന്യൂനതയാണെന്നു് വെച്ചിട്ടാണു് കാത്യായനമഹർഷി വാർത്തികങ്ങൾ എഴുതിയതു്. ഈ ഭാഷാവൃദ്ധിതന്നെയാണു് പാണിനിയുടെ അന്യൂനമായ കീർത്തിക്കും കാരണം.

മേൽപറഞ്ഞ സംഗതികളെക്കൊണ്ടു് പാണിനിമഹർഷി ഏകദേശം ൭൦൦, ൬൦൦ ബി. സി. ഈ സംവത്സരങ്ങൾക്കിടയിൽ ജീവിച്ചിരുന്നിട്ടുണ്ടായിരിക്കണം. ഇതാകുന്നു നവീനന്മാരുടെ അഭിപ്രായം. പ്രാചീന പാശ്ചാത്യപണ്ഡിതന്മാരുടെ മതം ഇപ്രകാരമല്ല. അവരുടെ അഭിപ്രായത്തിന്റെ ഗുണദോഷനിരൂപണം യഥാവസരം ചെയ്യുന്നതാണു്.

സ്ത്രീപ്രത്യയവിധാനാവസരത്തിൽ പാണിനി 'ഇന്ദ്രവരുണ' ഇത്യാദി ഒരു സൂത്രം പഠിപ്പിച്ചിട്ടുണ്ടു്. ഇന്ദ്രവരുണ, ഇത്യാദിശബ്ദങ്ങളിൽ നിന്നു് 'ങീഷ്' എന്ന പ്രത്യയം വരുമ്പോൾ തൽ പൂർവ്വമായി 'അനുക്' എന്നൊരാഗമനം വരും എന്നാണു് ഈ സൂത്രത്തിന്റെ അർത്ഥം. ഈ സൂത്രത്തിൽ അനുഗാഗമം വരുന്ന ശബ്ദങ്ങളുടെ പരിഗണനമാണു് അദ്ദേഹം ചെയ്തിട്ടുള്ളതു്. ഈ ഗണനത്തിൽ 'യവന' എന്നൊരു പദമുണ്ടു്. അനുഗാഗമവും, ങീഷും വരുത്തി സിദ്ധിക്കുന്നരൂപം 'യവനാനി' എന്നാണു്. വാർത്തികകാരനാകട്ടെ, യവനാനി എന്ന ശബ്ദത്തിനു് യവനന്മാരുടെ ലിപി എന്നാണു് അർത്ഥമെന്നഭിപ്രായപ്പെടുന്നു. യവനൻ എന്നുവെച്ചാൽ ഗ്രീക്കു

കാരനാകുന്നുവെന്നും, അവരുടെ ലിപിയ്ക്കു് ഹിന്ദുസ്ഥാനത്തിൽ പ്രചാരം ലഭിച്ചതു് അവരുടെ ആഗമനാനന്തരമാണെന്നും, ആയതു് ബി. സി. ൩൨൬-ൽ ആയതുകൊണ്ടു് പാണിനി ബി. സി. ൩൨൬-ന്നു് ശേഷമാകുന്നു ജീവിച്ചിരുന്നതു് എന്നും ചില പാശ്ചാത്യപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

കാത്യായനമഹർഷി തന്റെ ആശയത്തെ വെളിവാക്കുന്നതു് 'യവനാൽ ലിപ്യാം' എന്നുള്ള വാർത്തികം കൊണ്ടാണു്. വാർത്തികം സാധാരണ മൂന്നുവിധം. ൧. സ്പഷ്ടീകരണവാർത്തികം, ൨. പൂരണവാർത്തികം, ൩. നിയമനവാർത്തികം. നമ്മൾ ആലോചിക്കുന്ന വാർത്തികം സ്പഷ്ടീകരണവാർത്തികമാണെങ്കിൽ മാത്രമെ പൂർവ്വം പ്രസ്താവിച്ച പൂർവ്വപക്ഷത്തിന്നു ബലമുള്ളു. അങ്ങിനെ അല്ലെങ്കിൽ, അതായതു് പൂരണവാർത്തികമൊ, നിയമനവാർത്തികമൊ ആണെങ്കിൽ, പാണിനി യവനാൽ ലിപ്യാമെന്നർത്ഥം വിവക്ഷിക്കാത്തതുകൊണ്ടു് യവനന്മാരുടെ ആഗമനത്തിന്നുമുമ്പു് അദ്ദേഹം ജീവിച്ചിരുന്നുവെന്നതിൽ അബദ്ധമില്ലല്ലോ.

പാണിനിയുടെ വിവക്ഷയും യവനന്മാരുടെ ലിപി എന്നിരിക്കട്ടെ. എന്നാൽ യവനപദംകൊണ്ടു് ഗ്രീക്കുകാരെയാണൊ വിവക്ഷിച്ചിട്ടുള്ളതു് എന്നു സംശയമാണു്. യവനൻ എന്നതു് ഗ്രീക്കുഭാഷയിൽ അയോനിയൻ എന്നാണു്. ഗ്രീക്കുകാർ അന്യോന്യം അയോനിയൻ എന്നു് വിളിക്കാറില്ല. അവർ ഉപയോഗിച്ചിരുന്ന നാമധേയം ഹെല്ല

നീസ് എന്നാണ്. ആയതുകൊണ്ട് ഹിന്ദുക്കൾ അവരെ ഇപ്രകാരം വിളിച്ചിരുന്നു എന്ന വാദത്തിന്നു ന്യായം പോരാ. രണ്ടാമത് യവനൻ എന്ന പദം ജവനൻ എന്നതിന്റെ ഒരു വികൃതിയാണ്. യവനൻ എന്നു വച്ചാൽ യവേന—അല്ലങ്കിൽ ജവേന—പോകുന്നവൻ എന്നാണത്ഥം. ഈ പദംകൊണ്ട് വിവക്ഷിച്ചിട്ടുള്ളതു്, കപ്പലിൽക്കേറിവന്നു ഹിന്ദുക്കളുമായി കച്ചവടം ചെയ്തിരുന്ന അറബികളൊ, കുതിരപ്പുറത്ത് കേറിവന്ന് കച്ചവടം ചെയ്തിരുന്ന പേർസ്യാക്കാരൊ ആവാനാണ് അധികം ന്യായം. ഇതുതന്നെയാകുന്നു പ്രൊഫസ്സർ "ലാസ്സൻ" എന്ന ജർമ്മന്റെയും, "രാജേന്ദ്രലാലമിത്രൻ" എന്ന പണ്ഡിതന്റേയും അഭിപ്രായം. ചിത്രമെഴുത്തിൽ നിന്നുത്ഭവിച്ചിട്ടുള്ള "ഹൈറൊഗ്ലിഫിക്ക്" ലിപിവംശത്തിൽ പെട്ടിട്ടുള്ള ഹിന്ദുക്കളുടെ ലിപിയായ ദേവനാഗരി യവനന്മാരുടെ ലിപിയായ 'കുനേയിഫാറം' എന്ന ലിപിയിൽ നിന്ന് ഏററവും വ്യത്യാസമുള്ളതായിരുന്നു. അതുകൊണ്ട് അതിനെ പ്രതിപാദിക്കുവാനായി ഒരു പ്രത്യേക വാക്ക് ആവശ്യമാവുകയും, തൽശബ്ദനിഷ്പത്തിക്കു ഒരു പ്രക്രിയ വേണ്ടിവരികയും ചെയ്തു.

ഗ്രീക്കുലിപി തന്നെയാണ് യവനാനി എന്ന പദം കൊണ്ടു വിവക്ഷിച്ചിട്ടുള്ളതു് എന്നു സമ്മതിക്കുന്നപക്ഷം തന്നെ ഗ്രീക്കുലിപിയെക്കുറിച്ച് പാണിനിക്കുള്ള ജ്ഞാനം ഇവരിൽ നിന്ന് സിദ്ധിക്കണമെന്നില്ല. ഈ ജ്ഞാനം, അറബികൾ, പെർസ്യക്കാർ ഇവർ മുഖേന ലഭിച്ചതായിരിപ്പാൻ

വയ്യാസ്സയില്ല. എന്തുകൊണ്ടെന്നാൽ ഇവർ ഗ്രീസുമായി വലിയ കച്ചവടം നടത്തിയിരുന്നു. ഇവക്ക് ഇന്ത്യയുമായിട്ടും വളരെ പുരാതനകാലത്തുതന്നെ കച്ചവടമുണ്ടായിരുന്നു എന്നുള്ളതിലേയ്ക്കു് തെളിവ് ധാരാളമുണ്ട്. നമ്മുടെ മാതൃഭൂമിയിൽ മാത്രം കാണപ്പെടുന്ന ആനക്കൊമ്പു്, കുരുമുളകു്, ചന്ദനം മുതലായ അർത്ഥത്തെ പ്രതിപാദിക്കുന്ന സെമിററിക്കു് ഭാഷയിലെ ശബ്ദങ്ങൾക്കു ദ്രാവിഡോല്പത്തി, വിദ്വാന്മാർ സ്വീകരിച്ചിട്ടുണ്ട്. ഇതിന്നും പുറമെ ബാബിലോനിയ എന്ന രാജ്യം മുഴുവനും പ്രഥമമായി ഏകാതപത്രത്തിൻകീഴിൽ കൊണ്ടുവന്നു് ഏകദേശം മുവ്വായിരം ബി. സി-ക്കു് മുമ്പിൽ ജീവിച്ചിരുന്ന 'ഏർയി അ' (Er-Ea) എന്ന രാജാവിനാൽ പണിയിപ്പിക്കപ്പെട്ടിട്ടുള്ളതും ഇതേവരെ മണ്ണിൻ കീഴിൽ കിടന്നിരുന്നതും, ഇയ്യിടെഖനനം ചെയ്തു കണ്ടു പിടിക്കപ്പെട്ടിട്ടുള്ളതും ചാൽഡിയന്മാരാൽ 'ഉർ' എന്നു് അഭിനന്ദിച്ചു ഘോഷിക്കപ്പെട്ടിട്ടുള്ളതും ആയ 'മുഘീർ' (Mughier) എന്ന നഗരത്തിൽ, ഭാരതവഷത്തിൽ മാത്രം വളൎന്നുകാണപ്പെടുന്ന തേക്കുമരം കൊണ്ടുള്ള പ്പണികൾ കാണപ്പെട്ടിട്ടുണ്ട്. ഇതിൽനിന്നു് തെളിയുന്നതു്, ബി. സി. മുവ്വായിരം കൊല്ലങ്ങൾക്കു് മുമ്പുതന്നെ ഈ ജാതിക്കാക്കു് ഇന്ത്യാരാജ്യവുമായി കച്ചവടമുണ്ടായിരുന്നുവെന്നാണു്. പാണിനി മുതലായ പൂർവ്വികന്മാക്കു് ഗ്രീക്കുകാരെക്കുറിച്ചുള്ള അറിവു് ഇവരിൽ നിന്നു് സിദ്ധിച്ചിട്ടുള്ളതായിരിക്കാം.

മേൽ പ്രസ്താവിച്ച കാരണങ്ങളെക്കൊണ്ടു് 'യവനാൽ ലിപ്യാം' എന്നുള്ള സൂത്രസ്പഷ്ടീകരണവാത്തികമെന്നു സ്വീകരിക്കുന്ന പക്ഷംതന്നെ, പാണിനിയെ നാലാം നൂററാണ്ടിൻെറ ആദ്യദശയിലേയ്ക്കു വലിച്ചിഴച്ചുകൊണ്ടു വരണമെന്നില്ല. ഇപ്രകാരമുള്ള ഉപപത്തിയെ സ്വീകരിക്കാതെ ബി. സി. ൩൨൭-ന് അനന്തരമാണു് പാണിനിയുടെ ജീവകാലം എന്നു തീച്ചയാക്കുന്നതായാൽ കാത്യായന മഹഷി, പാണിനിക്കുമുമ്പു് ജീവിച്ചിരുന്നുവെന്നു പറയേണ്ടതായിവന്നേക്കാം. വ്യാഖ്യാതാവു് ഗ്രന്ഥകത്താവിന്നുമുമ്പിൽ ജീവിച്ചിരുന്നുവെന്നതു് അസംഭവ്യമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

പാശ്ചാത്യപണ്ഡിതന്മാരിൽ ചിലർ പാണിനിയുടെ ജീവകാലം, ബുദ്ധന് ശേഷമായിരിക്കണം എന്നഭിപ്രായപ്പെടുന്നു. പാണിനി, തൻെറ ഗ്രന്ഥത്തിൽ ഭിക്ഷുസൂത്രങ്ങളെപ്പററി പറയുന്നുണ്ടെന്നും ഭിക്ഷുവർഗ്ഗത്തിൻെറ ഉൽപത്തി ബുദ്ധന്നു ശേഷമാണെന്നുമുള്ള സംഗതിയാണു് ഈ അഭിപ്രായത്തിന്നുകാരണം. എന്നാൽ ചില പാശ്ചാത്യപണ്ഡിതന്മാർ ഇവയെപ്പററി പ്രസ്താവിക്കുന്ന സൂത്രങ്ങൾ പാണിനീയമല്ലെന്നും, അവ അദ്ദേഹത്തിൻെറ പിൻഗാമികളാൽ ചേക്കപ്പെട്ടിട്ടുള്ളതാണെന്നും പറയുന്നുണ്ടു്. ഇവ പാണിനീയങ്ങളാണെന്നു് സ്വീകരിക്കുന്നപക്ഷവും ഇദ്ദേഹത്തിൻെറ ജീവകാലം മാററണമെന്നില്ല. ഭിക്ഷുക്കൾ ബുദ്ധമഹഷിക്കുപൂർവ്വംതന്നെ ധാരാളമുണ്ടായിരുന്നുവെന്നുള്ള

ത്തു് ഭിക്ഷുക, ഭിക്ഷു, ഭൈക്ഷ ഇവയെപ്പററി പ്രസ്താവിക്കുന്ന സൂത്രങ്ങളിൽനിന്നു് നിസ്സംശയം തെളിയുന്നു. ഇവരിൽ പുരാതനകാലത്തുതന്നെ അനവധി വൎഗ്ഗക്കാരുമുണ്ടായിരുന്നു. ഇവരുടെ ദൈനംദിനകൎമ്മാദിനിയമനം മാത്രമേ ബുദ്ധമുനിയാൽ ചെയ്യപ്പെട്ടിട്ടുള്ളൂ. ഇവർ സാംഖ്യമതാവലംബികളും; ഈ സാംഖ്യമതം പാണിനിക്കു് പൂൎവ്വം തന്നെ ഉണ്ടായിട്ടുള്ളതും ആണു്. ആയതുകൊണ്ടു് ഈ പൂൎവ്വപക്ഷവും നമ്മുടെ വ്യവസ്ഥയെ മാററുന്നതിലേയ്ക്കു് കാരണമായി ഭവിക്കുന്നില്ല.

ഭിന്നാഭിപ്രായങ്ങൾക്കു് അടിസ്ഥാനമായിട്ടുള്ളവ മേൽ പ്രസ്താവിച്ച സംഗതികളാകുന്നു. ഇവയെ അവലംബിച്ചു തുങ്ങിക്കിടക്കുന്ന അഭിപ്രായങ്ങളെ ഓരോന്നോരോന്നായി എടുത്തു കാണിക്കുന്നതു് വളരെ ആവശ്യമുള്ളതായി തോന്നുന്നില്ല. ഇവിടെ പ്രതിപാദിച്ചിട്ടുള്ള മതം പാശ്ചാത്യപണ്ഡിതശിരോമണിയായ പ്രൊഫസർ ഗോൾഡ് സ്റ്റക്കർ എന്ന വിശ്രുതനായ വിദ്വാൻെറ അഭിപ്രായാനുസാരേണ ആണു്. ഈ അവസരത്തിൽ കാത്യായനമഹൎഷിയുടെ കാലനിൎണ്ണയവുംകൂടി ചെയ്തിട്ടുണ്ടു് എന്നുള്ളതു് പ്രത്യേകം എടുത്തു പറയേണ്ടല്ലോ. അദ്ദേഹം ഏകദേശം ബി. സി. ൩൦൦-നും ൩൫൦-നും ഇടയിൽ ജീവിച്ചിരിക്കണം, എന്നാണു് നവീനന്മാരുടെ മതം.

## IV. കവിത

''കേഷാംനൈഷാകഥയകവിതാകാമിനീ കൌതുകായ.'

അതുകൊണ്ടുതന്നെ കവിതാകാമിനിയുടെ ഇപ്പോഴത്തെ അവസ്ഥ വളരെ ശോചനീയമായിത്തീൎന്നു. വേണമെങ്കിൽ ഒരു ചരമംതന്നെ തയ്യാറാക്കാം. ഏററവും മനോഹരയായ ഈ തരുണീമണി ചില മൂഢന്മാരായ വിടന്മാരുടെ കയ്യിലകപ്പെട്ടു ദുഃഖിക്കുന്നു. പക്ഷെ, ഇതു തീരെ ഇവളുടെ കുററമല്ലെന്നു പറവാൻ തരമില്ല; ഒരു പരിഷ്കാരഭ്രമത്തിൻെറ ഫലമായിരിക്കാം. കാമിവൎയ്യന്മാരായ ചില മഹാന്മാർ മടിയിലിരുത്തി ഇവളെ ലാളിക്കുമ്പോഴും 'ഇവനെന്തൊരപരിഷ്കാരി! അവനോ എന്തു രസികൻ! തീൎച്ചയായും അവൻെറ അടുക്കൽ അധികം രസം ഉണ്ടാവാം' എന്ന് ഈ നാരീരത്നത്തിനു തോന്നി. എന്നിട്ട്, 'പണ്ടങ്ങുണ്ടിട്ടിരിക്കുന്നവനൊരു വിളി തോന്നീടിനാൻ ദൈവയോഗാൽ' എന്ന മാതിരി, ഇവളും, എഴുന്നേററു പുറപ്പെട്ട്, ചില പച്ചപ്പരിഷ്കാരികളെ ചെന്നാശ്രയിച്ച്, ഇപ്പോഴും, പുലിവാല് പിടിച്ചപോലെ, തിണ്ടാടുന്നു.

തനിക്കു കിട്ടേണ്ടതു കിട്ടി; തോന്നേണ്ടതു തോന്നി. ഇനിയും ഈ സ്ത്രീരത്നം ഇമ്മട്ടുഴലുന്ന പക്ഷം ദശമദശയെ പ്രാപിച്ചേക്കാം. ഇതു നിവാരണം ചെയ്യേണ്ടതാണ്. ഒരുവന്നു പാണിഗ്രഹണം ചെയ്തുകൊടുക്കുക എന്നു തീൎച്ചയാക്കുകയാണെങ്കിൽ

അതിന്നനുരൂപനായ വരനില്ലാത്തതുകൊണ്ട സാദ്ധ്യമല്ല എങ്കിലും, അനുരൂപനായ വരനില്ലെന്നു വെച്ചിട്ട തരുണിയെ ആരും ഉപേക്ഷിക്കാറോ, കൊല്ലാറോ പതിവില്ല. അതുപോലെ തന്നെ, യോഗ്യകവിയില്ലെന്നുവെച്ച് കവിതയെ യഥേഷ്ടം സഞ്ചരിക്കുവാനനുവദിക്കുകയോ, ഉപേക്ഷിക്കുകയോ, അനർഹനായവന്നു കൊടുക്കുകയോ ചെയ്യുന്നതു് തൽപിതൃസ്ഥാനീയന്മാരായ ഭാഷാഭിമാനികൾക്കുചിതമല്ല. യോഗ്യതയും, കുലവും, ജാതകവും ചേൎന്ന വരൻ വന്നെത്തിക്കുമ്പോൾ ഈ തരുണീമണിയെ വിവാഹംചെയ്തു കൊടുക്കാം. അതില്ലെ; ഒരു വിധവയായിത്തന്നെ ഇരുന്നോട്ടെ. വല്ല മാംഗളികന്മാരുടെയും കയ്യിലകപ്പെട്ടു് ഇവൾ ഉഴലുന്നതു് ഇവൾക്കും നമുക്കും ശ്രേയസ്സിന്നായിക്കൊണ്ടല്ല. അതുകൊണ്ടു് മാനഹാനിയും, സൌഭാഗ്യാതിശയന്യൂനതയും ഉണ്ടാകാത്തവിധത്തിൽ ഒരു ചട്ടവട്ടമിട്ടു് അവളെ കൊണ്ടുനടക്കേണ്ടതു് നമ്മുടെ എല്ലാവരുടേയും മുറയാണു്.

കവിത എന്നു വെച്ചാലെന്തു്? (1) ഏക ദേശം നീളമൊപ്പിച്ച് നാലു പാദങ്ങളായി എഴുതീട്ടുള്ളതോ അച്ചടിച്ചിട്ടുള്ളതോആണോ? ചില പ്രയോഗങ്ങൾ നോക്കിയാൽ ഇങ്ങിനെ ഭ്രമിക്കാൻ വഴിയുണ്ടു്. ഇതു് 'ഞാനും പെണ്ണു, രംഭയും പെണ്ണു്, എന്താവ്യത്യാസം', എന്ന ഭ്രമംപോലെയാണു്. ഇതു തീൎക്കുവാൻ നമ്മളാളല്ല. (2) പ്രാസവുംഅക്ഷരധാടിയും നല്ലവണ്ണമുള്ളതും തല കുലുക്കി രംഗത്തിൽ ചൊല്ലാവുന്നതുമായാൽ കവിതയാകുമോ? ഇതു കവിതയാ

ണെങ്കിൽ, സ്ത്രീവേഷം കെട്ടിയിട്ടുള്ള ആണും പെണ്ണാണ്. (3) ഇതൊക്കെയുമുണ്ട്; വൃത്തവുമൊത്തിട്ടുണ്ട്; അലങ്കാരങ്ങളുമുണ്ട്. ഇത്രയുമുണ്ടെങ്കിൽ കൂടി മൃതയായ ഒരു ലാവണ്യവതിയുടെ ശവം.

ചൊല്ലുവാൻ ബഹുസുഖം, ശബ്ദധാടി ബഹുകലശല്, പ്രാസം രസികൻ, പ്രായേണ എന്തോ ഒരത്ഥവുമുണ്ട്. (ഉചിതമോ അനുചിതമോ എന്നത്രയ്ക്കു നോക്കേണമെന്നില്ല)—ഇത്രയുമുണ്ടെങ്കിൽ, നല്ല കവിതയായി എന്നാണ് ഇപ്പോഴത്തെ വെപ്പു്. ഒരു അത്ഥാലങ്കാരവുംകൂടി ഉണ്ടായാൽ ഉത്തമംതന്നെ. പച്ചയായിട്ടിങ്ങനെ പറയുന്നതായാൽ, ഇപ്പോഴത്തെ കവിവയ്യന്മാക്ക് അത്രയ്ക്കേ രസിക്കുകയുള്ളൂ. കഷ്ടം! എന്തു ചെയ്യാം, അവരുടെ കവിതയിൽ നമുക്ക് അത്രയ്ക്കേ രസവുമുള്ളൂ. വസ്തുസ്ഥിതി ഇങ്ങിനെയാണെന്നുള്ളതിലേയ്ക്കു മഹാകവിപ്രയോഗവും നമുക്ക് അനുകൂലംതന്നെയാണ്. പൂർവ്വപക്ഷം മുട്ടിച്ചോദിക്കുന്നപക്ഷം ഉത്തരം 'ഇമിറ്റേറഷൻ' കവികളിലുംകൂടി രസം ഉണ്ടെന്നു സമ്മതിക്കേണ്ടിവന്നേക്കാം. പക്ഷെ ഈ രസം നവരസങ്ങളിൽപ്പെട്ടതല്ല, 'നവ'രസംതന്നെയാണ്. അതുകൊണ്ടുതന്നെയായിരിക്കുമോ ആധുനിക കവിതയുടെ ഉൽകഷം? ആവോ.

മേൽപ്പറഞ്ഞ പ്രകാരമുള്ളതൊന്നും കവിതയല്ല. രസാത്മകമായിട്ടുള്ള വാക്യത്തെ മാത്രമേ കവിത എന്നു പറയുവാൻ പാടുള്ളു എന്നാണ് ആലംകാരികന്മാരുടെ മതം. ഇതുതന്നെയാണ് സ്വീകാരയോഗ്യമായിട്ടുള്ളതു് എന്നു പ്രത്യേകം പറയേ

ണ്ടതില്ലല്ലോ. പക്ഷേ; പൂവ്പക്ഷക്കാരൻ ഇങ്ങനെ ചോദിച്ചേക്കാം. 'ലക്ഷണപ്രകാരം കവിതയിൽ ഇന്ന രസം വേണമെന്നുണ്ടോ? ഏതെങ്കിലും രസം മതി എന്നുള്ള പക്ഷം (ഈ മതം സമ്മതിക്കാതെ കഴിയുകയും ഇല്ല.) ആധുനിക 'ഇമിറേഷൻ' കവിതകളും കാവ്യംതന്നെയാണ്. എന്തുകൊണ്ടെന്നാൽ, ശൃംഗാരാദിരസങ്ങൾ ഇല്ലെങ്കിലും, നിങ്ങൾ പറയുംപ്രകാരം ഇതിൽ ഹാസ്യരസമുണ്ടോ?' ശരി, ഹാസ്യരസമുണ്ട്. ഒരു ദോഷം മാത്രമേയുള്ളൂ. കവിവിവക്ഷിതമായിട്ടുള്ള രസം ഇതല്ല. അതു ശൃംഗാരമോ, കരുണമോ മറേറാ ആയിരിക്കും. സഹൃദയന്മാരാസ്വാദിക്കുന്നതാകട്ടെ ഹാസ്യരസമാണ്. രണ്ടാമത്, കാവ്യങ്ങളിൽ രസാലംബനം നായകാദികളാണ് നമ്മുടെ പൂർവ്വപക്ഷിയുടെ മതത്തിൽ പ്രധാനമായ ആലംബനം കവി തന്നെയാണ്. അതുകൊണ്ട് ഇപ്രകാരമുള്ളതൊന്നും കാവ്യമല്ല; കാവ്യാഭാസവും കൂടിയല്ല.

രസാത്മകം വാക്യം കാവ്യം. വാക്യമെങ്ങിനെയാണ് കാവ്യമാകുന്നത്? നാലു പാദങ്ങളിൽ കുത്തിക്കോത്തു നിത്തിയാലേ കാവ്യമാവുള്ളൂ എന്നില്ല. അങ്ങിനെ ഒരു നിബന്ധനയുമില്ല. ഇതു കേവലം ഒരു കവി സമ്പ്രദായമെന്നു മാത്രമേയുള്ളൂ. ഈ മതം സ്വീകരിക്കാതെ ഇരിക്കുന്നു എങ്കിൽ, 'കാദംബരി' എങ്ങനെ കാവ്യമാകും'? അറിവില്ലെങ്കിൽ വേണ്ട. പക്ഷെ, ആലംകാരികന്മാർ സകലരും ഇതിനെ കാവ്യമായിട്ടാണ് ഗണിച്ചുവരുന്നത്. അവരൊക്കെ വിഡ്ഢികള്, നമ്മളൊക്കെ പരമയോഗ്യര്, എന്തുപറ

യുന്നു! എന്നിരിക്കിലും ആലങ്കാരികന്മാരുടെ മതമാണ് സ്വീകാരയോഗ്യമായി തോന്നുന്നതു്. ഏറക്കുറെ പാശ്ചാത്യപണ്ഡിതന്മാരും ഈ മതത്തോടുകൂടി യോജിക്കുന്നുണ്ടു്. അതുകൊണ്ടു് പരിഷ്കാരത്തിന്നു വിരോധവുമില്ല.

വാക്യമെന്നുവെച്ചാലെന്തു്? സംപൂൎണ്ണാൎത്ഥത്തെ പ്രതിപാദിക്കുന്ന പദസമൂഹമാണ് വാക്യം. ഇങ്ങിനെ പറയുന്നതായാൽ, രഘുവംശാദികാവ്യങ്ങളിൽ അനവധി വാക്യങ്ങൾ ഉള്ളതുകൊണ്ടു് അനവധി കാവ്യങ്ങൾ ഉണ്ടാകുമല്ലോ. ഇങ്ങിനെ അനവധി കാവ്യങ്ങൾ ഉള്ളതുകൊണ്ടോ അതിനെ മഹാകാവ്യമെന്നു പറഞ്ഞുവരുന്നതു്? പക്ഷെ സംപൂൎണ്ണതയുള്ള ദിക്കിലൊക്കെ വാക്യത്വത്തേയും തന്നിമിത്തം കാവ്യത്വത്തേയും ഘടിപ്പിക്കുവാൻ നടന്നാൽ കുഴങ്ങുകയേയുള്ളൂ. യഥാശക്തി ഒരു സമാധാനവുംകൂടി പറയാം. ഒരു മഹാകാവ്യത്തിൽ അനവധി വാക്യങ്ങൾ ഉണ്ടെന്നുവന്നാൽതന്നെ എന്താ വിരോധം? പക്ഷെ, അനവധി വാക്യങ്ങൾകൊണ്ടുമാത്രം മഹത്വം കിട്ടുന്നതല്ല. അതു തൽഗതമായ ഉൽകൎഷംകൊണ്ടു മാത്രമേ ലഭിക്കുകയുള്ളൂ. ഈ മഹത്വമാകട്ടെ രസസംകൃതമായിട്ടുള്ളതുതന്നെയാണെന്നു മാത്രം ധരിച്ചാൽ മതി. അതാണ് ശരിയായിട്ടുള്ളതു്.

വേറെ ഒരു സമാധാനംകൂടി പറയാം. അൎത്ഥം പലതുമാവാം. അതായതു്, ഇതു് ഒരു വസ്തുവോ, അലംകാരമോ, ഒരു രസമോ ആവാം. ഇവയെ സംബന്ധിച്ച സംപൂൎണ്ണതയുള്ള ദിക്കിലേ നമുക്കു്

വാക്യത്വം ഘടിപ്പിക്കുവാൻ പാടുള്ളു. രഘുവംശത്തിൽ ത്രിവിധരൂപമായ അൎത്ഥത്തിന്റെ സംപൂൎണ്ണത അതിലെ ഒട്ടുക്കത്തെ ശ്ലോകംകൊണ്ടു മാത്രമേ ലഭിക്കുന്നുള്ളു; അതായതു് ഒരു ദിക്കിൽ മാത്രമേയുള്ളു. അതുകൊണ്ടു് ഇതിൽ അനവധി കാവ്യങ്ങൾ ഇല്ല. ഉണ്ടാവാൻ തരവുമില്ല. ഓരോ ശ്ലോകത്തിലും കാണുന്ന സംപൂൎണ്ണത തൽഗതമായിട്ടുള്ളതും പൂൎവ്വാപരസംബന്ധവിശിഷ്ടമായിട്ടുള്ളതല്ലാത്തതും ആകുന്നു. ചുരുക്കിപ്പറയുന്നതായാൽ, പൂൎവ്വപക്ഷി ചൂണ്ടിക്കാണിച്ച സംപൂൎണ്ണത വ്യാകരണസമ്മതമായിട്ടുള്ളതാണു്; ആലങ്കാരികസമ്മതമായിട്ടുള്ളതല്ല.

ഇപ്രകാരമുള്ള സംപൂൎണ്ണതയോടുകൂടിയതാണു് വാക്യം. ഇങ്ങിനെയുള്ള യാതൊരു വാക്യത്തിന്നാണോ രസാത്മതയുള്ളതു്, അതായയ്, യാതൊരു വാക്യത്തിലാണോ രസം ആത്മാവായിട്ടു് സ്ഥിതി ചെയ്യുന്നതു്, ആ വാക്യം കാവ്യമാകുന്നു.

ഇവിടെ ഒരു ക്ഷണം വിരമിച്ചു് കാവ്യപദം കൊണ്ടു് വ്യവഹൃതമായ വസ്തു എന്തെന്നു ഒന്നുകൂടി സ്പഷ്ടമാക്കിപ്പറയാം. കാവ്യമെന്നു കേട്ട ഉടൻ ബുദ്ധിസ്ഥമായ വസ്തു അനവധി പദ്യങ്ങളോടുകൂടിയ ഒരു പ്രബന്ധമാണു്. ചില വിശേഷജ്ഞന്മാൎക്കു് പദ്യങ്ങളുടെ സമൂഹമെന്നാണു് ജ്ഞാനം. പക്ഷെ, ഇങ്ങനെ രണ്ടു വിധത്തിലുമാവണമെന്നില്ല. ഒരു ശ്ലോകമായാലും മതി. ഒരുഗദ്യമായാലും മതി. അതും കാവ്യംതന്നെയാണു്. കാവ്യത്വമുണ്ടായിരിക്കണ

മെന്ന ഏക നിബന്ധന മാത്രമേയുള്ളൂ. ഈ കാവ്യത്വമില്ലെങ്കിൽ, ബാക്കി എന്തുതന്നെ ഉണ്ടായിരുന്നാലും അതു കാവ്യമാകുന്നതല്ല. അതായത്, കാവ്യപദംകൊണ്ടു പ്രതിപാദിക്കപ്പെടുന്ന വസ്തുവിന്ന് എണ്ണവും വണ്ണവും ഇത്ര വേണമെന്നില്ല. 'ഇത്തിരിയുള്ള' 'ശ്രദ്ധമേ' അനുഷ്ടുപ്പായാലും വേണ്ടതില്ല, അതിഗംഭീരനായി ഒരു മുഴം നീണ്ടുകിടക്കുന്ന സ്രഗ്ദ്ധരയായാലും വേണ്ടതില്ല, ഒരു ശ്ലോകമായാലും സഹസ്രം ശ്ലോകമായാലും വേണ്ടതില്ല, കാവ്യത്വമുണ്ടെങ്കിൽ, അതു കാവ്യമാകുന്നു.

ഇങ്ങനെ 'രസാത്മകം വാക്യം കാവ്യം' ഇത്രയും പറഞ്ഞതുകൊണ്ടു് കാവ്യമെന്നുവെച്ചാൽ എന്താണെന്നുള്ളതു സാധാരണ്യേന എല്ലാവൎക്കും മനസ്സിലായിരിക്കുമല്ലോ. ഈ തത്വത്തെ മനസ്സിൽവെച്ച് ആധുനികഭാഷാകൃതികൾ വായിക്കുന്ന ഏവനും ലലനാലലാമഭൂതയായിരിക്കുന്ന കവിതാകാമിനിയുടെ ദുർദ്ദശാവിപാകത്തെപ്പററി സഹതപിക്കാതേയും, അനുശോചിക്കാതേയും ഇരിക്കുകയില്ലെന്നുള്ളതു നിർവ്വിവാദംതന്നെ. ഇത്രയും പറഞ്ഞതുകൊണ്ടു് ഭാഷാകവി എന്നു പേർ നേടിട്ടുള്ളവരോ, അപ്രകാരം നടിക്കുന്നവരോ, ആരുംതന്നെ നല്ല 'കാവ്യ' മെഴുതീട്ടില്ലെന്നോ, അവർ എഴുതിയിട്ടുള്ള കവിതകളിൽ കാവ്യത്വം ഇല്ലെന്നോ അഭിപ്രായപ്പെടുന്നില്ല. പ്രാചുര്യേണ അധികം മറിച്ചാണ് എന്നു മാത്രമേയുള്ളൂ.

കാവ്യം, അതിന്റെ ജീവാംശംപോലെ ഇരിക്കുന്ന രസം, ഇവയുടെ സ്വരൂപമെന്തെന്നു സാമാന്യേന പറഞ്ഞുകഴിഞ്ഞു. ഈ അവസരത്തിൽ രണ്ടു വാക്കു പറയുവാൻപോകുന്നതു് കാവ്യഭാഷയേയും മററും കുറിച്ചാണു്.

ഭാഷയെ അവലംബിച്ചിരിക്കുമ്പോൾ മാത്രമേ കാവ്യത്തിനു സൽഭാവമുള്ളു. അവയവങ്ങളുടെ കാന്തികൊണ്ടും, ആസ്ഥാനവിശേഷംകൊണ്ടും, ശോഭാവഹങ്ങളായ അലംകാരങ്ങളെക്കൊണ്ടും, എങ്ങനെയാണൊ ഒരു തരുണീമണിക്കു ലാവണ്യാതിശയം ഉണ്ടാകുന്നതു്; അപ്രകാരംതന്നെ, സാധുശബ്ദങ്ങളെക്കൊണ്ടും, അവയുടെ പ്രയോഗവൈശിഷ്ട്യം കൊണ്ടും, അലങ്കാരങ്ങളെക്കൊണ്ടും ഒരു കാവ്യം പ്രശോഭിക്കുന്നു. ഇതു സകല സഹൃദയന്മാക്കുമനുഭവസിദ്ധമായിട്ടുള്ളതാണല്ലൊ. ഇങ്ങിനെ ഇരിക്കെ, ഭാഷാകൃതമായിട്ടു് ഒരു കാവ്യത്തിനു് ഒരു സൌന്ദയ്യാതിശയം ലഭിക്കാവുന്നതും ലഭിക്കുന്നതുമാണു്. ഈ തത്വം മനസ്സിൽവെച്ചാണു് ആലംകാരികന്മാർ ശബ്ദത്തിനുകൂടി കാവ്യലക്ഷണത്തിൽ ഒരു സ്ഥാനം കൊടുത്തിരിക്കുന്നതു്.

മലയാള കവിതയെകുറിച്ചു പറയുന്ന അവസരങ്ങളിൽ, ഭാഷാഭിമാനികൾ സാധാരണ ഉപയോഗിക്കുന്നതു 'ഭാഷാകാവ്യം' 'ഭാഷാനാടകം' എന്നും മററുമാണു്. ഇതിന്റെ അത്ഥമെന്തെന്നു നല്ലവണ്ണം മനസ്സിലാകുന്നില്ല. ഭാഷാ എന്ന പദം ഒരു സർവ്വനാമമാകുന്നു. ഈ പദംകൊണ്ടു സകല

ഭാഷയേയും വ്യവഹരിക്കാവുന്നതുമാകുന്നു. അപ്പോൾ ഭാഷാകാവ്യം എന്നുവെച്ചാലെന്താണ് അൎത്ഥം? ഭാഷാകാവ്യമെന്നുവെച്ചാൽ "ഭാഷയിലുള്ള" അല്ലെങ്കിൽ "ഭാഷായുടെ" കാവ്യമെന്നൎത്ഥം. രണ്ടാമത്തെ അൎത്ഥം സ്വീകരിക്കുന്ന പക്ഷം ഭാഷ കൎത്താവോ ഉടമസ്ഥനോ ആയിത്തീരുന്നു. ഇതു തീരെ അസംബന്ധമാണെന്നു പ്രത്യേകം പറഞ്ഞിട്ടാവശ്യമില്ലല്ലൊ. ഭാഷയിലുള്ള കാവ്യമെന്നു പറഞ്ഞാൽ അസംബന്ധാൎത്ഥപ്രലാപിതമൊന്നുമില്ല. ഇതു രണ്ടു വിധത്തിലാവാം: ഒന്നുകിൽ, ഭാഷയിൽ എഴുതീട്ടുള്ളതു്; അല്ലെങ്കിൽ ഭാഷാവിഷയമായിട്ടുള്ളതു്. ആദ്യത്തെ അവയവാൎത്ഥം സ്വീകരിക്കുന്നുവെങ്കിൽ, നാമധേയം നിരൎത്ഥകമാണ്; എന്തുകൊണ്ടെന്നാൽ, സകല കാവ്യങ്ങളും ഭാഷയിൽത്തന്നെയാണ് എഴുതീട്ടുള്ളതു്. ഈ നാമകരണമെന്തുപോലെയെന്നാൽ, ഇതരമനുഷ്യരിൽനിന്നു യാതൊരു ഭേദവുമില്ലാത്ത ഒരു മനുഷ്യനെ 'മനുഷ്യനെ'ന്നു വിളിക്കുന്നതുപോലെയാണ്. ഭാഷാകവിത എന്നു പറഞ്ഞതുകൊണ്ടു് മലയാളകവിതയെ ഇതരഭാഷകളിലുള്ള കവിതകളിൽനിന്നു തിരിച്ചറിയുവാൻ സാധിക്കുന്നതല്ല. ഇതിനും പുറമെ ഒരു സർവ്വനാമത്തെ വിശേഷനാമമാക്കി ഉപയോഗിക്കുന്നതിലേയ്ക്കു് ഇവിടെ കാരണവും പ്രയോജനവും ഇല്ല. രണ്ടാമത്തെ മതം നോക്കുന്നതായാൽ, ഭാഷാകവിത എന്ന നാമധേയത്തിന് അസംഭാവ്യമെന്ന ദോഷമുണ്ടു്. പക്ഷെ ഒരു ഭാഷാഭിമാനി ഇങ്ങനെ തൎക്കിച്ചേക്കാം. വല്ല കവികളും ഭാഷയെക്കുറിച്ചു വല്ല കവിതയും എഴുതീട്ടുണ്ടായിരിക്കാം. എന്നാൽ അസംഭവ

മില്ലല്ലോ. ശരി, അങ്ങിനെ ഉണ്ടെന്നുള്ള പക്ഷം അതിവ്യാപ്തിയെന്ന ദോഷമുണ്ട്. അതുകൊണ്ട് ഈ മതവും സ്വീകാരയോഗ്യമല്ല.

ഇങ്ങിനെ ഇരിക്കെ 'ഭാഷാകാവ്യ'മെന്നു പറയുന്നതുകൊണ്ട് മലയാളകാവ്യമെന്നൎത്ഥം കിട്ടുമോയെന്നു സംശയമാണ്. പക്ഷെ, ഈ അൎത്ഥത്തിൽ ഇതു് ഉപയോഗിച്ചും കാണുന്നുണ്ട്. ഈ പ്രയോഗത്തിൻെറ പ്രധാനമായ കാരണം അഭിമാനമായിരിക്കാം. അഥവാ ലോപംവന്നിട്ട് സത്യഭാമ 'ഭാമ' ആയതുപോലെയും കൌസല്യ 'കൌസാ' ആയതുപോലെയും, ദേവദത്തൻ ദത്തനായതുപോലെയും 'മലയാളഭാഷാകവിത' 'ഭാഷാകവിത' യായിത്തീൎന്നതായിരിക്കാം. അതൊ ഇതും ഒരു പരിഷ്കാരഫലമാണോ?

'ഭാഷാകവിത' എന്നു പറയപ്പെടുന്ന നമ്മുടെ കവിത വായിച്ചുനോക്കിയാൽ, ആദ്യമായുണ്ടാകുന്ന രസം അത്ഭുതമാകുന്നു. മലയാളകവിത വായിക്കുവാൻ വ്യാമോഹത്തോടുകൂടി ഒരു മലയാള കാവ്യം വായിച്ചുതുടങ്ങിയാൽ, ഒന്നാമതായി മനസ്സിലാകുന്നതു് അതിലെ ഭാഷ മലയാളമല്ലെന്നാണ്. ചുരുക്കിപ്പറയുന്നതായാൽ, മലയാളകവിത മലയാളഭാഷയിലല്ല. ആദ്യത്തെസംശയം, ഇതു സംസ്കൃതത്തിലാണൊ എന്നാണ്. പക്ഷേ ഒരു ശ്ലോകം കഴിയുമ്പോഴേക്ക് അങ്ങനെ അല്ലെന്നു തീൎച്ചയാകും. നമ്മുടെ കവിതയ്ക്കും ഇതരഭാഷയിലുള്ള കവിതയ്ക്കും തമ്മിലുള്ള പ്രധാനമായ വ്യത്യാസം ഇതുതന്നെയാണെന്നാണ് ഞങ്ങളുടെ അഭിപ്രായം.

പക്ഷെ ഇതുതന്നെയായിരിക്കാം നമ്മുടെകവിതയെ ഭാഷാകവിത എന്നു വിളിക്കുവാനുള്ള പ്രധാനകാരണം. അഥവാ ഇതും ജഗൽഗുരു ആദിശങ്കരാചാൎയ്യസ്വാമികൾ ഏൎപ്പെടുത്തീട്ടുള്ള അനാചാരങ്ങളിൽ ഒന്നാണോ? ആവോ.

കാരണമെന്തായിരുന്നാലും ഭാഷാകവിത മലയാളത്തിലല്ല. തൽഫലമായിട്ടു സാധാരണ മലയാളികൾക്കു ഈ 'അവിൽഭാഷ' അത്ര വേഗത്തിൽ മനസ്സിലാകുവാൻ സാധിക്കുന്നതല്ല. 'ഇമിറേഷൻ' കവിതകളുടെ വൎത്തമാനം ഇനി പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഉത്തമകവികളുടെ 'അവിൽഭാഷയ്ക്കു' ചില സ്വാദൊക്കെയുണ്ട്. പക്ഷെ 'ഇമിറേഷൻ'കാരുടെ കയ്യിൽപ്പെടുമ്പോൾ ഭാഷയ്ക്കു് എരിവു സഹിക്കവയ്യാ. എങ്കിലും കുട്ടികളെയാമെന്നു വെയ്ക്കുകയാണെങ്കിൽ കുഷ്ഠം വേവാത്തതുമാണു്. പത്തൊമ്പതാം നൂററാണ്ടിന്റെ മദ്ധ്യഭാഗങ്ങളിൽ ജീവിച്ചിരുന്ന ഇംഗ്ലണ്ടിലെ കവിസാൎവ്വഭൗമനായ 'വില്യംവേഡ്സ്വൎത്ത്' നമ്മുടെ ഭാഷാകവിത വായിച്ചിരുന്നുവെങ്കിൽ കാവ്യഭാഷയ്ക്കും ലൗകികഭാഷക്കും തമ്മിൽ യാതൊരു ഭേദവുമില്ലായെന്നുള്ള തന്റെ മതത്തെ അത്ര ബുദ്ധിമുട്ടി സ്ഥാപിക്കാൻ പുറപ്പെടുകയില്ലായിരുന്നു.

ആംഗ്ലേയരായ സഹൃദയന്മാർ ഈ മതത്തെ ഖണ്ഡിക്കുന്നതു് നമ്മുടെ ഭാഷാകവിത വായിച്ചിട്ടായിരിക്കുമോ?

മലയാളഭാഷാകവിതയ്ക്കു് ഈ അവിൽഭാഷ അവശ്യം ആവശ്യമാണൊ എന്നും എത്രമാത്രം

ഭംഗിയായിട്ടുള്ളതാണെന്നും മററുമുള്ള കാൎയ്യം "ഭാഷാഭിമാനി" യല്ലാത്ത എനിക്കു പറയുവാൻ സാധിക്കുന്നതല്ല. അതു തീൎച്ചയാക്കുവാൻ ഞാൻ അർഹനുമല്ല. എങ്കിലും ഒരു സഹൃദയന്നു് ഇതിലെ രസം അനുഭവിക്കുവാൻ ബുദ്ധിമുട്ടാണെന്നാണു് ഞങ്ങളുടെ അഭിപ്രായം. ഇതരഭാഷയിലെ കാവ്യങ്ങൾ ചിലതുമാത്രം വായിച്ചിട്ടുള്ള ഒരാൾക്കും മലയാളകവിതയ്ക്കു മാത്രം ഇങ്ങനെ വിചിത്രമായൊരു 'വെങ്കലഭാഷ' വേണമെന്നുള്ള നമ്മുടെ വിനിവഹത്തിൻെറ ഈ നിബന്ധനയുടെ അൎത്ഥമൊ സാരസ്യമോ മനസ്സിലാകുന്നതല്ല. "കേൾക്കുവാൻ സുഖമില്ല; ധാടി പോരാ; കവിത്വം കിട്ടില്ല" എന്നും മററുമുള്ള ഭാഷാഭിമാനിയുടെ ചില ന്യായങ്ങൾക്കു യാതൊരൎത്ഥവുമില്ല. കുറച്ചു സമ്മതിക്കാവുന്നതായ കാരണം ഇവക്കു് ഒന്നുമാത്രമേയുള്ളു. അതായതു് നമ്മുടെ മാതൃ ഭാഷയുടെ ദാരിദ്ര്യം നിമിത്തം ഉദ്ദിഷ്ടമായ അൎത്ഥം മുഴുവനും പച്ചമലയാളത്തിൽ വരുത്തുവാൻ സാദ്ധ്യമല്ല എന്നുള്ളതാണു്. പക്ഷെ സകല ഭാഷാകവിതകളിലും കാണുന്ന സംസ്കൃത പ്രാചുൎയ്യത്തിന്നു് ഇതു തക്കതായ ഒരു കാരണമാവില്ല.

സൂക്ഷ്മമായി ആലോചിക്കുന്നതായാൽ ഇതു് ഒരു കാരണമായി അംഗീകരിക്കുവാൻതന്നെ പാടില്ല. തുടക്കത്തിൽ ഒരു ഭാഷയും, സംസ്കൃതവും, സംപൂൎണ്ണമല്ല. ക്രമേണയും ആവശ്യമനുസരിച്ചും മാത്രമേ ഭാഷ പുഷ്ടിയെ പ്രാപിക്കയുള്ളൂ. ഒരൎത്ഥത്തെ വ്യവഹരിക്കുന്നവർ ശബ്ദമില്ലെന്നു വരുമ്പോൾഒക്കെ ഇതരഭാഷകളിൽ നിന്നു കടംമേടി

ക്കവാൻ തുടങ്ങിയാൽ ഭാഷയ്ക്ക് അധിക കാലതാമ സംക്രുടാതെ 'പാപ്പർ (നിർധന) ഹർജി' കൊടു ക്കേണ്ടിവരും. ഭാഷാഭിമാനികരം നിമിത്തം നമ്മുടെ ഭാഷ ഏകദേശം ഈ നിലയിൽ എത്തിത്തുടങ്ങി എന്നാണു തോന്നുന്നതു്. ഈ കടംമേടിക്കൽ തന്നെയാണു് ഭാഷയുടെ ദാരിദ്ര്യത്തിനു പ്രധാന മായ കാരണം. എന്നാണോ ഈ കടംമേടിക്കൽ നിൎത്തുന്നതു്, അപ്പോരംമാത്രമേ നമ്മുടെ മാതൃഭാ ഷയ്ക്കു് ഔന്നത്യം പ്രാപിക്കുവാൻ സാധിക്കയുള്ളൂ. ഭാഷയുടെ അവസ്ഥ ഇങ്ങിനെഇരിക്കെ മലയാള കവിത മലയാളഭാഷയിൽത്തന്നെ ആയിരിക്കണം എന്നു ഭാഷാകവികരം തീൎച്ചയാക്കുന്നപക്ഷം ഭാഷയുടെ ദാരിദ്ര്യം തീരുമെന്നാണു് തോന്നുന്നതു്. ബാക്കിയുള്ള വൎഗ്ഗ വായിച്ചാൽ വേഗത്തിൽ മന സ്സിലാകുകയും ചെയ്യും. അപ്പോരംമാത്രമേ മലയാ ളഭാഷാകവിത തൻെറ വേഷത്തിൽ പുറത്തിറങ്ങു കയുള്ളൂ. ഇപ്പോഴത്തേതാകട്ടെ തമിഴുമട്ടുംഇംഗ്ലീ ഷുമട്ടും രണ്ടും കൂട്ടിക്കലൎത്തി വേഷംകെട്ടി പുറ ത്തുവന്നിട്ടുള്ള ചായയുടെ പോലെയാണു്. ഇങ്ങി ണെയുള്ളതു തീരെ 'അസംബന്ധമാണെന്നുള്ളതു പ്രത്യേകം പറഞ്ഞിട്ടാവശ്യമില്ലല്ലോ.

ഇങ്ങിനെയുള്ള 'അവിൽഭാഷ' ഉപയോഗി ക്കുന്നതുകൊണ്ടു വേറെ ഒരു ദോഷവും കൂടിയുണ്ടു്. എന്തെന്നാൽ, സഹൃദയൻെറ ബുദ്ധിമുഴുവനും അനാവശ്യമായി വാച്യാൎത്ഥാവഗമത്തിന്നുവേണ്ടി ചെലവു ചെയ്യേണ്ടിവരുന്നു. അതുകൊണ്ടു രസ പ്രീതിക്കു വിഘ്നവും വന്നുചേരുന്നു. (—പക്ഷേ

രസമില്ലാത്തതുകൊണ്ടു പേടിക്കാനില്ല. ദോഷൌചിത്യവിഘടനംകൊണ്ടും പ്രസാദാഖ്യഗുണത്തിൻെറ അഭാവംകൊണ്ടും കാവ്യമാഭാസപ്രായമായിത്തീരുന്നു.)

ആയതുകൊണ്ട് മലയാളഭാഷയിലുള്ള കവിത മലയാളഭാഷയിൽ എഴുതുന്നതാണ് ഉചിതമായിട്ടുള്ളതും ഭംഗിയായിട്ടുള്ളതും. അപൂർവ്വം ചില ദിക്കിൽ സംസ്കൃതം ഉപയോഗിക്കേണ്ടിവരും. തദവസരങ്ങളിലാകട്ടെ സാധാരണമായിട്ടുള്ളതും അർത്ഥത്തിനു ക്ലേശമില്ലാത്തതുമായ പദങ്ങൾ മാത്രമേ ഉപയോഗിച്ചുകൂടൂ എന്നൊരു നിബന്ധനകൂടി നമ്മുടെ ഭാഷാഭിമാനികൾ വെയ്ക്കുന്നുണ്ടെങ്കിൽ, അതും ഭാഷയുടെ ശ്രേയസ്സിനായി ഭവിക്കുമെന്നുള്ളതിൻ സംശയമില്ല.

ഇനി ആലോചിക്കേണ്ടതു് കാവ്യത്തിനു പദ്യാകാരം അവശ്യമാവശ്യമായിട്ടുള്ളതാണോ എന്ന വിഷയമാകുന്നു. ചുരുക്കിപ്പറയുന്നതായാൽ ആവശ്യമില്ല. പദ്യാകാരമുള്ള ദിക്കിലെല്ലാം കാവ്യത്വമില്ലാത്തതുകൊണ്ടും, കാവ്യത്വമുള്ള സകല ദിക്കിലും പദ്യാകാരമില്ലാത്തതുകൊണ്ടും ഈ മതം തന്നെയാണ് സ്വീകാരയോഗ്യമായിട്ടുള്ളതെന്നാണ് ആലംകാരികന്മാരുടെ അഭിപ്രായം.

ഇങ്ങനെയിരിക്കെ കാവ്യത്തിൻെറയും പദ്യാകാരത്തിൻെറയും സംബന്ധമെന്താണെന്നാണ് ഇനി ആലോചിക്കേണ്ടതു്. കാവ്യത്തിനു പദ്യാകാരം ഒരലംകാരം മാത്രമാണെന്നാണ് ചിലരുടെ

അഭിപ്രായം; അതായതു് "ഈ വിശേഷം കാവ്യത്തിന്നു ശോഭാവഹമായിത്തീരുന്നു. അതു, ഭംഗിയായ വേഷം തരുണിമാരുടെ സൌന്ദൎയ്യത്തെ വൎദ്ധിപ്പിക്കുന്നതുപോലെയാണ്. ഈ തത്വം ആരാഞ്ഞറിഞ്ഞിട്ടാണല്ലോ നമ്മുടെ പ്രാചീന കവിവൎയ്യന്മാർ കാവ്യത്തെ ഈ വേഷത്തിൽ കെട്ടിച്ചമച്ചു പുറത്തിറക്കിയിരിക്കുന്നതു്. ഈ വേഷവിശേഷം കൊണ്ടു കാവ്യത്തിന്നു ചില പ്രത്യേകഗുണങ്ങൾ കിട്ടാവുന്നതാണ്. സംഗീതത്തിൽ എന്നപോലെയുള്ള സ്വരാദ്യൈക്യതകൊണ്ടു കിട്ടുന്ന സുഖശ്രുവണത; പദ്യാകാരസംബന്ധികളായ ചില നിബന്ധനകൾക്കു കീഴടങ്ങേണ്ടതു കാരണം ശബ്ദങ്ങൾ തിരഞ്ഞെടുക്കേണ്ടതുകൊണ്ടു് അവയ്ക്കു കിട്ടാവുന്ന സ്വച്ഛത; നൈസൎഗ്ഗികസ്ഥാനങ്ങളിൽനിന്നു വേർവിടത്തി പദങ്ങളെ ഇതരസ്ഥാനങ്ങളിൽ വെക്കുന്നതുകൊണ്ടു ലഭിക്കുന്ന ഒരാകൎഷണശക്തി; നിയമാനുസാരേണയുള്ള സ്ഥിതി ഹേതുവായിട്ടു് ഓൎമ്മ വെയ്ക്കുവാനുള്ള ഒരു സൌകൎയ്യം ഇപ്രകാരമുള്ള ഗുണങ്ങൾ പദ്യാകാരത്തിന്നു വേറെ ഇനിയും ധാരാളമുണ്ടു്. അവയെ ഗൌരവഭയം ഹേതുവായിട്ടു് ഇവിടെ പ്രത്യേകം പറയുന്നില്ല. ആകപ്പാടെ നോക്കുന്നതായാൽ, പദ്യാകാരം കാവ്യത്തിന്നു തീൎച്ചയായും ഒരു ഭൂഷണമാണ്.

ഇനി ഈ അവസരത്തിൽ രണ്ടുവാക്കു പറയേണ്ടതു കാവ്യഗതങ്ങളായ പദങ്ങളേയും തൽഗതങ്ങളായ ശബ്ദങ്ങളേയും കുറിച്ചാണ്. പദ്യങ്ങൾക്കു പ്രധാനമായി വേണ്ട ഗുണം സമൎപ്പകത്വം അതായ

യതു് എളുപ്പത്തിൽ അർത്ഥം അറിയാറാവുക എന്ന താകുന്നു. ഈ ഗുണമില്ലെങ്കിൽ ബാക്കി എന്തുതന്നെ ഉണ്ടായിരുന്നാലും കാവ്യം ദൂഷിതപ്രായമായി പ്പോയി എന്നാണു പറയേണ്ടതു്. 'അവിൽഭാഷ' ഉപയോഗിക്കുമ്പോൾ പദങ്ങൾക്കു് ഈ ഗുണം ഉണ്ടാകുവാൻ തരമില്ലാത്തതുകൊണ്ടാണു് അതു് ഉപയോഗാർഹമല്ലെന്നു മുമ്പു പ്രസ്താവിച്ചതു്. ഇത്ര യുംതന്നെ പ്രാധാന്യമുള്ളതാണു് മാധുര്യമെന്ന ഗുണം. ഇതു് അർത്ഥഗതമായിട്ടുമാത്രം പോരാ, ശബ്ദഗത മായിട്ടും വേണം. ദുസ്സഹശ്രവണങ്ങളായിരിക്കുന്ന ശബ്ദങ്ങൾ കാവ്യത്തിൽ ഒരിക്കലും ഉപയോഗിച്ചു കൂടാ. സ്ത്ര, ക്ഷ്റ ഇത്യാദി ശബ്ദങ്ങൾ പ്രാചുര്യേണ ഒരു കാവ്യത്തിൽ വരുമെങ്കിൽ എങ്ങിനെയാണു് അവ ഹൃദയാവർജ്ജകമായിത്തീരുക? പക്ഷെ ചില അവസരങ്ങളിൽ കടുശ്രവണങ്ങളായ ശബ്ദങ്ങളുടെ സൽഭാവം രസപരിപോഷകമായും പരിണമിക്കു ന്നുണ്ടു്. രൌദ്രവീരരസപ്രധാനങ്ങളായ കാവ്യ ങ്ങളിൽ ഇത്തരം ശബ്ദങ്ങൾ അഭിനന്ദനീയംതന്നെ യാണു്. ഇതു തീരെ പരിഹരിക്കേണ്ടതു ശൃംഗാര കരുണാദിരസപ്രധാനങ്ങളായ കാവ്യങ്ങളിലാണു്. ഇങ്ങിനെയുള്ള കാവ്യങ്ങളിൽ സാധാരണ ലളിത കോമളങ്ങളായ ശബ്ദങ്ങൾ മാത്രമേ ഉപയോഗിച്ചു കൂടൂ എന്നുള്ളതു് സകല ആലംകാരികന്മാൎക്കും സമ്മതമായിട്ടുള്ള ഒരു തത്വമാണു്.

---

# V- അലങ്കാരവിനിവേശം

അലങ്കാരത്തിൻെറ സാമാന്യ ലക്ഷണം ശോഭാകരത്വമാകുന്നു. അലങ്കാരം ഒരു യഥാൎത്ഥാലങ്കാരമാകണമെങ്കിൽ ശരിയായി അലങ്കരിക്കണം. എന്തിനേയാണോ അലങ്കരിക്കുന്നതു് അതു് അലങ്കാൎയ്യം. അലങ്കാൎയ്യം വാസ്തവത്തിൽ ആത്മാവുതന്നെയാണു്. കടകാദി ലൗകീകാലംകാരങ്ങളെ ഒരു മൃതശരീരത്തിൽ ഘടിപ്പിക്കുന്നതായാൽ അവ യഥാൎത്ഥത്തിൽ ശരീരത്തെ അലങ്കരിക്കുന്നില്ല. തന്നിമിത്തം ഇവ തദാശ്രയത്തിൽ അലങ്കാരങ്ങളുമല്ല. എന്തുകൊണ്ടെന്നാൽ ശവശരീരം ഒരു അലങ്കാൎയ്യമല്ല. ജീവിതാംശത്തോടുകൂടുമ്പോൾ മാത്രമേ ശരീരത്തിനു അലങ്കാൎയ്യത്വവും അലങ്കാരത്തിനു അലങ്കാരത്വവും ലഭിക്കുന്നുള്ളു. ഈ ന്യായം കാവ്യാലങ്കാരാലങ്കാൎയ്യങ്ങളെ സംബന്ധിച്ചിടത്തോളവും ശരിയാണു്. ഒരു യഥാൎത്ഥ കാവ്യത്തിലാകട്ടെ ഉപമാദികൾ അലങ്കാരങ്ങളും അലങ്കാൎയ്യം കാവ്യാൎത്ഥവുമാകുന്നു. കാവ്യാൎത്ഥം സാധാരണയായി രസം, അലങ്കാരം, വസ്തു എന്നിങ്ങനെ മൂന്നുവിധത്തിലാണെന്നു 'കവിത' എന്ന പ്രബന്ധത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. ഇവയിൽ പ്രധാനമായിട്ടുള്ളതു് രസമാകുന്നതുകൊണ്ടു സാക്ഷാൽ അലങ്കാൎയ്യം രസംതന്നെയെന്നു പറയുന്നതാണു് ഏററവും ഭംഗിയായിട്ടുള്ളതു്.

ഈ മതം സ്വീകരിക്കുന്നപക്ഷം ഒരു പൂൎവ്വപക്ഷത്തിനു അവകാശമുണ്ടു്. അതെന്തെന്നോലാ

ചിച്ച് അതിന്ന യഥാശക്തി ഒരു സമാധാനവും പറയാം. അലങ്കാരം സാമാന്യേന അൎത്ഥാലങ്കാരം, ശബ്ദാലങ്കാരം, ഉഭയാലങ്കാരം എന്നിങ്ങനെ മൂന്നായിട്ടാണ് വിഭജിച്ചിട്ടുള്ളത്. പൂൎവാചാൎയ്യന്മാരാൽ കൃതമായിട്ടുള്ള ഈ വിഭജനം മുൻ പ്രസ്താവിച്ച മതപ്രകാരം നോക്കുന്നതാൽ നിൎമ്മൂലമായിത്തീരുന്നു. അലങ്കാരം ശബ്ദത്തെ അലങ്കരിക്കാത്തതുകൊണ്ടു ശബ്ദാലങ്കാരം എന്നൊന്നു ഉണ്ടാകാൻ തരമില്ലല്ലോ. ഇങ്ങനെ വരുന്നതു് അനിഷ്ടമാണ്. അതുകൊണ്ടു് വിഭജനത്തിന്ന വേറൊരു കാരണം പറയണം. പക്ഷേ ഈ വിഭജനം, അലങ്കാരാശ്രയത്തെ അവലംബിച്ചിട്ടായിരിക്കാം. കടകാംഗുലീയാദികളുടെ അലങ്കാൎയ്യം ആത്മാവാണെങ്കിലും ആശ്രയം കരമാണ്. അപ്രകാരംതന്നെ യഥാൎത്ഥാലങ്കാൎയ്യം അൎത്ഥമാണെങ്കിലും ചില അലങ്കാരങ്ങളുടെ ആശ്രയം ശബ്ദവും ചിലതിന്റെ ആശ്രയം അൎത്ഥവും, ചിലതിന്റെ ആശ്രയം ശബ്ദാൎത്ഥവുമാണ്. ഈ ആശ്രയവിശേഷത്തെ അവലംബിച്ചിട്ടായിരിക്കണം ഈ വിഭജനം ചെയ്തിട്ടുള്ളതു്.

ഈ വിഷയത്തെപ്പററി ഒരു വാക്കുമാത്രമേ പറവാനുള്ളു. യഥാൎത്ഥാലങ്കാൎയ്യം രസാദ്യൎത്ഥങ്ങളാണെങ്കിലും 'ഇമിറേറഷൻ കവി'കളെ സംബന്ധിച്ചിടത്തോളം പ്രസ്തുതാഭിപ്രായവിശേഷം അത്ര ശരിയാണെന്നു തോന്നുന്നില്ല. താദൃശന്മാരുടെ കാവ്യത്തിൽ യഥാൎത്ഥശബ്ദാലങ്കാരങ്ങളാണ് അധികമായി കാണുന്നതു്. ഇതിന്നുള്ള പ്രധാനകാരണം ഇതരാലംകാരാഭാവം തന്നെയാണ്. പക്ഷേ, പര

ബരാഗതമായിട്ടുള്ള അലങ്കാരവിഭജനം സാൎത്ഥകമാക്കിത്തീൎക്കുവാനായിരിക്കാം ഇവർ അവതരിച്ചിരിക്കുന്നതു്. ഇങ്ങനെയാണെങ്കിൽ അവരുടെ ജന്മം സഫലമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

പ്രസ്തുതാലങ്കാരാലങ്കാൎയ്യങ്ങളേയും ആശ്രയഭേദത്തേയും സശ്രദ്ധം പൎയ്യാലോചിച്ചു നോക്കുന്നതായാൽ അലങ്കാരവിനിവേശനത്തെപ്പററി ഒരു സാമാന്യ നിബന്ധന അറിയാറാകുന്നതാണു്. അലങ്കാരം സ്വതേ ഭാഗിയുള്ളതാകകൊണ്ടും യഥാൎത്ഥാലങ്കാരം കാവ്യശോഭയെ പോഷിപ്പിക്കുന്നതുകൊണ്ടും കവികൾ അതിൽ മാത്രം തല്പരന്മാരായി കാവ്യത്തിന്റെ ജീവാംശത്തേയും അതോടുകൂടിയുള്ള തൽസംബന്ധത്തേയും വിസ്മരിപ്പാനിടയുള്ളതുകൊണ്ടും തന്നിവേശത്തിലുള്ള നിബന്ധന പ്രത്യേകം സ്മൎത്തവ്യമാകുന്നു.

അലങ്കാരസാമാന്യത്തിന്റെ സാക്ഷാദലങ്കാൎയ്യം രസാലങ്കാര വസ്തുാദികളായ കാവ്യാൎത്ഥമായിരിക്കെ അലങ്കാരാലങ്കാൎയ്യങ്ങൾക്കു് സൎവ്വപ്രകാരേണ ആനുരൂപ്യമുണ്ടായിരിക്കണം. ഈ ആനുരൂപ്യമില്ലെങ്കിൽ അലങ്കാൎയ്യമാഭാസതാപദത്തെ പ്രാപിക്കുന്നു. രണ്ടാമതു്, അലങ്കാരം യഥാസ്ഥാനത്തും യഥാവസരത്തിലുമായിരിക്കണം. ചുരുക്കിപ്പറയുന്നതായാൽ സൎവ്വത്രസകലാലങ്കാരങ്ങളും ഔചിത്യാനുസാരേണ മാത്രമേഘടിപ്പിച്ചുകൂടു. ഏതാദൃശൗചിത്യം ആശ്രയഭേദേന അലങ്കാരകൃ

തമായിട്ടം അലങ്കാൎയ്യകൃതമായിട്ടും ഉഭയവിധത്തിൽ ആവാം. ഇങ്ങനെയുള്ള ഔചിത്യപ്രാധാന്യത്തെ വിസ്മരിച്ചു യഥേഷ്ടം യഥാസൗകര്യം അലങ്കാരം ഘടിപ്പിച്ചു കാവ്യത്തെ സാധാരണ ഹനിക്കാറു പതിവില്ലെന്നില്ല. ഔചിത്യാഭാവത്തിനേക്കാൾ വലുതായൊരു നാശകാരണം കാവ്യത്തിനു വരുവാനില്ല. ഏതാദാശയത്തെ തന്നെയാണു് സാഹിത്യാചാൎയ്യനായ ആനന്ദവൎദ്ധനാചാൎയ്യർ,—

'അനൗചിത്യാദൃതേ നാന്യൽ രസഭംഗസ്യ കാരണം' എന്ന കാരികാൎദ്ധംകൊണ്ടു പറഞ്ഞിട്ടുള്ളതും.

അലങ്കാരത്തിനു അലങ്കാൎയ്യത്തേക്കാൾ അധികം പ്രാധാന്യം പാടില്ലാത്തതുകൊണ്ടു, അലങ്കാരത്തെ ഒരിക്കലും പ്രധാനമായി ഘടിപ്പിക്കുകയോ കരുതുകയോ ചെയ്യരുതു്. ഇങ്ങനെ വരാതിരിക്കാൻ കവി സൎവ്വപ്രകാരേണ യത്നിക്കേണ്ടതുമാണു്. ഈ വിഷയത്തിൽ അന്തായത്തു് അലങ്കാരവിനിവേശത്തിൽ, സാധാരണ ഓൎമ്മവെക്കേണ്ട സംഗതികളെ ആനന്ദവൎദ്ധനാചാൎയ്യർ സംഗ്രഹിച്ചു പറഞ്ഞിട്ടുണ്ടു്

"വിവക്ഷ്യാതൽപരത്വേന നാംഗി-
[ത്വേനകദാചന
കാലേചഗ്രഹണത്യാഗൗ നാതിനിൎവ്വഹ-
[ണൈഷിതാ
നിൎവ്യൂഢാവപിചാംഗിത്വേ യത്നേനപ്രത്യ-
[വേഷണം
രൂപകാദേരലങ്കാര വൎഗ്ഗസ്യാംഗത്വസാധനം"

അതായത് അലങ്കാരത്തെ ഒരിക്കലുംതന്നെ മുഖ്യോദ്ദേശ്യമായിട്ടോ അംഗിയായിട്ടോ കരുതരുത്. ഉദ്ദിഷ്ടപ്രയോജനം നിർവഹിച്ചു കഴിഞ്ഞാൽ പിന്നെ ഒട്ടുംതന്നെ വലിച്ചിഴച്ചു കൊണ്ടുപോകരുത്. അങ്ങനെ ചെയ്യേണ്ടതായി വരുന്നതായാൽ തന്നെ അതു് അംഗമാണെന്നുള്ളതു് ഇടക്കിടയ്ക്കു സ്മരിപ്പിക്കണം. ഇക്കാര്യം സകല 'ഇമിറേഷൻ' കവികളും പ്രത്യേകിച്ചു ഓർമ്മ വെയ്ക്കേണ്ടതാണു്.

അക്ഷരവിന്യാസ വൈചിത്ര്യാത്മാവായിട്ടുള്ളതാണല്ലോ ശബ്ദാലങ്കാരം. ഇതിനെ പ്രാസമെന്നും യമകമെന്നും രണ്ടുതരമായിട്ടു് സാമാന്യേന വിഭജിക്കാം. യമകാദി നിബന്ധനം ഉത്തമകവികൾക്കും കൂടി പ്രമാദത്തിനു കാരണമായിത്തീരുന്നുണ്ടു്. കാവ്യത്തിൽ പ്രാസാനുപ്രാസാദി വരുത്തണമെന്ന മോഹത്തോടുകൂടി യാതൊരു കവിയാണോ കാവ്യം രചിക്കുന്നതു് അദ്ദേഹത്തിന്റെ കാവ്യം പ്രായേണ ചിത്രകാവ്യമായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ കവിയുടെ മനസ്സു മുഴുവനും ഇതിൽ വ്യാപൃതമാകാവുന്നതുകൊണ്ടു രസാദികളുടെ ഗതിയെ വിസ്മരിക്കാനിടയുണ്ടു്. ഇങ്ങനെ വരുമ്പോൾ കാവ്യത്വം വിഘടിതപ്രായമായിത്തീരുന്നു. അതുകൊണ്ടു് ഇതു് ഒരു മുഖ്യോദ്ദേശമായിട്ടു് ഒരിക്കലും കരുതരുതു്. ഉൽകൃഷ്ട കവികളുടെ ഇടയിൽ പ്രാസയമകാദിയിൽ തല്പരന്മാരായി സ്വല്പം ചിലർ മാത്രമേ ഉണ്ടായിട്ടുള്ളു. ഉത്തമകവികളുടെ ഇടയിൽ ഇല്ലെന്നുതന്നെ പറയാം. അവക്കു ഇവ യഥാവിധി ഘടിപ്പിക്കുവാൻ അറിവില്ലാത്തതുകൊ

ണ്ടായിരിക്കാം അങ്ങനെ ചെയ്യാത്തത് എന്നു നമ്മുടെ 'ഇമിറ്റേഷൻ കവി'കൾ പക്ഷേ തക്കിച്ചേക്കും. അവരോടു നമുക്കൊന്നുംതന്നെ വിശേഷിച്ചു പറവാനില്ല. എന്നുമല്ല അവരുടെ കാവ്യങ്ങളിൽ യമകാദികളുടെ പ്രാചുര്യംകൊണ്ടു യാതൊരു രസഭംഗവും വരുന്നില്ലെന്നു സമ്മതിക്കക്കൂടി ചെയ്യാം. പക്ഷേ, ഈ രസഭംഗാഭാവത്തിന്റെ കാരണം അവരുടെ സാമത്ഥ്യമല്ലെന്നു പറയാതെനിവൃത്തിയില്ല. രസാഭാവമാണ് അതിന്റെ ശരിയായ ഹേതു.

ഇപ്രകാരം കവിവര്യന്മാക്കുകൂടി പ്രമാദത്തിനു ഹേതുഭൂതങ്ങളാണെന്നു പ്രസിദ്ധമായ പ്രാസയമകാദികൾ സ്വതഃസിദ്ധമായി വരുന്നതായാൽ മാത്രമേ കാവ്യത്തിൽ പ്രവേശിപ്പിച്ചുകൂടു. അങ്ങനെ വരുന്നവ യഥാൎത്ഥത്തിൽ ശോഭാവഹങ്ങളായി പരിണമിക്കുന്നതുമുണ്ട്. പക്ഷെ 'ഇമിറ്റേഷൻ' കവികൾ തങ്ങളുടെ കാവ്യങ്ങളിലും ഇവ സ്വതഃസിദ്ധമായിവന്നിട്ടുള്ളവയാണ് എന്ന് വാദിച്ചേക്കാം. ശരിതന്നെ. പക്ഷെ, കവിതയുടെ ഗുണദോഷനിരൂപണം ചെയ്യേണ്ടതു കവിയല്ല; കാവ്യാമൃതരസാസ്വാദം ചെയ്യുന്ന സഹൃദയന്മാരാണ്. യമകാദികൾ സ്വതഃസിദ്ധമോ അല്ലയോ എന്നു തീച്ച്യാക്കേണ്ടതു് ഇവരാണ്. ഇവർ സ്വതഃസിദ്ധമെന്നു അഭിപ്രായപ്പെടുന്നപക്ഷം അതുതന്നെയാണല്ലോ ശരിയായിട്ടുള്ളതു്. ഇത്തരം വിഷയത്തിൽ അവനവന്റെ അനുഭവം തന്നെയാണ് പ്രധാനമായ ഗുരു. ഈ അവസരത്തിൽ ഒരു ഉദാഹരണം മാത്രം പറയാം. മാൎഗ്ഗമദ്ധ്യത്തിൽ ഒരു തരുണീമണിയെ കണ്ടുവെന്നി

രിക്കട്ടെ; അവരം ദൃഷ്ടിഗോചരയായിരിക്കെത്തന്നെ അവളുടെ വേഷഭൂഷാദികളെയാണ് പ്രേക്ഷിതാവ് ഓൎക്കുന്നതെങ്കിൽ ആ സ്ത്രീ വേഷഭൂഷാദികളിൽ സാമാന്യത്തിലധികം മനസ്സുവെച്ചിട്ടുണ്ടായിരിക്കണം. അല്ലെങ്കിൽ ഇവ അവളുടെ ദേഹത്തിനു സൎവ്വപ്രകാരേണ ഉചിതമായിരുന്നിരിക്കണമെന്നുള്ളതു് തീൎച്ചതന്നെ. സാമാന്യേന പറയുന്നതായാൽ കാവ്യം വായിക്കുമ്പോൾ യമകാദിയാണ് നമ്മുടെ ഹൃദയത്തെ ആവൎജ്ജിക്കുന്നതെങ്കിൽ ആ കാവ്യത്തിൽ കവിയുടെ മുഖ്യോദ്ദേശം യമകാദിനിബന്ധനമൊന്നുതന്നെയായിരിക്കണമെന്നുള്ളതു് നിസ്സംശയംതന്നെ. രസാസ്വാദനാനന്തരം മാത്രമേ, ഇവ ഓൎക്കുന്നുള്ളുവെങ്കിൽ യമകാദിയല്ല മുഖ്യതേ്വന ഉദ്ദിഷ്ടമായിട്ടുള്ളതു് എന്നും തീൎച്ചതന്നെ. ആകയാൽ ചുരുക്കത്തിൽ ഉത്തമകാവ്യങ്ങളിൽ യമകാദികൾ കഴിയുന്നേടത്തോളം കുറഞ്ഞിരിക്കണം. ഇങ്ങനെതന്നെയാണ് വാസ്തവത്തിൽ കാണുന്നതു്.

പക്ഷെ, ഭാഷാകാവ്യങ്ങളിൽ ഇതു തീരെ മറിച്ചാണ്. കാവ്യജീവൻ ദ്വിതീയാക്ഷരപ്രാസമാണെന്നാണ് ആദ്യമായും രണ്ടാമതായും നമുക്കു തോന്നുന്നതു്. തല്ലാഭത്തിനു വേണ്ടി പദങ്ങളെ യഥേഷ്ടം വെട്ടിമുറിച്ചു് അത്യാവശ്യമായ പദങ്ങളെ സൃഷ്ടിച്ചു അക്ഷരങ്ങളെ വൃത്താനുസാരേണ കൂട്ടുകയും കുറക്കുകയും ചെയ്തു് നിരൎത്ഥക പൗനരുക്ത്യാദികളെ തീരെ അഗണ്യമാക്കി, കേരളവൎമ്മപ്രാസമെന്നു സുപ്രസിദ്ധനാമത്തോടുകൂടിയ ദ്വിതീയാക്ഷര പ്രാസത്തെ വലിച്ചിഴച്ചു കൊണ്ടുവന്നു, അബദ്ധംവാ

സുബദ്ധംവാ, ഘടിപ്പിച്ചിട്ടുള്ള ഭാഷാകവിതയുടെ മാധുരി ആസ്വദിച്ചിട്ടുള്ള ഏവനും ഇതെത്രയും മാത്രം ഭംഗിയായിട്ടുള്ളതാണെന്നു തീർച്ചയാക്കാം. ആധുനിക ഭാഷാകാവ്യങ്ങളിൽ പ്രാചുര്യേണ വ്യാപിച്ചു കിടക്കുന്ന ഈ ദ്വിതീയാക്ഷരപ്രാസം ചില സന്ദർഭങ്ങളിൽ എത്രമാത്രം ആഭാസമായിത്തീരുന്നുണ്ട് എന്നുള്ളതിലേക്കു ഉദാഹരണം അത്യാവശ്യമാണെന്നു തോന്നുന്നില്ല. കവിതയുണ്ടാക്കാൻ പഠിപ്പിച്ചുകൊണ്ടു നടക്കുന്ന ഗുരുക്കന്മാരുടെ പ്രാഥമികോപദേശം പ്രാസംശേഖരിക്കാനാണെന്നുള്ളതു് തൽശിഷ്യപരമ്പരകൾക്കു നിശ്ചയമുള്ളതാണല്ലോ. അനാശാസ്യമായ ഈ ദ്വിതീയാക്ഷരപ്രാസംനിമിത്തം ഭാഷയ്ക്കു വന്നിട്ടുള്ള അംഗവൈകല്യം കുറച്ചൊന്നുമല്ല. ഇതുകൊണ്ടു കവിത വളരെ ഉൽകൃഷ്ടമാകുമെന്നത്രെ ദ്വിതീയാക്ഷരപ്രാസതൽപരന്മാരായ ഇമിറ്റേഷൻ കവികുഞ്ജരന്മാരുടെ വിചാരം. പക്ഷെ, ഫലത്തിൽ വൈപരീത്യംവന്നുപോകുന്നു. അവരെന്തുചെയ്യും? ഇവരുടെ പ്രവൃത്തി ഏകദേശം നമ്മുടെ നാട്ടിലെ ഫോട്ടോഗ്രാഫർമാരുടേതിനോടു തുല്യമാണു്. ഇവർ സാധാരണ ഛായ എടുക്കുവാൻ ഇരുന്നു കൊടുത്തുഉടൻതന്നെ അടുത്തുവന്നിരിക്കുന്നവന്റെ കൈയും കാലും, ഒന്നുപിടിച്ചുവളച്ചു് മാററിവെച്ചു, തലക്കൊന്നുതട്ടിവേറെ ഒരു പുറത്തേയ്ക്കു മുഖമൊന്നു തിരിച്ചുവെയ്ക്കുക പതിവാണു്. ഇവരുടെ ഉദ്ദേശം ഛായ നന്നാവണമെന്നാണു്. പക്ഷെ മുഖത്തു സ്ഫുരിക്കുന്ന പ്രാണവേദനയാണു് ഛായയിൽ സ്പഷ്ടമായികാണുന്നതു്. തലയ്ക്കു കേററിക്കൊടുത്തിട്ടുള്ള ശബ്ദധാടികൊണ്ടും ദ്വിതീയാക്ഷരപ്രാസകൃതപ്രാ

ണവേദനകൊണ്ടും ഹാ! കഷ്ടം 'ഭാഷാ' കവിത ഇതാ തലതാഴ്ത്തി മണ്ണുകപ്പിത്തുടങ്ങി!

ഇങ്ങനെ ദ്വിതീയാക്ഷരപ്രാസംകൊണ്ടു ഭാഷാകവിതയ്ക്കു വലിയദോഷം വന്നിട്ടുണ്ട്. ഇപ്പോഴത്തെ പല കവികളുടേയും അഭിപ്രായം പ്രാസമൊപ്പിച്ചിട്ടുള്ളതും വൃത്തംതെററാത്തതുമായതെല്ലാം കാവ്യമാകുന്നുവെന്നാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇവരുടെ കാവ്യലക്ഷണത്തിൽ രസത്തിന്നോ അൎത്ഥത്തിന്നോ യാതൊരവകാശവുമില്ല. ആധുനികഭാഷാകാവ്യലക്ഷണം ഇങ്ങനെയായിത്തീൎന്നിരിക്കെ വന്നുകൂടുന്നകാവ്യത്വഹാനി എത്രയെന്നു ഖണ്ഡിച്ചുപറയുവാൻ ഉത്സാഹിക്കേണമെന്നില്ല. പക്ഷേ ഒരംശംകൊണ്ടുമാത്രം ഇതു ഗുണഭ്രയിഷ്ഠമായിത്തീൎന്നിട്ടുണ്ട്. ചിലഭാഷാഭിമാനികൾക്കു കവിതയെന്നു പേരുള്ള നാല്ക്കാലികളെ സൃഷ്ടിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്. തന്നിമിത്തം ഏതാദൃശനാല്ക്കാലികളുടെ സംഖ്യകുറഞ്ഞിട്ടുമുണ്ട് ഇങ്ങനെ ഒരു പ്രാസം സൃഷ്ടിച്ചിരുന്നില്ലെങ്കിൽ നമ്മുടെ രാജ്യം കാവ്യമലയാളമായിത്തീൎന്നേനേ. അഹോ! പ്രപഞ്ചത്തിൽ സകലവും ഉപയോഗപ്രദവും ഗുണപ്രദവും ആയിട്ടുള്ളതാണെന്നുള്ള തത്വംകൂടി ഈ നാല്ക്കാലികൾ നമ്മെ ധരിപ്പിക്കുന്നുണ്ട്.

---

# VI-ഉണ്ണുനീലിസന്ദേശത്തിന്റെ

## കാലം

ഉണ്ണുനീലിസന്ദേശത്തിന്റെ കാലനിർണ്ണയവിഷയത്തിൽ ഇതേവരെ രണ്ടഭിപ്രായമാണ് പ്രകടിപ്പിച്ചിട്ടുള്ളതു്. മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അതിന്റെകാലം 549-ാമാണ്ടാണെന്നും, പണ്ഡിതർ ആറ്റൂർ കൃഷ്ണപിഷാരോടി 490-ാമാണ്ടാണെന്നും പ്രസ്താവിച്ചിട്ടുണ്ട്. രണ്ടഭിപ്രായവും സപ്രമാണം പ്രതിപാദിച്ചിട്ടുള്ളതിനാൽ, അതാതു വായിക്കുമ്പോൾ അതുതന്നെ ശരിയായിട്ടുള്ളതെന്നു സാമാന്യവായനക്കാൎക്കു തോന്നാം. പക്ഷെ, രണ്ടഭിപ്രായവും ശരിയായിരിക്കുവാൻ തരമില്ലല്ലൊ.

രണ്ടുപേരും 'സർവ്വാംഗനാഥ' ബിരുദമുള്ള ഒരു 'ആദിത്യവൎമ്മാ'വിനെയും, അദ്ദേഹത്തിനു കല്പിച്ചുകൊടുത്ത കാലത്തെയും ഉപജീവിച്ചാണ് കാലം നിർണ്ണയിച്ചിട്ടുള്ളതു്. അയ്യരവർകളുടെ അഭിപ്രായത്തിൽ, പ്രാചീനനായ ഒരു സർവ്വാംഗനാഥ ബിരുദുള്ള ആദിത്യവൎമ്മാവു് 548-49 എന്നീ കാലത്താണ് ജീവിച്ചിരുന്നതു്; അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഈ സംഗതി പുനൎവിചാരത്തിന്നു് അവകാശമില്ലാത്തവിധത്തിൽ തെളിഞ്ഞിട്ടുമുണ്ടു്. പിഷാരോടിയാകട്ടെ, പ്രാചീനതമനായ ആദിത്യവൎമ്മ സർവ്വാംഗനാഥൻ 505-ാമാണ്ടിൽ വേണാട്ടധിപതിയായിരിക്കാവുന്നസ്ഥിതിക്കും, സന്ദേശകാലത്തു്

അദ്ദേഹം യുവരാജാവുമാത്രമായിരുന്ന സ്ഥിതിക്കും, 505-ാമാണ്ടിന്നുമുമ്പ് 490-ാമാണ്ട് മേടമാസത്തിലായിരിക്കണം സന്ദേശം രചിയ്ക്കപ്പെട്ടതെന്നു സമത്ഥിക്കുന്നു. ഈ അഭിപ്രായങ്ങളിലേതും യഥാത്ഥമാകണമെങ്കിൽ, ഉക്തകാലങ്ങളിൽ സർവ്വാംഗനാഥബിരുദോട്ടകൂടിയ ഒരാദിത്യവമ്മരാജാവ് വേണാട്ടധിപതിയായിട്ടോ യുവരാജാവായിട്ടോ ഉണ്ടായിരുന്നുവെന്ന് ആദ്യമായി സ്ഥാപിക്കണം. പിന്നീട്ട സന്ദേശത്തിലെ ആദിത്യവമ്മാവിന്നു സർവ്വാംഗനാഥനെന്ന ബിരുദുണ്ടായിരുന്നുവെന്നു നിശ്ചയിക്കണം. ഇത്രയുംസാധിച്ചുകഴിഞ്ഞാൽ 505-ാമാണ്ടിലെ ആദിത്യവമ്മാവിൻെറ കാലത്തോ അതോ 548-ാമാണ്ടിലെ ആദിത്യവമ്മാവിൻെറ കാലത്തോ പ്രസ്തുതഗ്രന്ഥം ഉണ്ടായതെന്നു വീണ്ടും തീരുമാനിക്കയും വേണം.

പ്രസ്തുതഗവേഷകന്മാർ ഹാജരാക്കിയിട്ടുള്ള ലക്ഷ്യങ്ങളെ നിഷ്കഷിച്ചു പഠിച്ചാൽ സർവ്വാംഗനാഥബിരുദോട്ടകൂടിയ ഒരാദിത്യവമ്മാവ്, 505-548 എന്നീകാലങ്ങളിലോ അതിന്നടുത്തുമുമ്പോ ഉണ്ടായിരുന്നതായി ചരിത്രരേഖകളെക്കൊണ്ട സ്ഥാപിക്കാവുന്നതല്ല. രണ്ടാമത്തു സന്ദേശത്തിലെ ആദിത്യവമ്മാവിന്നു സർവ്വാംഗനാഥനെന്ന ബിരുദുണ്ടായിരുന്നു എന്നത് ഒരഭിപ്രായവിശേഷമെന്നല്ലാതെ, ഒരു വസ്തുസ്ഥിതികഥനമെന്നു പറയാവുന്നതല്ല. ഈ രണ്ടുപേക്ഷം ഒരുപോലെ ആധാരശൂന്യമായ ഈ സംഗതി പ്രമാണസിദ്ധമല്ലാത്തതുകൊണ്ടു, സർവ്വാംഗനാഥബിരുദധാരിയായ ഒരാദി

165477
38405
O32:6N061lx
HO



ത്യവൎമ്മാവിനെ സങ്കല്പിച്ച്, ആ ആദിത്യൻെറ സ്ഥിതിയെ ആസ്പദമാക്കി സന്ദേശത്തിൻെറ ജന്മപത്രിക കുറിക്കുന്നതു സാഹസമായിരിക്കില്ലേ? ഇതു കേവലം സാങ്കല്പികമല്ലാതെ പാരമാൎത്ഥികമാകുമോ? ഈ സന്ദേഹത്തെ കുറഞ്ഞൊന്നു വിശദീകരിക്കാം.

സർവ്വാംഗനാഥബിരുദധാരിയായ ആദിത്യവൎമ്മാവിനെ സൃഷ്ടിച്ചതും, അദ്ദേഹത്തിൻെറകാലം 548-49 എന്നീ കൊല്ലവൎഷങ്ങളിലാണെന്നൂഹിച്ചതും രണ്ടു രേഖകളെ അവലംബിച്ചാണ്: (i) തിരുവനന്തപുരത്തു ഗോശാലകൃഷ്ണൻകോവിലിലെ ശ്രീകോവിലിലും മണ്ഡപത്തിലുമുള്ള ശിലാശാസനങ്ങൾ (ii) വടശ്ശേരി കൃഷ്ണൻകോവിലിലെ ഒരു ശാസനം.

തിരുവനന്തപുരത്തെ ശാസനപ്രകാരം സർവ്വാംഗനാഥനെന്നു പേരായ ഒരു രാജാവ് ഗോശാലകൃഷ്ണൻകോവിലിലെ ഗോശാല, ദീപ?ികാഗൃഹം, മണ്ഡപം, ശ്രീകോവിൽ എന്നീ നാലിനങ്ങളെ 'ചോളപ്രിയ' എന്ന അബ്ദത്തിൽ പുതുക്കിപ്പണിയിച്ചു. ഈ രാജാവിന്നു് ആദിത്യവൎമ്മനെന്നു പേരുള്ളതായിട്ടോ, അദ്ദേഹത്തെ ഒരു വേണാട്ടധിപതിയായിട്ടോ ശാസനത്തിൽ പ്രസ്താവിച്ചിട്ടില്ല. ചോളപ്രിയ എന്ന അബ്ദവാചകം ഏതബ്ദത്തെയാണ് കുറിക്കുന്നതെന്നും ശാസനത്തിൽ പ്രസ്താവിച്ചിട്ടില്ല. ഇതു ശകാബ്ദമാണെന്നു സ[illegible]49 എന്നീ കാലത്തു സർവ്വാം[illegible]ാ

MUL
165477
UNIVER

വുണ്ടായിരുന്നുവെന്നല്ലാതെ, മററൊന്നും ഈ ശാസനത്തിൽനിന്നു കിട്ടാനില്ല.

അബ്ദവാചകം ശകാബ്ദത്തെയാണു കുറിക്കുന്നതെങ്കിൽത്തന്നെ ഒരു സംശയത്തിന്നുകൂടി വഴിയുണ്ടു്. ചോളപ്രിയ എന്നോ ചോലപ്രിയ എന്നോ ശിലാരേഖയിൽ കൊത്തിയിട്ടുള്ളതു്? ഈ വിഷയത്തിൽ ശാസനമോ, അതിൻെറ ഛായയോ കാണാതെ നിശ്ചിതമായൊരഭിപ്രായം പറയാവുന്നതല്ലെങ്കിലും, പുരാതനവസ്തുപരീക്ഷകന്മാരുടെ പ്രസ്താവന കാണുമ്പോൾ പ്രസ്തുതസംഖ്യാവാചകം ചോലപ്രിയ എന്നായിരിക്കുമെന്നൂഹിക്കേണ്ടിയിരിക്കുന്നു. ഈ ഊഹം ശരിയാണെങ്കിൽ, ശാസനത്തിൻെറ കാലം 488-489-ം, അതിൽ പ്രസ്തുതനായ 'സർവ്വാംഗനാഥോ നൃപഃ'സാക്ഷാൽ കൃപകസാർവ്വഭൌമനായ രവിവർമ്മകുലശേഖരദേവനുമായിരിക്കണം. ഒരു രവിവർമ്മരാജാവിന്നു സർവ്വാംഗനാഥബിരുദുണ്ടായിരുന്നുവെന്നു മേല്പടി ക്ഷേത്രത്തിലെ ബലിക്കല്ലിന്മേലുള്ള ശാസനം സാക്ഷ്യം വഹിക്കുന്നതുമുണ്ടു്. അതിനാൽ' സർവ്വാംഗനാഥോ നൃപഃ എന്നതു് ആദിത്യവർമ്മാവിനെത്തന്നെയാണു് നിർദ്ദേശിക്കുന്നതെന്നൂഹിക്കുന്നതും, ആ ബിരുദ് ആദിത്യവർമ്മരാജാവിന്നു മാത്രമുണ്ടായിരുന്നതാണെന്നുസങ്കല്പിച്ചു സർവ്വാംഗനാഥബിരുദധാരിയായ ഒരാദിത്യവർമ്മാവിനെ വേണാട്ടധിപതിയായി ചോല(ള)പ്രിയ എന്ന ശകാബ്ദത്തിൽ വാഴിക്കുന്നതും പ്രസ്തുതശാസനം അനുവദിക്കുന്നില്ല.

സർവ്വാംഗനാഥപദത്തെ ഒരു ബിരുദാക്കിക്കല്പിക്കുന്നതിന്നു സാധകമായി പ്രസ്താവിച്ചിട്ടുള്ളതു, മേല്പടി ക്ഷേത്രത്തിലെ മണ്ഡപത്തിന്മേലുള്ള ശിലാശാസനമാണ്. അനിർജ്ഞാതമായ ഒരു കാലത്ത് ഒരാദിത്യവർമ്മരാജാവ് മേല്പടി ക്ഷേത്രത്തിൽ ഗോശാല, മണ്ഡപം, ശ്രീകോവിൽ എന്നീ മൂന്നിനങ്ങളെ പുതുക്കി പണിയിച്ചു എന്നാണ് പ്രസ്തുതശാസനത്തിലെ വിഷയം. ഒരു സർവ്വാംഗനാഥൻ ആ ക്ഷേത്രത്തിൽ നാലെട്ടപ്പുകളെ ചോല(ള)പ്രിയ എന്ന കാലത്തു നവീകരിച്ചുവെന്നും, ഒരാദിത്യവർമ്മൻ അവിടത്തെത്തന്നെ മൂന്നെട്ടപ്പുകളെ പുതുക്കിപ്പണിയിച്ചു എന്നും പറഞ്ഞിട്ടുള്ളതുകൊണ്ടു പ്രസ്തുത സർവ്വാംഗനാഥാദിത്യവർമ്മന്മാർ ഒരേ രാജാവാകുന്നതെങ്ങിനെ എന്നു മനസ്സിലാകുന്നില്ല. ഒരേ രാജാവിൻെറ ഒരേ കാലത്ത് ഒരേ അമ്പലത്തിലുള്ള ഒരേ പ്രവൃത്തിയെ, അതേ അമ്പലത്തിൽ ഒരേ ഭാഷയിൽ രണ്ടു സ്ഥാനത്തു രേഖപ്പെടുത്തേണ്ട ആവശ്യമെന്തോ? അപ്രകാരത്തിലുള്ള രേഖാദ്വയം അന്യത്ര കാണാവുന്നതുമല്ല. അതിനാൽ പ്രസ്തുതശാസനങ്ങളിൽ നവീകരണകർത്താക്കന്മാരായി സ്മരിച്ചിട്ടുള്ള സർവ്വാംഗനാഥരാജാവും ആദിത്യവർമ്മരാജാവും വിഭിന്നകാലത്തു ജീവിച്ചിരുന്നതായി ഊഹിക്കുന്നതാണ് ഏററവും സമീചീനമായ ഗവേഷണപഥം. ഈ യാഥാർത്ഥ്യത്തെ മറച്ച്, അഥവാ മറന്ന്, സർവ്വാംഗനാഥപദത്തെ ഒരു ബിരുദാക്കി, ആ ബിരുദധാരിയെ ആദിത്യവർമ്മനാക്കി, അദ്ദേഹത്തെ സർവ്വാംഗനാഥൻെറ കാലമായ ചോല(ള)പ്രിയ എന്ന കാലത്തു വേണാട്ടധിപതിയാക്കി വാഴിക്കുന്നതു

ഗവേഷണസമ്പ്രദായമല്ല. 'ഈ സംഗതി പ്രസ്തുത ശാസനങ്ങൾ പഠിയ്ക്കുന്ന ഏവനും സമ്മതിച്ചേ തീരൂ. അതിനാൽ സർവ്വാംഗനാഥൻെറ കാലത്തല്ലാ ആദിത്യവർമ്മാവു ജീവിച്ചിരുന്നതെന്നു തെളിയുന്നു. 'സർവ്വാംഗനാഥഃ'ഒരു ബിരുദാണെന്ന് ഇതരലക്ഷ്യങ്ങളെക്കൊണ്ടു തീരുമാനിച്ചാൽക്കൂടി, അതു പ്രസ്തുതാദിത്യവർമ്മാവിനുള്ളതായിരുന്നുവെന്ന് ഈ ശാസനംകൊണ്ടോ ചോല(ള)പ്രിയശാസനംകൊണ്ടോ തെളിയിക്കാവുന്നതുമല്ല.

സർവ്വാംഗനാഥൻ എന്നത് ഒരു ബിരുദായിരുന്നു എന്നു സ്ഥാപിക്കുന്നതിലേക്കു വടശ്ശേരി കൃഷ്ണൻകോവിലെ ഒരു ശാസനം ഉദ്ധരിച്ചിട്ടുണ്ട്. ഈ ശാസനത്തിൽ ആകപ്പാടെ നാലു ശ്ലോകങ്ങളാണ് കിട്ടിയിരിക്കുന്നതു്; ബാക്കി നഷ്ടമായിപ്പോയിരിക്കുന്നു. അതിലെ ആദ്യത്തെ ശ്ലോകത്തിൽ വക്താവ്-ഇദ്ദേഹം ഒരു രാജാവോ അല്ലയോ എന്നു പറഞ്ഞിട്ടില്ല-താനെന്തുകൊണ്ടാണ് സർവ്വാംഗനാഥനെന്ന ബിരുദം സ്വീകരിച്ചതെന്നു വിവരിക്കുന്നു. രണ്ടും മൂന്നും ശ്ലോകങ്ങളിൽ ഒരു കവി ഒരാദിത്യവർമ്മാവിനെ പ്രശംസിക്കുന്നു.' നാലാമത്തേതിൽ കവി ശ്രീകൃഷ്ണഭഗവാൻ തൻെറ ഹൃദയത്തിൽ സദാ വസിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. രണ്ടും മൂന്നും ശ്ലോകങ്ങളിൽ പ്രശംസിക്കപ്പെട്ട ആദിത്യവർമ്മാവുതന്നെയാണ് ഒന്നാം ശ്ലോകത്തിലെ വക്താവെന്നും, അദ്ദേഹം ഒരു രാജാവും വേണാട്ടധിപതിയുമാണെന്നും ഈ ശാസനത്തിൽനിന്നു കിട്ടാവുന്നതല്ല. ഗവേഷകമര്യാദയാ നോക്കിയാലും കാവ്യമര്യാദയാ നോക്കി

യാലും, പ്രസ്തുതശാസനത്തിലെ സർവ്വാംഗനാഥനും ആദിത്യവമ്മാവും വിഭിന്നപുരുഷന്മാരാണെന്നൂഹിക്കുന്നതാണു് സമീചീനം. വസ്തുസ്ഥിതി ഇങ്ങിനെയിരിക്കെ ഇവക്കു് അഭിന്നതചം കല്പിച്ചു പ്രതിപാദിക്കുന്നതെങ്ങിനെയെന്നു മനസ്സിലാകുന്നില്ല.

വയ്ക്കം ക്ഷേത്രഗ്രന്ഥവരിപ്രകാരം 583-ാമാണ്ടിൽ ഒരാദിത്യവമ്മരാജാവു് ആ ക്ഷേത്രത്തിൽ അധിപതിയായിത്തീൎന്നു എന്നു പ്രസ്താവിച്ചിരിക്കുന്നു. ഇതിനെ അടിസ്ഥാനപ്പെടുത്തി ഒരാദിത്യവമ്മാവു് 505-ാമാണ്ടിൽ ടി ക്ഷേത്രത്തിലെ കണക്കു പരിശോധിച്ചതായി മിസ്റ്റർ ശങ്കുണ്ണിമേനോൻ തന്റെ തിരുവിതാംകൂർ ചരിത്രത്തിൽ പറഞ്ഞിട്ടുണ്ടു്. പക്ഷെ അക്കാലത്തു തന്നാമധേയത്തിൽ ഒരു വേണാട്ടധിപതി ഉണ്ടായിരുന്നതായി വിചാരിക്കുവാൻ വേറൊരു ലക്ഷ്യവുമില്ലെന്നു മിസ്റ്റർ നാഗമയ്യ തന്റെ സ്റ്റെയിററ് മാൻവലിൽ തുറന്നുപറഞ്ഞിരിക്കുന്നു. എന്നിട്ടും മേനോന്റെ 505-ാമണ്ടിലെ ആദിത്യവമ്മാവിനെ സർവ്വാംഗനാഥബിരുദധാരിയാക്കിത്തീൎത്തുകൊണ്ടാണു് പിഷാരോടിയവർകൾ സന്ദേശകാലം നിൎണ്ണയിച്ചിട്ടുള്ളതു്. ഈ മതത്തിന്റെ സാധുഭാവത്തെപ്പററി ഇനി അധികം പറയേണ്ടതില്ലല്ലോ.

ഇത്രയും പറഞ്ഞതിൽനിന്നു രണ്ടു സംഗതി സവിശേഷം തെളിഞ്ഞിട്ടുണ്ടു്: (i) 548-ൽ സർവ്വാംഗനാഥബിരുദോട്ടുകൂടിയ ഒരാദിത്യവമ്മാവു വേണാട്ടധിപതിയായി ഉണ്ടായിരുന്നുവെന്നു് ഉദ്ധൃത

ലക്ഷ്യങ്ങൾകൊണ്ടു സാധിക്കാവുന്നതല്ല; (ii) 505-ാമാണ്ടിൽ ഒരാദിത്യവൎമ്മാവുണ്ടായിരുന്നുവെന്നൂഹിക്കുവാനും, ഉണ്ടായിരുന്നുവെങ്കിൽത്തന്നെ അദ്ദേഹത്തിന്നു സർവ്വാംഗനാഥബിരുദുണ്ടായിരുന്നുവെന്നു സ്ഥാപിക്കുവാനും ലക്ഷ്യാന്തരങ്ങൾ ആവശ്യവുമാണ്. അതിനാൽ പ്രസ്തുതശാസനങ്ങളേയും, സ്വകപോലകല്പിതങ്ങളായ ചില അഭിപ്രായവിശേഷങ്ങളെയും അടിസ്ഥാനപ്പെടുത്തി സന്ദേശകാലം 490-ാമാണ്ടിലെന്നോ 549-ാമാണ്ടിലെന്നോ ഖണ്ഡിച്ചു പറയാവുന്നതല്ല.

സന്ദേശഹരനായ ആദിത്യവൎമ്മാവിന്നു സർവ്വാംഗനാഥബിരുദുണ്ടായിരുന്നുവോ എന്നുകൂടി ഈ പ്രകൃതത്തിൽ ആലോചിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്ന് ഈ ബിരുദുണ്ടായിരുന്നുവെന്നൂഹിച്ചതിന്നു പ്രമാണം ഒരു താളിയോലഗ്രന്ഥത്തിലെ പാഠാന്തരംമാത്രമാണ്. 'വേദം നാലാക്കിന' മുനിവരൻെറ വിശേഷണമായിരുന്ന സർവ്വാംഗനാഥം എന്ന ദ്വിതീയയേയും വിശേഷ്യമായിരുന്ന സർവ്വാംഗനാഥനെന്ന ഷഷ്ഠിയേയും സർവ്വാംഗനാഥ എന്ന സംബോധനപ്രഥമമായി വായിച്ചാലേ സന്ദേശത്തിലെ ആദിത്യവൎമ്മാവിന്നു സർവ്വാംഗനാഥബിരുദു സിദ്ധിക്കൂ. പക്ഷെ പ്രകൃതം നോക്കുമ്പോൾ, മുദ്രിതപാഠങ്ങളായ ദ്വിതീയയും ഷഷ്ഠിയും തത്തൽസ്ഥാനത്ത് അതീവ സമീചീനമാണെന്നു സമ്മതിക്കാതെ നിർവ്വാഹവുമില്ല. അതിനാൽ അയ്യരവർകളുടെ പാഠാന്തരത്തെമാത്രം അടിസ്ഥാനപ്പെടുത്തി സന്ദേശത്തിലെ ആദിത്യവൎമ്മാവിന്നു സർവ്വാംഗനാഥബിരുദുണ്ടായി

രുന്നുവെന്നൂഹിക്കുന്നതു് ഒരഭിപ്രായമായല്ലാതെ, ഒരു സിദ്ധാന്തമായി സ്വീകരിക്കാവുന്നതല്ല.

സർവ്വാംഗനാഥരാജാവിന്നു സന്ദേശവുമായിട്ടു സംബന്ധമില്ലാത്തതുകൊണ്ടും, സർവ്വാംഗനാഥബിരുദധാരിയായ ഒരാദിത്യവൎമ്മാവിനെ ശിലാശാസനങ്ങൾകൊണ്ടു സൃഷ്ടിക്ക വയ്യാത്തതുകൊണ്ടും, ശാസനങ്ങളിൽ പ്രസ്തുതനായ ആദിത്യവൎമ്മാവിൻെറ കാലം അനിർജ്ഞാതമായതുകൊണ്ടും, പ്രസ്തുത ശിലാശാസനങ്ങൾകൊണ്ടു സന്ദേശകാലം നിൎണ്ണയിക്കാവുന്നതല്ലെന്നുതെളിയുന്നു.

പ്രസ്തുതമായ ശിലാരേഖകളെമാത്രം ആശ്രയിച്ച സന്ദേശത്തിൻെറകാലം നിൎണ്ണയിക്കാവുന്നതല്ലെന്നും, അത്തരത്തിൽ ചെയ്തിട്ടുള്ള കാലനിൎണ്ണയം സ്വീകാൎയ്യമാകുന്നതല്ലെന്നുമാണല്ലൊ ഇത്രയും പറഞ്ഞതിൽനിന്നു തെളിയുന്നതു്. ആയതിനാൽ ഈ വിഷയം നിൎണ്ണയിക്കുന്നതിലേയ്ക്കു മററുതെളിവുകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ചില ആഭ്യന്തരതെളിവുകളെ ആശ്രയിച്ചുകൊണ്ടു കാലം നിശ്ചയിക്കാവുന്നതാണൊ എന്നു ഇനി പരിശോധിക്കാം.

കായംകുളത്തു ചെറുകരവീട്ടിലെ ഉപ്പുസ്ത്രീ അഥവാ കുട്ടത്തി എന്ന സ്ത്രീരത്നത്തെയും, ആ മഹതിയുടെ പുത്രിയായ ഉണ്ണിയാടിയേയും സന്ദേശത്തിൽ സ്മരിച്ചുകാണുന്നുണ്ടു്. പ്രസ്തുതവൎണ്ണനയിൽ കുട്ടത്തിയെ ഒരു പ്രൗഢയായിട്ടാണു് വൎണ്ണിച്ചിട്ടുള്ളതു്. കുട്ടത്തി കായംകുളംരാജാവായ കേരളവൎമ്മാ

വിൻെറ പത്നിയായിരുന്നുവെന്നും മകൾ ഉണ്ണിയാടി പെരുമ്പടപ്പുസ്വരൂപത്തിലെ ഇളയരാജാവായ രാമവർമ്മാവിനെ സ്വയംവരത്തിൽ വേട്ടുവെന്നും ഇതരഗ്രന്ഥങ്ങളിൽനിന്നും അറിയാവുന്നതാണ്. കേരളവർമ്മ പന്ത്രണ്ടുകൊല്ലക്കാലം സപത്നീകനായി ഇരുന്ന് അനപത്യതനിമിത്തം കണ്ടിയൂർമഹാക്ഷേത്രത്തിലെ ശിവനെ തപസ്സുചെയ്തു. അദ്ദേഹത്തിൻെറ അനുഗ്രഹഫലമായി ഉണ്ണിയാടി എന്ന സ്ത്രീരത്നം ഉളവായി. മകൾക്കു പന്ത്രണ്ടുവയസ്സായപ്പോഴെയ്ക്കു സമഗ്രയൗവനയായി തീൎന്നതിനാൽ വിവാഹകാൎയ്യത്തെപ്പററിയാലോചിച്ചു; ഒടുവിൽ സ്വയംവരദ്വാരാ പുത്രിയുടെ വിവാഹം നിൎവ്വഹിക്കുവാൻ നിശ്ചയിച്ച്, നാലുപാടും ക്ഷണമയച്ചതായും, ആഗതന്മാരിൽ ഉത്തമനായ പെരുമ്പടപ്പുസ്വരൂപത്തിലെ യുവരാജാവായ രാമവർമ്മാവിനെ ഉണ്ണിയാടി വരിച്ചതായും ശിവവിലാസകാവ്യത്തിൽ വൎണ്ണിച്ചുകാണുന്നുണ്ട്. സ്വയംവരകാലത്ത് പെരുമ്പടപ്പിലെ കുലരാജധാനി മഹോദയപുരത്താണെന്നു വൎണ്ണിച്ചിട്ടുള്ളതിനാലും, 1361-ന് ശേഷം ആയതു് കൊച്ചിക്കുമാററി എന്നുള്ളതിലേയ്ക്കു തെളിവുകളുള്ളതിനാലും, 1341-ൽ കായംകുളംരാജാവു് രവിവർമ്മനായിരുന്നു എന്നു തെളിഞ്ഞിട്ടുള്ളതിനാലും, പ്രസ്തുത സ്വയംവരം 1340-ാമാണ്ടിന്നു മുമ്പായിരിക്കണമെന്നുള്ളതു് നിൎവ്വിവാദമാണല്ലോ. അപ്പോഴേയ്ക്കും കുട്ടത്തിക്കു കുറഞ്ഞതു നാല്പതുവയസ്സുകഴിഞ്ഞിരിക്കണം. ഈ സംഗതി മനസ്സിൽവച്ചുകൊണ്ടു്:—

മാറ്റേറും നൽക്കനകകലശംവെൻറ പോർ-
[കൊങ്കതാങ്ങി-
ക്കാറേറാടാട്ടം നളിനമിഴിയാൾവന്നുനിൻമുമ്പിൽ-
[നിന്നു്
കോറേറനോലുംമൊഴി ചെറുകരച്ചേന്നകു-
[ട്ടത്തിനിന്നെ-
പ്പോററീവൈകിച്ചരുളുകിലിനിക്കൊട്ടുവല്ലാസ്സചാലേ.

എന്നീ ശ്ലോകം വായിക്കുമ്പോൾ സഹൃദയന്നു സന്ദേശത്തിന്റെ കാലമേതാണെന്നു നിശ്ചയിക്കാവുന്നതാണു്. അൻപതുവയസ്സുകഴിഞ്ഞ ഒരു സ്ത്രീയെപ്പററി ഇപ്രകാരം വണ്ണിക്കുന്നതു് സഹൃദയസമ്മതമല്ലാത്തതുകൊണ്ടു് ഉണ്ണുനീലീസന്ദേശം 1350-നു മുമ്പിൽ ഉത്ഭൂതമായിരിക്കണമെന്നു ഊഹിക്കുന്നതായാൽ അതു് അസമഞ്ജസമാകാൻ ഇടയില്ലല്ലൊ. സന്ദേശകാലത്തു് കായംകുളം രാജാവു് രവിവമ്മാവായിരുന്നുവെന്ന സംഗതി ഈ കാലനിണ്ണയത്തിന്നു അനുകൂലമായിരിക്കുന്നുമുണ്ടു്.

ഇക്കാലങ്ങളിൽ വേണാടർകൊൻമാക്കു തുരുഷ്കന്മാരുമായി പടവെട്ടേണ്ടതുണ്ടായിരുന്നുവെന്നുള്ള സംഗതിയും ഇതിന്നനുഗുണമായിട്ടുള്ളതാണു്. എന്തുകൊണ്ടെന്നാൽ 1323 മുതൽ മധുരാപ്പട്ടണം തുരുഷ്കന്മാരുടെ കൈവശമായിരുന്നുവെന്നും അവർ ഹിന്തുനിവാസികളേയും, രാജകുടുംബങ്ങളേയും ദേവാലയങ്ങളേയും അത്യധികം പീഡിപ്പിച്ചിരുന്നുവെന്നുമുള്ള വസ്തുത ചരിത്രപ്രസിദ്ധമാണു്. ഇവരുടെ പ്രാധാന്യം 1343-നുശേഷംമാത്രമാണു് അല്പം കുറഞ്ഞതു്; തെൻ ഇന്ത്യയിൽ നിന്നു അവരെ ഓടിച്ചു മധുര വീണ്ടെടുത്തു് രാജ്യത്തെ നിഷ്കണ്ടകമാക്കി

ത്തിൽത്തു് 1375-നോടുകൂടി മാത്രമെ ആയിരുന്നുള്ളു. തൃപ്പാപ്പൂരു മൂപ്പിന്നായിരുന്ന ആദിത്യവർമ്മാവും അദ്ദേഹത്തിന്റെ ജ്യേഷ്ഠനായിരുന്ന രവിവർമ്മ വേണാടർകോനും കൂപകാധീശ്വരന്മാരുടെ കുലപുരിയായ കോലംബത്തെ പൊന്നുപോലെ പരിപാലിച്ചുപോന്നു എന്നുള്ള വർണ്ണനയും ഈ കാലനിർണ്ണയത്തിന്നു് അനുഗുണമായിത്തന്നെയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ 1300 മുതൽ 1316 വരെ കൂപകം ഭരിച്ചുപോന്ന രവിവർമ്മ കുലശേഖരദേവന്റെ കാലശേഷം, ആ രാജ്യം കേരളചക്രവർത്തിയായ വീരരാഘവ ചക്രവർത്തിക്കു കൈവശപ്പെട്ടപ്പോൾ അവിടുത്തെ രാജ്യഭാരം വേണാട്ടേയ്ക്കു വിട്ടുകൊടുത്തുവെന്നൂഹിക്കുന്നതും ഇക്കാലത്തിൽ അനുചിതമായിരിക്കയില്ല. ഈ കാലഘട്ടത്തിലായിരിക്കാം വേണാട്ടുസ്വരൂപത്തിന്നും കൂപകസ്വരൂപത്തിന്നും തമ്മിൽ ആദ്യത്തെ ബന്ധമുണ്ടായതും. സന്ദേശത്തിലുള്ള ആഭ്യന്തരതെളിവുകളും പ്രസ്തുതമായ കാലനിർണ്ണയത്തിന്നു് അനുരൂപമായിത്തന്നെയാണിരിക്കുന്നതു്.

പെരുമ്പടപ്പുമൂപ്പിലെ, അഥവാ യുവരാജാവിന്റെ, നേത്യാരമ്മയെ 'എന്നുണ്ണിയാടിം' എന്നു പ്രസ്താവിക്കുന്നതിന്റെ സ്വാരസ്യവും, വേണാടർകോനായ രവിവർമ്മാവിരിക്കെ അദ്ദേഹത്തിന്റെ അനുജനായ ആദിത്യവർമ്മാവിനെ തൃപ്പാപ്പൂരു മൂപ്പിന്നായി വർണ്ണിച്ചിട്ടുള്ളതിന്റെ ഉദ്ദേശ്യവും സന്ദേശകാരകനായ നായകൻ, സേനാനായകനും ഇളമുറ രാജാവുമായ ആദിത്യവർമ്മാവിനെ സന്ദേശഹരനാക്കിച്ചെയ്യുന്നതിന്റെയും അദ്ദേഹത്തെ 'നീ'

എന്നു സംബോധനചെയ്യുന്നതിൻെറയും ഔചിത്യവും ഇനിയും ആലോചനാവിഷയമാകേണ്ടതായിട്ടാണു് ഇരിക്കുന്നതു്. ഈ വിഷയത്തെ സഹൃദയസമക്ഷമവതരിപ്പിച്ചുകൊണ്ടു തൽക്കാലം വിരമിക്കുന്നു.

---

# VII-സർവ്വാംഗനാഥൻെറ

# ശിലാശാസനങ്ങൾ

## (1374—75 A. C.)

സർവ്വാംഗനാഥനെന്നു് അപരനാമാവായ ആദിത്യവർമ്മരാജാവിൻെറ വകയാണെന്നു വ്യപദേശിക്കപ്പെട്ടിരിക്കുന്ന മൂന്നു സംസ്കൃത ശിലാശാസനങ്ങൾ തിരുവിതാംകൂറിലെ പുരാണവസ്തുഗവേഷണഗ്രന്ഥമാലാപരമ്പര(1)യിൽ പ്രസിദ്ധം ചെയ്യപ്പെട്ടിട്ടുണ്ടു്. ഈ മൂന്നു ശിലാശാസനങ്ങളും ഒരാളുടേതുതന്നെയാണെന്നും അയാളുടെ ജീവിതകാലം, സർവ്വാംഗനാഥൻെറ ജീവിതകാലമെന്നു് ഒന്നാമത്തെ ശിലാശാസനത്തിൽ പറഞ്ഞിട്ടുള്ളതും 'ചോളപ്രിയ'യിലെ വർണ്ണസംഖ്യാക്രമത്തെ ആസ്പദമാക്കി

---

(1) തിരുവിതാംകൂർ പുരാണവസ്തു ഗവേഷണഗ്രന്ഥമാല വാള്യം 1. ഭാഗങ്ങൾ 171—173.

ഗണിക്കപ്പെട്ടിട്ടുള്ളതുമായ കൊല്ലം 1374- 75 A. C. ആയിരിക്കണമെന്നും വിചാരിക്കപ്പെട്ടുവരുന്നു. ഈ സർവ്വാംഗനാഥൻ ആദിത്യവർമ്മരാജാവാണെന്നുള്ള വിഭാവനയും, മൂന്നു ശിലാശാസനങ്ങളിലും പ്രസ്താവിക്കപ്പെട്ടിട്ടുള്ള വ്യക്തികൾ ഒന്നുതന്നെ എന്നുള്ള സങ്കല്പവും, ഏകീകരിച്ചിട്ടുള്ള ഈ വ്യക്തികളെയെല്ലാം ഇവയിൽ ഒന്നാമത്തെ ലേഖനത്തിൽ പറഞ്ഞിട്ടുള്ള കൊല്ലവുമായി കൂട്ടിഘടിപ്പിക്കലും, വിജ്ഞാതങ്ങളായ ചരിത്രതത്വങ്ങളെക്കൊണ്ടോ പ്രസ്തുത ശിലാശാസനങ്ങളെക്കൊണ്ടോ സാധൂകരിച്ചിട്ടില്ല. ഈ ശിലാശാസനങ്ങളുടെ ഒരു സൂക്ഷ്മപഠനത്തിൽനിന്നു്, പരേതനായ ശ്രീ സുന്ദരംപിള്ള ആദ്യമായി പ്രസ്താവിച്ചതും (2) പിന്നീടു ശ്രീമാൻ ഗോപീനാഥറാവു സമ്മതിച്ചിട്ടുള്ളതുമായ ഈ ഏകീകരണം നിരാസ്പദമായിട്ടുള്ളതാണെന്നു തെളിയിക്കാവുന്നതാണു്. എന്നുമാത്രമല്ല, തിരുവിതാംകൂർ ചരിത്രലേഖകന്മാർ സാധാരണമായി സ്വീകരിക്കാറുള്ള ചരിത്രനിർമ്മാണപദ്ധതിയേയും അതു വിശദമാക്കുന്നു.

മുൻപ്രസ്താവിച്ച മൂന്നു ശിലാശാസനങ്ങൾ വ്യത്യസ്തസ്ഥാനങ്ങളിൽ നിന്നാണു് ലഭിച്ചിട്ടുള്ളതു്. ഇവയിൽ ഒന്നും മൂന്നും ശാസനങ്ങളുടെ ഉത്ഭവസ്ഥാനം തിരുവനന്തപുരവും രണ്ടാമത്തേതി

(2) "തിരുവിതാംകൂറിലെ ചില പൂർവ്വരാജാക്കന്മാർ" എന്ന ഉപന്യാസം നോക്കുക.

ന്റേതു് നാഗർകോവിലിന്നടുത്തുള്ള വടശ്ശേരി (3) എന്ന ദേശവുമാകുന്നു. നമുക്കു മനസ്സിലാക്കാവുന്നിടത്തോളം, പ്രസ്തുതശിലാശാസനങ്ങളിലെ വ്യക്തികളുടെ ഏകീകരണത്തെ നിശ്ചയിക്കുന്നതിനുള്ള ഏകാധാരം അവയിൽ കാണപ്പെട്ടതൊന്നുമല്ലെന്നും, നേരേമറിച്ചു് മുൻപ്രസ്താവിച്ച തി: പു: വ: ഗ: ഗ്രന്ഥമാലയിലെ മുദ്രണരീതിയും, ഒരു കൃഷ്ണക്ഷേത്രത്തിന്റെ ചുമരുകളിന്മേലാണു് അവ ലേഖനം ചെയ്യപ്പെട്ടിരിക്കുന്നതെന്നുള്ള വസ്തുതയുമാകുന്നു. ഇതു നിസ്സംശയമായും ഗ്രന്ഥമാലാപരമ്പരയുടെ പ്രസിദ്ധീകരണകർത്താവു് നിരൂപണബുദ്ധി ഉപയോഗിക്കാതെ അംഗീകരിച്ചിട്ടുള്ള ഒരു കല്പനമാകുന്നു; പിൽക്കാലത്തെ സാഹിത്യലേഖകന്മാരെല്ലാം, (4) നിർഭാഗ്യവശാൽ, അതിനെ സ്വീകരിക്കുകയും ചെയ്തിരിക്കുന്നു; എന്നുതന്നെയല്ല, അവർ ഈ സർവ്വാംഗനാഥബിരുദത്തെ സാഹിത്യത്തിലും ശിലാശാസനങ്ങളിലും കാണപ്പെടുന്ന ഓരോ ആദിത്യവർമ്മാവിനും കല്പിച്ചുകൊടുക്കുകയും ചെയ്യുന്നു. (5)

---

(3) തിരുവിതാംകൂർ പുരാണവസ്തുഗവേഷണഗ്രന്ഥമാല വാള്യം 1. പേജു് 171.

(4) ഈ ലേഖകന്മാരിൽ ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകളുടേയും ആററൂർ കൃഷ്ണപിഷാരടി അവർകളുടേയും പേരുകൾ പ്രസ്താവയോഗ്യമാണു്.

(5) മി. അയ്യർ സഹൃദയ എന്ന മാസികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 'വഞ്ചിരാജവംശം' എന്ന ലേഖനം നോക്കുക.

ഗ്രന്ഥമാലയിൽ ഒന്നാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള ശാസനം തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലുള്ള തിരുവായമ്പാടി കൃഷ്ണസ്വാമിക്ഷേത്രത്തിലെ ശ്രീകോവിലിന്റെ വടക്കേച്ചുമരിന്മേൽ ഉള്ളതാകുന്നു. ഈ കൃഷ്ണസ്വാമിക്ഷേത്രത്തെ മി: പിള്ള 'ഗോശാലകൃഷ്ണൻകോയിൽ' (6) എന്നാണ് വിളിക്കുന്നതു്. ശകാബ്ദസൂചകമെന്നു് അനുമാനിതവും ആ കാരണംകൊണ്ടുതന്നെ 1374–75-A. C-യെ ലക്ഷീകരിക്കുന്നു എന്നു് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും 'ചോളപ്രിയ' യിലെ വർണ്ണസംഖ്യാക്രമത്തിന്റെ ഗണനയിൽനിന്നു സിദ്ധിക്കുന്നതുമായ വർഷത്തിൽ സർവ്വാംഗനാഥനെന്ന രാജാവു തിരുവനന്തപുരത്തു ഗോശാലകൃഷ്ണക്ഷേത്രത്തിൽ ഒരു ഗോശാലയും, ദീപികാഗൃഹവും, കൃഷ്ണമന്ദിരവും, മണ്ഡപവും പണികഴിപ്പിച്ചു എന്നാണ് പ്രസ്തുതലേഖനം പറയുന്നതു്. (7) അതേ ക്ഷേത്രത്തിൽ നിന്നു തന്നെ രണ്ടാമതു കണ്ടുകിട്ടിയതും മണ്ഡപത്തിന്റെ തെക്കേ ഭാഗത്തു് എഴുതീട്ടുള്ളതും ഗ്രന്ഥമാലാപരമ്പരയിൽ മൂന്നാമതായി പ്രസിദ്ധം ചെയ്തിട്ടുള്ളതുമായ രണ്ടാമത്തെ ശിലാലേഖനം, ആദിത്യവർമ്മരാജാവു് മേൽപറഞ്ഞവയിൽ മൂന്നെണ്ണം, അതായതു്

---

(6) എപ്പിഗ്രാഫിക്ക ഇൻഡിക്ക വാല്യം 4, പുറം 201-ലെ കുറിപ്പു നോക്കുക.

(7) തി: പു: വ: ഗ: ഗ്രന്ഥമാല 1-ാം വാല്യം 171-2-ഭാഗങ്ങൾ.
സിംഹസ്ഥേ ച ബൃഹസ്പതൌ സമകരോദബ്ദേ ച ചോളപ്രിയേ
ഗോശാലാം ച സുദീപികാഗൃഹമഹോ കൃഷ്ണാലയം മണ്ഡപം
ഭക്ത്യാ ചൈവ യശോർത്ഥമപ്യതിതരാം ധർമ്മാർത്ഥമപ്യാദരാൽ
സ്യാനന്ദൂരപുരേ സുകീർത്തിസഹിതസ്സർവ്വാംഗനാഥോ നൃപഃ.

സർവ്വാംഗനാഥനാൽ ആദ്യം പണി കഴിപ്പിക്കപ്പെട്ട നാലെണ്ണത്തിൽ ദീപികാഗൃഹമൊഴിച്ചുള്ള

---

[8] ശരിയായ ജീവിതത്തീയതി 1374 ഒക്ടോബർ 10-ാം തീയതിക്കും 1375 മാർച്ച് 26-ാംതീയതിക്കും ഇടയ്ക്കോ, അല്ലെങ്കിൽ വ്യാഴത്തിന്റെ നില അനുസരിച്ച് ഒക്ടോബറിനു പല മാസങ്ങൾക്കു മുമ്പോ ആയിരിക്കണമെന്നു ഡോക്ടർ കീൽഹോൺ [Dr. Killhorn] അഭിപ്രായപ്പെടുന്നു. [എപ്പിഗ്രഫിക്ക ഇൻഡിക്ക വാല്യം 4 വശം 202] ഈ ശിലാശാസനം വീണ്ടും പ്രസിദ്ധപ്പെടുത്തിയപ്പോൾ മി: റാവു, ഇവയിൽ ആദ്യത്തെ അഭിപ്രായത്തെ സ്വീകരിച്ചു. എന്നാൽ, തന്റെ ഈ അഭിപ്രായസ്വീകരണത്തിന് അദ്ദേഹം യാതൊരുകാരണങ്ങളും പറയുന്നില്ല. സുന്ദരംപിള്ള ഈ ലേഖനം 1372 A. C.-യിൽ ഉണ്ടായിട്ടുള്ളതാണെന്നു പറയുന്നതായി മി: നാഗമയ്യ അദ്ദേഹത്തിന്റെ StateManuel-ലിൽ രേഖപ്പെടുത്തിയിരിക്കുന്നു. [Vol. I, p. 256] എന്നാൽ ഇതിന്റെ അടിസ്ഥാനമെന്താണെന്നു വ്യക്തമല്ല. ഇതിനുപുറമേ, ചോളപ്രിയയിലെ വർണ്ണസംഖ്യാക്രമം ശകാബ്ദസൂചകമെന്നു വിചാരിക്കുവാൻ എന്താണ് കാരണമെന്ന് ഈ ലേഖകന്മാരിൽ ആരുംതന്നെ വിവരിച്ചിട്ടില്ല. അതു് 1296 ആണെന്നുള്ള അഭിപ്രായം വീണ്ടും പ്രശ്നവിഷയമായിത്തന്നെ പര്യവസാനിക്കുന്നു. ഈ സംഗതി ഈ ഉപന്യാസത്തിന്റെ അവസാനത്തിൽ വിസ്തരിക്കപ്പെട്ടിട്ടുണ്ട്. മുൻപ്രസ്താവിച്ച തീയതികളിൽ ആദ്യത്തേതാണ് പ്രസ്തുതശാസനത്തിന്റെ നിർമ്മാണകാലം—മി: റാവു അഭിപ്രായപ്പെട്ടിട്ടുള്ള തീയതിതന്നെയാണിതു്—എന്ന് കീൽഹോൺ തീരുമാനിച്ചിട്ടുണ്ട് എന്നുള്ള മി: പരമേശ്വരയ്യരുടെ പ്രസ്താവന ശരിയല്ല.

ഗോശാലയും കൃഷ്ണമന്ദിരവും മണ്ഡപവും പുതുക്കിച്ചു എന്നും പ്രസ്താവിക്കുന്നു. (9)

തിരുവായമ്പാടിയിലെ ഈ രണ്ടു ശാസനങ്ങളെപ്പററി എഴുതീട്ടുള്ളവരോ (10) അഥവാ ഈ ലേഖനങ്ങളെ ചില സാഹിത്യകൃതികളുടെ കാലനിർണ്ണയം ചെയ്യുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തിയവരോ (11) ആയ ലേഖകന്മാരെല്ലാം ഇവയിൽ ആദ്യത്തേതിൽ പ്രതിപാദിക്കപ്പെട്ട സർവാംഗനാഥൻ എന്ന രാജാവും, രണ്ടാമത്തേതിൽ പ്രസ്തുതനായ ആദിത്യവർമ്മരാജാവും ഭിന്നരല്ലെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ഏകീകരണം സമഞ്ജസമല്ല. 'സമകരോൽ', 'കൃതവാൻ നവതപം' എന്നീ രണ്ടു പദങ്ങൾ ഒരേ വ്യക്തി ചെയ്തിട്ടുള്ള ഒരേ ക്രിയയെ സൂചിപ്പിക്കുന്നുവെന്നുള്ള ആധാരത്തിന്മേലായിരിക്കാം ഈ അഭിപ്രായം കെട്ടിപ്പടുത്തിട്ടുള്ളതു്. അതിന്റെ അവതാരകൻ ശ്രീമാൻ ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകളാകുന്നു.

---

(9) തി: പു: വ: ഗ: ഗ്രന്ഥമാല വാല്യം 1. വശം 172.

ശ്രീഗോഷ്ഠകൃഷ്ണാലയമണ്ഡപാനാം
ഗവാഞ്ച കൃഷ്ണസ്യ ച ഭൂസുരാണാം
നിവേശനാർത്ഥം കൃതവാൻ നവതപ-
മാദിത്യവർമ്മാ പരവീരവീരഃ.

(10) മെ: സുന്ദരംപിള്ള; കീൽഹോൺ; ഗോപീനാഥറാവു മുതലായവർ.

(11) മെ: ഉള്ളൂർ, ആററൂർ കൃഷ്ണപിഷാരടി മുതലായവർ.

ഈ രണ്ടു പദങ്ങളേയും ഒന്നിച്ചുതന്നെ എടുക്കേണ്ടതാണെന്നു് അദ്ദേഹം പറയുന്നു; (12) 1374-75ലെ സർവ്വാംഗനാഥൻെറ കാലത്തിനു മുൻപുതന്നെ ക്ഷേത്രം നിലവിൽ ഉണ്ടായിരുന്നിരിക്കണം എന്നുള്ള ധാരണയാണു് ഇതിനു കാരണം. പക്ഷേ, ഒരേ ക്ഷേത്രം തന്നെ ഭിന്നകാലങ്ങളിൽ ജീവിച്ചിരുന്ന രണ്ടു ഭിന്നരാജാക്കന്മാരാൽ നവീകൃതമാകുന്നതിൽ യാതൊരു അസംഭാവ്യതയുമില്ലെന്നുള്ളതിനെ അദ്ദേഹം നിർഭാഗ്യവശാൽ വിസ്മരിക്കുന്നു. പഠനവിഷയമായ പ്രഥമശിലാശാസനം ഉല്ലേഖനം ചെയ്തിട്ടുള്ളതിൻെറ മുകളിലായി, അതേചുമരിന്മേൽതന്നെ എഴുതിട്ടുള്ള മറെറാരു ലേഖനത്തിൽനിന്നു (13) ക്ഷേത്രം മുൻപുതന്നെ ഉണ്ടായിരുന്നു എന്നു സ്പഷ്ടമാണു്. പ്രസ്തുതപദദ്വയം ഒരേ അത്ഥത്തെ പ്രതിപാദിക്കുന്നതാണെന്നും സമ്മതിക്കാം. എന്നാൽ അവയുടെ കത്തൃത്വം ഒരാളിൽത്തന്നെ നിക്ഷേപിക്കുന്നതു യുക്തമായിരിക്കുകയില്ല. ഒരേ അമ്പലത്തിലുള്ള ഒരേ രാജാവിൻെറ ഒരേ പ്രവൃത്തി ഒരേ ഭാഷയിൽ രണ്ടുപ്രാവശ്യം വണ്ണിക്കേണ്ടതിൻെറ ആവശ്യമെന്തു്? ഇതു തീച്ചയായും പുനരുക്തമായിട്ടുള്ളതും മറെറാരു ദൃഷ്ടാന്തം പറയുവാനില്ലാത്തതുമാകുന്നു. ഒരേ രാജാവിൻെറ പ്രവൃത്തിയുടെ

(12) വിജ്ഞാനദീപിക ഭാഗം 1, പേജു് 97.

(13) ഈ ശിലാശാസനം ഡാക്ടർ കീൽഹോൺ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. (എപ്പിഗ്രാഫിക്ക ഇൻഡിക്ക വാല്യം IV, പേജു് 202.)

ആവൎത്തനത്തിന്റെ അനാശാസ്യത, കരിക്കട്ടകൊണ്ടു കവിത എഴുതിപ്പിടിപ്പിക്കുവാനുള്ളതല്ല ക്ഷേത്രഭിത്തികളെന്നുള്ള വസ്തുത, രണ്ടു ശിലാശാസനങ്ങളിലും പ്രതിപാദിക്കപ്പെട്ടിട്ടുള്ള പേരുകൾ തമ്മിൽ ചേരുന്നില്ലെന്നുള്ള സംഗതി, (14) രണ്ടുപേരും പുതുക്കിയ ഇനങ്ങളുടെ എണ്ണത്തിൽ കാണുന്ന വ്യത്യാസം, (15) എന്നിവയെല്ലാം വെച്ചുകൊണ്ടു നോക്കുമ്പോൾ മുൻപറഞ്ഞ രണ്ടു ശിലാശാസനങ്ങളിൽ പ്രസ്തുതന്മാരായ പുരുഷന്മാർ ഭിന്നവ്യക്തികളാണെന്നു തീരുമാനിക്കേണ്ടിയിരിക്കുന്നു. ശ്രീകോവിലിന്റെ വടക്കേ ഭിത്തിമേലുള്ള ഒന്നാമത്തെ ശിലാശാസനത്തിലെ സൎവ്വാംഗനാഥനെന്ന രാജാവും, അതേ ക്ഷേത്രമണ്ഡപത്തിന്റെ തെക്കേഭാഗത്തുള്ള കുമുദത്തിൽ കാണുന്ന ശിലാശാസനത്തിലെ ആദിത്യവൎമ്മരാജാവും ഒരാൾതന്നെയാണെന്നു്, പ്രസ്തുത

---

(14) ഒന്നു സൎവ്വാംഗനാഥരാജാവും മറേറതു് ആദിത്യവൎമ്മരാജാവും. ഈ നാമധേയങ്ങൾ ഉൾക്കൊള്ളുന്ന രണ്ടു ശിലാശാസനങ്ങളും ഗോശാലാവേദിയിലെ ഭിന്നസ്ഥാനങ്ങളിലാണെന്നുള്ള സംഗതി ഓൎമ്മിക്കുമ്പോൾ സൎവ്വാംഗനാഥനെന്നുള്ളതു്, ആദിത്യവൎമ്മാവിന്റെ ബിരുദമാണെന്നു വിചാരിക്കുന്നതിനു് ഒരു യുക്തിയുമില്ല.

(15) സൎവ്വാംഗനാഥൻ ക്ഷേത്രത്തിലെ നാലു അംഗങ്ങളെ പുതുക്കുന്നുണ്ടു്; പക്ഷേ, ആദിത്യവൎമ്മാവാകട്ടെ മൂന്നെണ്ണത്തെ മാത്രമേ പുതുക്കുന്നുള്ളൂ.

ശിലാശാസനങ്ങളെമാത്രം വെച്ചുകൊണ്ടു വിശ്വസിക്കുവാൻ നിവൃത്തിയില്ല. (16)

സർവ്വാംഗനാഥരാജാവും ആദിത്യവർമ്മാവും ഒരാളുതന്നെയാണെന്നുള്ള വിഭാവനം അനാസ്പദമായിരിക്കെ, രണ്ടു ശിലാശാസനങ്ങളും രണ്ടു ഭിന്നവ്യക്തികളുടേതാണെന്നു നമുക്കു തീരുമാനിക്കേണ്ടിയിരിക്കുന്നു. ഇവരിൽ ആദിത്യവർമ്മരാജാവു് സർവ്വാംഗനാഥൻെറ ജീവിതകാലത്തിനുശേഷമാണു് ജീവച്ചിരുന്നതു് എന്നൂഹിക്കുന്നതും സമീചീനമാണു്. (17) ഗോശാലകൃഷ്ണക്ഷേത്രത്തിൻെറ നാലംഗങ്ങളെ

(16) സർവ്വാംഗനാഥനോ, ആദിത്യവർമ്മാവോ, സർവ്വാംഗനാഥ-ആദിത്യവർമ്മാവോ തിരുവിതാംകൂറിലെ ഒരു രാജാവായിരുന്നതായി ഈ ശാസനങ്ങളിലൊന്നിലും പറഞ്ഞുകാണുന്നില്ല.

(17) മററു വിധത്തിലാണെങ്കിൽ മണ്ഡപത്തെ സംബന്ധിച്ചു് അദ്ദേഹം വരുത്തിയ അലങ്കാരങ്ങളെ വിവരിക്കുന്നതിനു പ്രയാസമുണ്ടാകുന്നതാണു്. നിർമ്മാണരീതിയും ശുദ്ധയമാണു്. നടുവിലത്തെ കോവിൽഒഴിച്ചു ശേഷമെല്ലാം സർവ്വാംഗനാഥൻ പണികഴിപ്പിച്ചതാകണം. കോവിലിലെ 'ശിഖരം'മാത്രം അദ്ദേഹം പുതുക്കീട്ടുണ്ടായിരിക്കും. അങ്ങനെയല്ലെങ്കിൽ, സർവ്വാംഗനാഥനെപ്പററി ശാസനത്തിൻെറ നേരേ മുകളിലായി സ്ഥിതിചെയ്യുന്ന ആദിത്യരാമശാസനത്തിൻെറ സൽഭാവംവിവരിക്കുവാൻ ബുദ്ധിമുട്ടായിത്തീരും. അതുപോലെ, കോവിലിനെ സംബന്ധിച്ചിടത്തോളം, ആദിത്യവർമ്മാവു് അതിൻെറ കൂടംമാത്രം കേടുപാടുപോക്കീട്ടുണ്ടായിരിക്കണം. അദ്ദേഹത്തിൻെറ പ്രധാനമായ പ്രവൃത്തി മണ്ഡപത്തിൻെറ അലങ്കരണംമാത്രമാണു്.

സർവ്വാംഗനാഥരാജാവു് ആദ്യം പുതുക്കിച്ചു. അനന്തരം കുറേക്കാലംകഴിഞ്ഞു് ആദിത്യവർമ്മരാജാവു് അവയിൽ മൂന്നെണ്ണത്തെ വീണ്ടും പുതുക്കിക്കുകയും മണ്ഡപത്തെ ഏററവും മണ്ഡിതമാക്കുകയും ചെയ്തു. (18)

വടശ്ശേരിയിലെ ശിലാശാസനത്തിലേയ്ക്കു നാം നമ്മുടെ ശ്രദ്ധയെ തിരിക്കുന്നതിനു മുൻമ്പു് വടക്കു ഭാഗത്തുള്ള, അതേ ചുമരിന്മേൽത്തന്നെ ഉള്ള, 'ടി ക്ഷേത്രത്തിലെ മറെറാരു ശാസനത്തിനെ നാം നിരീക്ഷിക്കുവാൻ നിർബന്ധിതരായിത്തീന്നിരിക്കുന്നു. ഈ ശാസനത്തിൽ ഒരു ആദിത്യരാമ(വർമ്മ)ൻ (19)

---

(18) തി: പു: വ: ഗ: ഗ്രന്ഥമാല. വാല്യം 1 വശം 172 "മണ്ഡിതം മണ്ഡപം ദൃഷ്ട്വാ കൃഷ്ണസ്യ പുരതഃ സ്ഥിതം."

(19) ഈ ശിലാശാസനം ആദിത്യരാമന്റെ ശാസനമെന്നാണു് ഡാക്ടർ കീൽഹോൺ പറഞ്ഞിട്ടുള്ളതു്. ശ്രീമാൻ കെ. വി. സുബ്രഹ്മണ്യയ്യർ അവർകൾ സ്വീകരിച്ചു പ്രസിദ്ധംചെയ്തിട്ടുള്ള പാഠവും ഇതുതന്നെയാണു് (തി: പു: വ: ഗ: ഗ്രന്ഥമാലാപരമ്പര വാല്യം IV വശം 26) ശ്രീമാൻ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ‌അവർകൾ ആ പാഠം ആദിത്യവർമ്മാവു് എന്നാക്കിയാണു് സ്വീകരിച്ചിട്ടുള്ളതു് (വിജ്ഞാനദീപിക ഒന്നാംഭാഗം വശം 100). അതിനെ അദ്ദേഹം സഹൃദയമാസികയുടെ മൂന്നാംപുസ്തകം 5-ാം ലക്കത്തിൽ 'വഞ്ചിരാജവംശം' എന്ന ലേഖനത്തിൽ ആവർത്തിക്കുകയും ചെയ്തിട്ടുണ്ടു്.

പ്രസ്തുത ക്ഷേത്രത്തിലേയ്ക്കു (20) വെള്ളികൊണ്ടുണ്ടാക്കിയ ഒരു ഡിംഡിമം വഴിപാട് ചെയ്തതായി വർണ്ണിച്ചിട്ടുണ്ട്. സർവ്വാംഗനാഥനെ സംബന്ധിച്ചുള്ള ശാസനത്തിന്റെ നേരേ മുകളിലാണ് ഈ ശാസനം കൊത്തീട്ടുള്ളതു്. അതു് ഗ്രന്ഥലിപിയിൽ എഴുതീട്ടുള്ള സംസ്കൃതവിഭാഗം, വട്ടെഴുത്തിൽ എഴുതീട്ടുള്ളതായ അതിന്റെ ഒരു ഭാഷാന്തരം, എന്നിങ്ങനെ രണ്ടുഭാഗമായിട്ടാണ്. ഈ ആദിത്യരാമൻ കൊല്ലത്തിലെ ഗോദമാർത്താണ്ഡരാജാവിന്റെ ഛത്രവാഹകനായും ഇവിടെ വർണ്ണിക്കപ്പെട്ടിട്ടുണ്ട്. ഈ ലേഖനത്തിലുള്ള 'മാർത്താണ്ഡ' പദം ഒരു പരൽപ്പേരാണെന്ന് അതിനെ ആദ്യമായി പ്രസിദ്ധം ചെയ്ത മി: സുന്ദരംപിള്ള പറയുകയും, ആ കാരണം വെച്ചുകൊണ്ട് അതു കൊല്ലവർഷം 365-ൽ അതായതു്, ക്രിസ്തുവിനു് പിൻപു്

---

(20) എപ്പിഗ്രാഫിക്ക ഇൻഡിക്ക വാല്യം IV വശം 201.

സ്യാനന്ദൂരപുരൈകഗോഷ്ഠാലയകമലഭൃശേ ഗോദമാർത്താണ്ഡകോളം-
ബാധീശച്ഛത്രവാഹീ ധനുഷിച കൃതനൈവേദ്യമൃത്യുംഗജീവേ
ശ്രീമാനാദിത്യവർമ്മസ്സഹി രജതകൃതം ഡിണ്ഡിമം മന്ദരാംഭം
ഡിണ്ഡീരാഖണ്ഡഷണ്ഡദ്യുതി ശുഭമദിശൻ മാന്യ ആത്മാക്ഷമായാഃ

ഡാക്ടർ കീൽഹോൺ ആദിത്യരാമനെന്നും മി: പരമേശ്വരയ്യർ ആദിത്യവർമ്മാവെന്നും ആണ് പാഠങ്ങൾ സ്വീകരിച്ചിട്ടുള്ളതെന്നും നാം കണ്ടുകഴിഞ്ഞു. മി: റാവു ഇവരണ്ടിനേയും അംഗീകരിച്ചു് ഉപയോഗിച്ചു കാണുന്നുണ്ട്. 1084 ലെ വർഷാന്തറിപ്പോർട്ടിന്റെ 8-ാം വശം കാണുക.

1190-ാം ആണ്ടിൽ, ഉണ്ടായിട്ടുള്ളതാണെന്നു (21) സ്ഥാപിക്കുകയും ചെയ്യുന്നു. അതിന്റെ ശേഷം, ഗോദമാർത്താണ്ഡവർമ്മനാണ് കൊല്ലത്തിലെ ആദ്യത്തെ രാജാവായിരുന്നതെന്നും, അദ്ദേഹമാണ് കൊല്ലവർഷം സ്ഥാപിച്ചതെന്നും (22) മററും മി: പിള്ള വ്യാഖ്യാനിച്ചിട്ടുമുണ്ട്. ഈ രണ്ടു ധാരണകളും ഒരുപോലെ അടിസ്ഥാനരഹിതങ്ങളും ഒട്ടുവിലത്തേതു് അതിമാത്രം അബദ്ധജടിലവുമാകുന്നു. പില്ക്കാലത്തെ ലേഖകന്മാർ ഇവയെ അവഗണിച്ചിട്ടുണ്ടെങ്കിലും മി: പിള്ളയുടെ മതത്തെയും കഥനത്തെയും അനുകൂലിക്കുന്നവരായി ചിലർ ഇപ്പോഴുമുള്ളതായി കാണാം. (23) ഡാക്ടർ കീൽഹോണിന്റെ അഭിപ്രായത്തിൽ ഈ ശാസനം പതിന്നാലാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ചോളപ്രിയാലേഖനത്തിന്റെ കാലത്തിനോടടുത്തുണ്ടായതായിരിക്കണമെന്നാണ്. (24) മി: കെ. വി. സുബ്രഹ്മണ്യയ്യർ മി: പിള്ള നിശ്ചയിച്ച തീയതിയെ തള്ളിക്കളയുന്നതിൽ

---

[21] എപ്പിഗ്രാഫിക്കാ ഇൻഡിക്കാ വാള്യം IV, വശം 200-201.

[22] കൊല്ലം രാജകുടുംബത്തിന്റെയും, മലയാളികളുടെ കൊല്ലമായ കൊല്ലവർഷത്തിന്റെയും സ്ഥാപകൻ ഗോദമാർത്താണ്ഡനാണെന്നുള്ള സിദ്ധാന്തത്തെ മി: പിള്ള എങ്ങനെയാണ് നിർമ്മിച്ചിട്ടുള്ളതു് എന്നുള്ളതു് ഒരു രഹസ്യമായിരിക്കുന്നു.

[23] ആററൂർ എം. കൃഷ്ണപിഷാരടി അവർകളുടെ തിരുവിതാംകൂർ ചരിത്രം നോക്കുക.

[24] എപ്പിഗ്രാഫിക്കാ ഇൻഡിക്കാ വാള്യം IV വശം 201 നോക്കുക.

ഡാക്ടർ കീൽഹോൺനിൻെറ അഭിപ്രായത്തോടുയോജിക്കുന്നുണ്ടെങ്കിലും, (25) മി: പിള്ള പറഞ്ഞതായ കാലഘട്ടത്തോടുതന്നെ അതിനെ ഘടിപ്പിക്കുവാൻ ശ്രമിച്ചിരിക്കുന്നു. (26) എന്നാൽ ശാസനത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ആദിത്യവമ്മാവു് വേണാടിൻെറ രാജാവാണെന്നുള്ള അഭിപ്രായക്കാരനല്ല അദ്ദേഹം. (27) മി: ഗോപീനാഥറാവുവും മി: പിള്ളയുടെ കാലസൂചനയെ തള്ളിക്കളഞ്ഞു് കീൽഹോൺനിൻെറ കാലനിർണ്ണയത്തെ സ്വീകരിച്ചിരിക്കുന്നു. എന്നാൽ ആദിത്യവമ്മൻ ഒരു തിരുവിതാംകൂർ രാജാവാണെന്നാണ് അദ്ദേഹത്തിൻെറ സങ്കല്പം. (28) മററു സാഹിത്യലേഖകന്മാർ അവരവരുടെ വീക്ഷണഗതിയനുസരിച്ചു് മി: റാവുവിനോടോ അയ്യരോടോ യോജിക്കുന്നു. (29) എന്നാൽ ഇവരിലാരുംതന്നെ പ്രസ്തുത ശാസനത്തിലെ ആദിത്യരാമ

---

[25] തി. പു. വ. ഗ. ഗ്രന്ഥമാലാപരമ്പര വാല്യം IV വശം 26 നോക്കുക.

[26] ടി ടി

[27] ടി ടി

[28] മുകളിൽ പ്രസ്താവിച്ചിട്ടുള്ള 1084 ലെ വഷാന്തറിപ്പോട്ടിൻെറ 8-ാം വശം നോക്കുക.

[29] ഈ ശിലാശാസനത്തിൻെറ തീയതി നിർണ്ണയിക്കുന്നതിൽ ശ്രീമാൻ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ ശ്രീമാൻ പിള്ള അവർകളുമായി യോജിക്കുന്നുണ്ടെന്നു് വിജ്ഞാനദീപിക ഒന്നാംഭാഗം 100-ാം വശത്തുനിന്നു് വെളിവാകുന്നുണ്ടു്.

(വമ്മൻ)ൻ അതിനടുത്ത ശാസനത്തിൽ പറഞ്ഞിട്ടുള്ള സർവ്വാംഗനാഥൻതന്നെയാകുമോ ഇല്ലയോ എന്നുള്ളതിനേപ്പററി ചിന്തിക്കുവാൻ ഒരുങ്ങീട്ടില്ലെന്നുള്ളതു് ശ്രദ്ധേയമാണു്. ശ്രീ കോവിലിൻെറ വടക്കേ ചുമരിന്മേലുള്ള രണ്ടാംശിലാശാസനത്തിലെ സർവ്വാംഗനാഥരാജാവിനെ, ക്ഷേത്രത്തിൻെറ മുൻഭാഗത്തുള്ള മണ്ഡപത്തിൻെറ ദക്ഷിണഭാഗത്തിലുള്ള മറെറാരുശിലാശാസനത്തിലെ ആദിത്യവമ്മാവുമായും, പിന്നീട് വടശ്ശേരിയിലെ ശാസനങ്ങളിലെ സർവ്വാംഗനാഥനും ആദിത്യവമ്മാവുമായും സംബന്ധപ്പെടുത്താമെങ്കിൽ, ഗോദമാർത്താണ്ഡശാസനത്തിലെ ആദിത്യരാമ(വമ്മ)നെ സർവ്വാംഗനാഥനായി പരിണമിപ്പിക്കാതിരിക്കാനുള്ള കാരണവും നാം കാണുന്നില്ല. അങ്ങനെ ചെയ്താൽ വടശ്ശേരിശാസനങ്ങളിലെ സർവ്വാംഗനാഥൻതന്നെയാണു് സർവ്വാംഗനാഥ- ആദിത്യവമ്മനെന്നു് പേരായ ആദിത്യരാമ(വമ്മ)ൻ (30) എന്നു സിദ്ധിക്കുന്നതാണു്. ഇങ്ങനെ ഒരു ഏകീകരണം പുരോഗമിപ്പിക്കുവാൻ ആർക്കും തോന്നാത്തതിൻെറ കാരണം ആദിത്യരാമ(വർമ്മ)നെ കൊല്ലത്തിലെ ഗോദമാർത്താണ്ഡരാജാവിൻെറ ഛത്രവാഹകനായി പറഞ്ഞിട്ടുണ്ടെന്നുള്ളതാണു്. സർവ്വാംഗനാഥനും ആദിത്യവമ്മയുമായിട്ടുള്ള ഏകീകരണത്തിനു് എന്തെങ്കിലും അടിസ്ഥാനമുണ്ടെങ്കിൽ, അതിനെ സർവ്വാംഗനാഥനെപ്പററി പ്രസ്താവിച്ചിട്ടുള്ള ശാസനത്തിൻെറ മുകളിൽ കൊത്തിയ ശാസനത്തിലുള്ള ആദിത്യരാമ(വമ്മ)നേയും ആശ്ലേഷിക്കുന്നതിനായി പ്രസ

[30] 1084 ലെ വാഷികറിപ്പോൎട്ട് 8-ാം ഭാഗം നോക്കുക.

രിപ്പിക്കുന്നതിൽ യാതൊരു അസാധ്യതയും തോന്നുന്നില്ല. ആദിത്യവർമ്മയെ സർവ്വാംഗനാഥനുമായി സരൂപപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ചിരിക്കുന്ന ക്രമം തീരെ വിമർശപരമല്ലെന്നുള്ളതിനെ പ്രത്യേകം എടുത്തുപറയേണ്ട ആവശ്യമില്ല. ഇതു് ഈ വിഷയത്തെ സംബന്ധിച്ച് എഴുതപ്പെട്ടിട്ടുള്ള പുസ്തകങ്ങളിൽ കണ്ടുവരുന്ന പല സ്ഖാലിത്യങ്ങൾക്കും കാരണമാക്കിട്ടുണ്ടു്. കോവിലിൻെറ വടക്കേ ചുമരിന്മേലുള്ള ശാസനങ്ങളിലെ സർവ്വാംഗനാഥനും ആദിത്യരാമ(വർമ്മ)നും ഭിന്ന (31) ന്മാരായിരിക്കുന്നതുപോലെ കോവിലിൻെറ വടക്കേ ചുമരിലെ ശാസനത്തിൽ പ്രസ്തുതനായ സർവ്വാംഗനാഥനും കോവിലിൻെറ മുൻഭാഗത്തെ മണ്ഡപത്തിൻെറ ദക്ഷിണഭാഗത്തിൽ ഉള്ള ശാസനത്തിലെ ആദിത്യവർമ്മരാജാവും ഭിന്നന്മാരാണെന്നു പറയേണ്ടിയിരിക്കുന്നു. ഒരു ശാസനത്തിലുള്ള ഒരാളെ മറെറാരുശാസനത്തിലുള്ള വേറെ ഒരാളുമായി സമീകരിക്കുന്നതിനു്, നമുക്കറിയാവുന്നിടത്തോളം, യാതൊരു തെളിവുമില്ല.

പത്മനാഭസ്വാമിക്ഷേത്രത്തിലെ ശാസനങ്ങളെ പ്രസിദ്ധം ചെയ്തപ്പോൾ മി. റാവു, അവയ്ക്കിടയ്ക്കു് നാഗർകോവിലിന്നടുത്തുള്ള വടശ്ശേരിയിൽ

---

(31) ശ്രീമാന്മാരായ സുന്ദരംപിള്ള, ഗോപീനാഥറാവു, കെ. വി. സുബ്രഹ്മണ്യയ്യർ, ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എന്നിവരുടെ അഭിപ്രായവും അതുതന്നെയാണു്. ഈ അഭിപ്രായമാകട്ടെ തീരെ സ്ഥിരീകൃതമായിട്ടുള്ളതല്ല.

നിന്നു കിട്ടിയ മററൊരു ശാസനത്തെയും കൊണ്ടുവന്നു കൊള്ളിച്ചിട്ടുണ്ടു്. ഈ ശാസനം കൃഷ്ണക്ഷേത്രത്തിന്റെ പുരോഭാഗത്തിൽ മണ്ഡപത്തിന്റെ വടക്കും കിഴക്കുമുള്ള (32) ഭാഗങ്ങളിലാണ് കൊത്തപ്പെട്ടിരിക്കുന്നതു്. അഞ്ചു ശ്ലോക (33) ങ്ങളടങ്ങിയ ഈ ശാസനത്തിൽ മൂന്നു ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന ഒന്നും രണ്ടും ഭാഗങ്ങൾ പൂർണ്ണങ്ങളും അഞ്ചാമത്തെ ശ്ലോകത്തിന്റെ ആരംഭവരികൾമാത്രമുള്ള മൂന്നാം ഭാഗം അപൂർണ്ണവും ആകുന്നു. ശ്ലോകങ്ങളിലാദ്യത്തേതു് ഉത്തമപുരുഷനിലാണ് രചിച്ചിട്ടുള്ളതു്. അതിലെ വക്താവു് താൻ സർവ്വാംഗനാഥനെന്ന ബിരുദ സ്വീകരിക്കുവാനുള്ള കാരണത്തെ വിവരിക്കുന്നു.(34)

---

(32) 1084-ലെ വർഷാന്തറിപ്പോർട്ടിൽ പ്രസ്തുതശിലാശാസനം മണ്ഡപത്തിന്റെ പൂർവ്വമുഖത്തിലാണ് എന്നു് പ്രസ്താവിച്ച ശ്രീമാൻ ഗോപീനാഥറാവു, അതിനെ പ്രസാധനം ചെയ്തപ്പോൾ, അതു് ഉത്തരപൂർവ്വമുഖങ്ങളിലാണെന്നു പറഞ്ഞു കാണുന്നതു് വളരെ വിചിത്രമായിരിക്കുന്നു.

(33) തി: പു: വ: ഗ: ഗ്രന്ഥമാലാപരമ്പര വാല്യം 1 വശം 172 നോക്കുക. ശ്രീമാൻ ഗോപീനാഥറാവു, മൂന്നുശ്ലോകങ്ങളെപ്പററി പ്രസ്താവിക്കുന്നു. ഇതു് തെററാണ്. എന്തുകൊണ്ടെന്നാൽ, ശ്ലോകങ്ങൾ എണ്ണത്തിൽ അഞ്ചുണ്ടു്. പക്ഷേ, അദ്ദേഹം ഉദ്ദേശിച്ചിരിക്കുന്നതു് മൂന്നു വിഭാഗങ്ങൾ എന്നായിരിക്കാം.

(34) തി: പു: വ: ഗ: ഗ്രന്ഥമാലാപരമ്പര വാല്യം I വശം 172

ശബ്ദജ്ഞോസ്മ്യർത്ഥലക്ഷ്യലക്ഷണഗുരുഃ സാഹിത്യസംഗീതയോഃ
സ്മൃത്യർത്ഥാല്പപുരാണശാസ്ത്രനിഗമാൻ ജാനേ പ്രമാണാന്യപി.
ഷട്ത്രിംശത്സ്വപി ഹേതിഷു ശ്രമഗുണൈര്ന്നേ ശ്ലോഭേ കുലാനാം കുലാ-
ന്യഭ്യാസേ യുധി ദ്രുപതിഞ്ച വിജയേ സർവ്വാംഗനാഥോസ്മ്യതഃ

രണ്ടും മൂന്നും ശ്ലോകങ്ങൾ, ആദിത്യവർമ്മാവ്— അദ്ദേഹം ഒരു രാജാവായിരുന്നു എന്നു് ഇവിടെ പറയുന്നില്ല—ഒരു വലിയ വിദ്വാനും യോദ്ധാവും (35) ആയിരുന്നുവെന്നു പ്രസ്താവിക്കുന്നു. നാലാമത്തെ

---

ശ്രീമാൻ ഉള്ളൂർ എസ്സ് പരമേശ്വരയ്യർ അവർകൾ ആദിത്യവർമ്മാ (ഇതു അദ്ദേഹത്തിൻെറ സ്വന്തം അഭിപ്രായപ്രകാരമുള്ള പേരാണ്) വിൻെറ പേരോടുകൂടി 'സകലകലൻ' എന്നുള്ള ബിരുദപ്പേരുകൂടി ചേർത്തുകാണുന്നുണ്ടു്. (സഹൃദയ മൂന്നാംവാല്യം 5-ാം ലക്കം 'വഞ്ചിരാജവംശം' എന്ന ലേഖനം നോക്കുക). ആദിത്യവർമ്മാവിന് ഈ സ്ഥാനപ്പേരു കല്പിച്ചുകൊടുക്കുകയും പിന്നെ അദ്ദേഹത്തെ ഒരു രാജാവാക്കി രൂപാന്തരപ്പെടുത്തുകയും ചെയ്തിട്ടുള്ളതു് ഏതു് ശാസനത്തെ ആധാരമാക്കിയാണെന്നു് മി. ഉള്ളൂർ പറഞ്ഞിട്ടില്ല. ഇതുപോലെ രൂപാന്തരത്തെ പ്രാപിപ്പിച്ചിട്ടുള്ള മററൊരു സകലകലാസർവ്വാംഗനാഥ-ആദിത്യവർമ്മാവിനെ അദ്ദേഹം ദശാവതാരചരിതം, അവതരണദശകം എന്നിങ്ങനെ രണ്ടു കൃതികളുടെ കർത്താവായി സങ്കല്പിക്കുകയും അദ്ദേഹത്തിൻെറ കാലം 1375 മുതൽ 1399 വരെയാണെന്നു പ്രസ്താവിക്കുകയും ചെയ്യുന്നുണ്ടു്.

(35) തി: പു: വ: ഗ: ഗ്രന്ഥമാല വാല്യം I വശം 172.

സാഹിത്യേ നിപുണാഃ കേചിൽ കേചിൽ ശാസ്ത്രേ ച കോവിദഃ
കേചിൽ ഗീതേ കൃതാഭ്യാസാഃ കേചിൽ ശാസ്ത്രകൃതശ്രമാഃ
ആദിത്യവർമ്മൻ ഭവതസ്സാമ്യമിച്ഛന്തി തേ കഥം?
പാരംഗതേന വിദ്യാനാമേകാം വിദ്യാം സമാശ്രിതാഃ

രണ്ടാംശ്ലോകത്തിലെ ഒന്നാംവരിയിലുള്ള ഭവതഃ എന്ന പദത്തെ ശ്രദ്ധിക്കുക, അതു ഭവതാ എന്നു വായിക്കേണ്ടതാണ്.

ശ്ലോകം കൃഷ്ണഭഗവാന്റെ മാഹാത്മ്യത്തെ കീൎത്തി ക്കുന്നു.(36) പ്രസ്തുതമായ ആ അഞ്ചു ശ്ലോകങ്ങളും ആന്തരികമായ യാതൊരു പരസ്പരസംബന്ധവുമി ല്ലാത്ത മൂന്നു സ്വതന്ത്രഭാഗങ്ങളാണ് എന്നു തോ ന്നും. (37) അവ ഭിന്നമായ കാലഘട്ടങ്ങളിൽ ഉത്ഭ വിച്ചതായിരിക്കണം എന്നു മിക്കവാറും നിശ്ചയി ക്കാവുന്നതാണ്. ഈ പ്രമാണത്തെമാത്രം ആസ്പദ മാക്കി സൎവ്വാംഗനാഥ—ആദിത്യവൎമ്മ— ഏകീക രണത്തെ പോഷിപ്പിക്കുന്നതു ന്യായീകരിക്കത്തക്ക തല്ല. എന്തുകൊണ്ടെന്നാൽ ഈ പ്രമാണം രണ്ടു ആളുകൾ ജീവിച്ചിരുന്നു എന്നു മാത്രമേ പറയുന്നു ള്ളൂ. അവരിൽ ഒരാൾ സർവ്വാംഗനാഥനെന്ന ബിരു ദമുള്ള ഒരു അനിൎണ്ണീതപുരുഷനും, മറേറയാൾ വ ലിയ വിദ്വാനും യോദ്ധാവുമായ ഒരു ആദിത്യവ ൎമ്മാവും ആയിരുന്നു.

നാലു ശിലാശാസനങ്ങളേയും നിരീക്ഷിച്ചതിൽ
നിന്നു നമുക്കു കിട്ടിയിട്ടുള്ള ഫലങ്ങളെ സം
ഗതികളുടെ അംഗീകരണത്തിലേയ്ക്കു
ഒരു പട്ടികയായി കാണിക്കുന്നു.

---

(36) നവജലദസമാഭഃകഞ്ജ (നേത്രേ കൃതാങ്കഃ)
പതിതചികുരസംഘം വാരയന്നംഗുലീഭിഃ
വ്രജയുവതിസമൂഹം സസ്മിതം പ്രേക്ഷമാണോ
വസതി ഹൃദി സദാ മേ ബാലകൃഷ്ണസ്യ ഭാവഃ

| സ്ഥലം | സ്ഥാനം | പേര് | ബിരുദം | ഉള്ളടക്കം | തീയതി |
|---|---|---|---|---|---|
| തിരുവനന്തപുരം ഗോശാലാ വേദിക | ശ്രീകോവിൽ വടക്കേ ചുമരിൽ നമ്പർ 1. | ആദിത്യ രാമ വ(ർമ്മ)ൻ | കൊല്ലം വാണിരുന്ന രാജാവിന്റെ ഛത്രവാഹി | ഒരു വെള്ളിച്ചെണ്ട ക്ഷേത്രത്തിലേയ്ക്കു സംഭാവന ചെയ്തു. | ശൂന്യം |
| | ടി നമ്പർ 2 | സർവ്വാംഗനാഥൻ | രാജാവ് | ഗോശാല, ദീപികാഗൃഹം, മണ്ഡപം, ശ്രീകോവിൽ എന്നിവ നവീകരിച്ചു. | 1374—75 |
| | മണ്ഡപത്തിന്റെ തെക്കേ കുമുദം. | ആദിത്യ വർമ്മാവ് | രാജാവ് | ദീപികാഗൃഹമൊഴിച്ചു മററു മൂന്നിനേയും നവീകരിച്ചു. | ശൂന്യം |
| വടശ്ശേരി കൃഷ്ണൻകോവിൽ | മണ്ഡപത്തിന്റെ വടക്കും കിഴക്കും ഭാഗം നമ്പർ 1. | ശൂന്യം | സർവ്വാംഗനാഥൻ | ബിരുദത്തിന്റെ പ്രാധാന്യത്തെ വിവരിക്കുന്നു. | ശൂന്യം |
| | ടി നമ്പർ 2. | ആദിത്യ വർമ്മാവ് | ശൂന്യം | വിദ്വത്ത്വത്തെ പ്രശംസിച്ചിരിക്കുന്നു. | ശൂന്യം |
| | ടി നമ്പർ 3. | കൃഷ്ണസ്വാമി | ——— | പ്രശംസ | ശൂന്യം |

[37] 34-ാമത്തെ അർത്ഥവിവരണത്തിൽ ഉദ്ധരിച്ച ശിലാശാസന

ഈ വിവരണപ്പട്ടികയിൽനിന്ന്, രണ്ടു ക്ഷേത്രങ്ങളിലേയും ശാസനങ്ങളിൽ പറഞ്ഞിട്ടുള്ള എല്ലാ സർവ്വാംഗനാഥന്മാരും ആദിത്യവർമ്മാക്കളും ഒരാളുതന്നെയല്ലെന്നും സർവ്വാംഗനാഥ— ആദിത്യവർമ്മാവിനെ വേണാട്ടിലെ ഒരു രാജാവായി സ്വീകരിക്കുന്നതിന് ഒരു അടിസ്ഥാനവുമില്ലെന്നും സ്പഷ്ടമാകുന്നുണ്ടല്ലോ. ഇക്കാരണങ്ങൾകൊണ്ടെല്ലാം ഗോശാലയിലേയും വടശ്ശേരിയിലേയും ശാസനങ്ങളെ അന്യോന്യം തെളിവായി സ്വീകരിക്കാവുന്നതുമല്ല. ഇവയെ മാത്രം വെച്ചുകൊണ്ടു സർവ്വാംഗനാഥ—ആദിത്യവർമ്മ സരൂപീകരണത്തെ ഘോഷിക്കാവുന്നതുമല്ല.

---

ത്തിലെ ആദ്യത്തെ ശ്ലോകങ്ങൾ, സർവ്വാംഗനാഥൻ എന്ന പേരു സ്വീകരിക്കുവാനുള്ള കാരണത്തെ വിവരിക്കുന്നു. അതുകൊണ്ട് അത് സ്ഥാനപ്പേരുവഹിക്കുന്ന ആളുടെ തന്നെ ഒരു പ്രസ്താവനയായിരിക്കണം. 35-ാമത്തെ അർത്ഥവിവരണത്തിൽ പ്രസ്താവിച്ചിട്ടുള്ളതായ രണ്ടു ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന രണ്ടാം വിഭാഗം ഏതോ ഒരു ആദിത്യവർമ്മാവിനെക്കുറിച്ച്, അദ്ദേഹത്തിൻെറ ആശ്രിതനായ ഒരു കവി ചെയ്യുന്ന വിവരണമാണ്. അതുകൊണ്ട് രണ്ടാമത്തേതിൽ പറഞ്ഞിട്ടുള്ള സർവ്വാംഗനാഥനും ആദിത്യവർമ്മാവും ഒരാളല്ല. അവർ ഒരാളായിരുന്നുവെങ്കിൽ, രണ്ടാമത്തെ കവി തൻെറ പ്രശംസയിൽ സർവ്വാംഗനാഥൻെറ പേരുകൂടി പ്രസ്താവിക്കുമായിരുന്നു. എന്നാൽ കവി അപ്രകാരം ചെയ്തുകാണുന്നില്ല. അതുകൊണ്ട് ഇതിനെയെല്ലാം അധാരമാക്കി ഈ രണ്ടു ശ്ലോകവിഭാഗങ്ങളിൽ പ്രത്യക്ഷീഭവിക്കുന്ന സർവ്വാംഗനാഥനും ആദിത്യവർമ്മാവും രണ്ടു പേരാണെന്ന് തീരുമാനിക്കേണ്ടിയിരിക്കുന്നു. മൂന്നാമത്തെ പദ്യം ശ്രീകൃഷ്ണൻെറ ഒരു സ്തുതിയാണ്. അതു രചിച്ചത് മുൻപ്രസ്താവിച്ച ശ്ലോകങ്ങൾ ഉണ്ടാക്കിയ കവികൾതന്നെയോ അല്ലെങ്കിൽ വേറെവല്ലവരുമോ ആകാം.

ഈ നിലയ്ക്കു്, ഗോശാലാശാസനത്തെപ്പററി പ്രസ്താവിക്കുമ്പോൾ വടശ്ശേരിശാസനത്തെ കുത്തി ച്ചെലുത്തുന്നതു് അസംഗതമാണു്. ആയതിനാൽ ഇവ രണ്ടിനേയും ഇടകലർത്തി മി: റാവു ചെയ്തമാതിരി വിമർശിക്കുന്നതു്, വിമർശനരീതിവിരോധമായിട്ടുള്ളതാണു്. (38) ഇപ്രകാരം ഗവേഷണപഥത്തിന് അനനുയോജ്യമായവിധം വിമർശിച്ചതുകൊണ്ടു് സാമാന്യവായനക്കാർ നിരർത്ഥകമായ ഒരു ഏകീകരണം സ്വീകരിപ്പാനും അതിനെത്തുടർന്നു് വീണ്ടും ? ചരിത്രസംഗതികളിൽ അഭ്യൂഹപരമ്പരകളെ കെട്ടിച്ചമയ്ക്കുവാനും ഇടയായി എന്നുള്ള സംഗതിയുംകൂടി ഇവിടെ പ്രസ്താവയോഗ്യമാണു്. (39)

---

(38) ഈ ശിലാശാസനങ്ങളെ പ്രസാധനം ചെയ്തുകൊണ്ടു് എഴുതിയ അവതാരികയിൽ, സർവ്വാംഗനാഥന്റെ പ്രസ്താവമുള്ള എല്ലാ ശിലാശാസനങ്ങളേയും താൻ ഒന്നിച്ചു് എടുത്തിരിക്കുകയാണെന്നു് മി: റാവു പറഞ്ഞിട്ടുണ്ടു്. (തി: പു: വ: ഗ: ഗ്രന്ഥമാലാപരമ്പര വാള്യം 1 വശം 171). എന്നാൽ അദ്ദേഹം ഗോശാലാക്ഷേത്രത്തിൽത്തന്നെ കോവിലിന്റെ മുൻഭാഗത്തുള്ള ബലിക്കല്ലിൽ കാണുന്ന സർവ്വാംഗനാഥപ്രസ്താവമുള്ള വേറേ ഒരു ശിലാശാസനത്തെ ഇതിൽ ഉൾപ്പെടുത്തിക്കാണാത്തതു് എന്തുകൊണ്ടാണെന്നറിയുന്നില്ല. അതു് വിസ്മൃതിയുടെ ചേഷ്ടയോ, അഥവാ, ഒരു മനഃപൂർവ്വമായ പ്രവൃത്തിയോ? ഇതു കണ്ടറിഞ്ഞു് ഇതിനേയും അദ്ദേഹം വ്യാഖ്യാനിച്ചിരുന്നുവെങ്കിൽ, അദ്ദേഹം സ്വീകരിച്ച വിവിധവ്യക്തികളുടെ ഏകീകരണം വായനക്കാരെ അത്ര വേഗത്തിൽ മയക്കുകയില്ലായിരുന്നു.

[39] വിജ്ഞാനദീപിക 1-ാം ഭാഗം 88-ാം പേജിൽ ഉണ്ണുനീലി സന്ദേശത്തെക്കുറിച്ചു് ഉള്ളൂർ ചെയ്തിരിക്കുന്ന കാലനിർണ്ണ

ചുരുക്കത്തിൽ പറയുകയാണെങ്കിൽ, തിരുവനന്തപുരം ഗോശാലാകൃഷ്ണന്റെ വടക്കേ ഭിത്തിമേലുള്ള ശാസനം 1374-1375 A. C. യിൽ ജീവിച്ചിരുന്ന സർവ്വാംഗനാഥരാജാവിനേയും, അദ്ദേഹം ചെയ്യിച്ച നാലു നവീകരണത്തെയും പററി പ്രസ്താവിക്കുന്നു; മണ്ഡപത്തിന്റെ തെക്കേ ഭാഗത്തുള്ള ശിലാശാസനം ആദിത്യവർമ്മരാജാവു് മൂന്നു എടുപ്പുകളെ നവീകരിച്ചുവെന്നു വർണ്ണിക്കുന്നു; വടശ്ശേരിയിലെ ശിലാശാസനത്തിലെ പ്രഥമശ്ലോകം വക്താവു് സർവ്വാംഗനാഥബിരുദത്തെ ഒരു ബിരുദമായി സ്വീകരിച്ചതിനു കാരണമെന്തെന്നു പ്രതിപാദിക്കുന്നു; രണ്ടു ശ്ലോകം മാത്രമുള്ള രണ്ടാമത്തേ വിഭാഗം ഒരു ആദിത്യവർമ്മാവു വലിയ വിദ്വാനും യോദ്ധാവും ആയിരുന്നുവെന്നു കുറിക്കുന്നു. സ്പഷ്ടമായി പറഞ്ഞിട്ടുള്ള ഈ സംഗതികളിൽനിന്നു്, മി: റാവുവിനാൽ പുരസ്കൃതവും, ഉള്ളൂരിനാലും ആററൂരിനാലും സമ്മതിക്കപ്പെട്ടതും ആയ അഭ്യൂഹങ്ങളെ നിശ്ചിത ചരിത്ര സംഗതികളായി സ്വീകരിക്കാവുന്നതല്ല. അതുകൊണ്ടു് (i) സർവ്വാംഗനാഥനും ആദിത്യവർമ്മാവും ഒരേ വ്യക്തിയാണെന്നോ, (ii) സർവ്വാംഗനാഥൻ എന്നതു് ആദിത്യവർമ്മാവിന്റെ സ്ഥാനപ്പേരാണെന്നോ, (iii) സർവ്വാംഗനാഥബിരുദത്താൽ വിശേഷിപ്പിക്കപ്പെട്ട ആദിത്യവർമ്മാവുതന്നെയാണു്, തിരുവനന്തപുരത്തിലേയും വടശ്ശേരിയി

---

യത്തെ, പ്രസ്തുതസന്ദേശം പ്രസാധനം ചെയ്ത ആററൂർ കൃഷ്ണപിഷാരടി അവർകൾ അതിന്റെ അവതാരികയിൽ ചെയ്തിട്ടുള്ള കാലനിർണ്ണയവുമായി താരതമ്യപ്പെടുത്തുക.

ലേയും ശിലാശാസനങ്ങളിൽ പ്രസ്തുതനായ വ്യക്തിയെന്നോ (iv) അദ്ദേഹത്തിൻെറ ജീവിതത്തീയതി 1374-75 A. C. ആണെന്നോ (v) അദ്ദേഹം വേണാട്ടിലെ രാജാവായിരുന്നു എന്നോ പ്രസ്തുത ശിലാശാസനങ്ങളെക്കൊണ്ടു സാധിക്കാവുന്നതല്ല (40)

ഈ നിരൂപണം അവസാനിപ്പിക്കുന്നതിന്നു മുമ്പ് ഒരു സംഗതികൂടി പറഞ്ഞുകൊള്ളട്ടെ. ആയതു്, ചോളപ്രിയശാസനത്തിൻെറ കാലനിയമനത്തെപ്പററിയാണ്. ശിലാശാസനത്തിലെ 'ചോളപ്രിയ' എന്ന അബ്ദസംഖ്യ ശകാബ്ദത്തെ സൂചിപ്പിക്കുന്നുവെന്നു പലരും വ്യാഖ്യാനിച്ചിട്ടുണ്ടെങ്കിലും, അവരാരുംതന്നെ അങ്ങനെ എടുക്കുന്നതിലേയ്ക്കു യാതൊരു തെളിവും പുരസ്കരിച്ചിട്ടില്ല. ഈ അഭിപ്രായം ശരിയാണെന്നു സമ്മതിക്കുകയാണെങ്കിൽതന്നെ, മററൊരു കാര്യംകൂടി പിന്നേയും ആലോചനാവിഷയമായിട്ടുണ്ടു്. ശാസനത്തിലെ പാഠം ചോലപ്രിയയെന്നോ ചോളപ്രിയയെന്നോ എന്ന സംഗതി ശാസനം കണ്ടുതന്നെ നിശ്ചയിക്കണം.

[40] ഈ ലേഖനത്തിൻെറ ഇടയ്ക്കു പ്രതിപാദിക്കപ്പെട്ടിട്ടുള്ള എല്ലാലേഖകന്മാരും 'ചോളപ്രിയ'യുടെ വർണ്ണസംഖ്യാക്രമത്തിൻെറ ഗണനയിൽനിന്നു കിട്ടുന്ന കൊല്ലവുമായി കൂട്ടിയിണക്കീട്ടുള്ള സർവ്വാംഗനാഥൻ (ആദിത്യവർമ്മാവു്) തിരുവിതാംകൂറിലെ ഒരു രാജാവായിരുന്നു എന്നു സങ്കല്പിച്ചിട്ടുണ്ടു് എന്നു വരികിലും അവർ ആ പ്രതിപാദനം കൊണ്ടു എന്താണ് ഉദ്ദേശിച്ചിട്ടുള്ളതെന്നു വ്യക്തമാകുന്നില്ല. ഉള്ളൂർ അദ്ദേഹത്തിൻെറ 'വഞ്ചിരാജവംശം' എന്ന ലേഖനത്തിൽ ഈ കാര്യത്തിൽ അദ്ദേഹം കരുതി

ചോലപ്രിയ എന്നതിനെ 'ലളയൊരഭേദം' കല്പിച്ച ചോളപ്രിയയാക്കി 1296 ശകവഷം എന്നാണു നിശ്ചയിച്ചിട്ടുള്ളതെങ്കിൽ അതു തെററാണ്. ഞങ്ങളുടെ അഭിപ്രായം വാസ്തവമാണെങ്കിൽ, ചോലപ്രിയ സൂചിപ്പിക്കുന്നകാലം 1236 ശ: വ: മാണ്. ഇതുതന്നെയാണല്ലൊ ക്രൂപകസാവ്ഭൌമനും ക്ഷത്രചൂഡാമണിയുമായ രവിവമ്മകുലശേഖരദേവൻെറ ഔന്നത്യം പരമകാഷ്ഠയിൽ എത്തിയകാലം. അദ്ദേഹം ഒരു ചോളപ്രിയനായിതീന്ന കഥകൂടി നമുക്ക് ഇതിൽ നിന്നു ഗ്രഹിക്കാവുന്നതാണ്. ഇപ്പറഞ്ഞതിൽനിന്നെല്ലാം ഗോശാലാശിലാശാസനത്തിലെ സർവ്വാംഗനാഥരാജാവു് മഹാനായ രവിവമ്മരാജാവാണെന്ന് ധരിച്ചുകൂടേ? ശ്രീരംഗത്തിലെ ശ്രീരംഗനാഥൻെറ ഒരു പരമഭക്തനും, തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ അധിഷ്ഠാനദേവത കുലദൈവതമായിട്ടുള്ള ഒരു രാജകുടുംബ

---

ട്ടുള്ള അത്ഥത്തെ വിവരിച്ചിട്ടുണ്ടു്. ഈ ശബ്ദത്തിൻെറ ശരിയായ വ്യാഖ്യാനമെന്തായിരുന്നാലും-അതു് ഓരോ കാലത്തു് മാറിമാറിയിരുന്നു-സ്റ്റേറവ്മാനവൽ പറയുന്നതിങ്ങനെയാണ്:--'ഈ കാലത്തു കോട്ടാറ മുതലായ സ്ഥലങ്ങൾ ത്രിഭുവനചക്രവത്തി ശ്രീപരാക്രമപാണ്ഡ്യാദേവനെന്നുകൂടി പേരുണ്ടായിരുന്ന കൊച്ചുംദയവമ്മാവിൻെറ അധീനത്തിൽ ആയിരുന്നു. ഇദ്ദേഹം കോട്ടാറിലുള്ള രാജേന്ദ്രചോളേശ്വരം എന്ന ക്ഷേത്രത്തെ ശകാബ്ദം 1295-ൽ (വാസ്തവത്തിൽ ഈ കൊല്ലം 1293 ആണെന്നു ചോളപുരത്തിലെ റിക്കാർട്ടിൽനിന്നു കാണുന്നു. തി: പു: വ: ഗ: ഗ്രന്ഥമാലാപരമ്പര വാല്യം VI വക്കം 28) പുതുക്കി,

ത്തിൽ ജനിച്ചവനും പൂർവ്വദേശങ്ങളെ ജയിച്ചുവന്നു വേഗവതീതീരത്തിൽവച്ചു രാജാഭിഷേകം ചെയ്യപ്പെട്ടവനുമായ അദ്ദേഹം തൻെറ സ്വന്തം രാജ്യത്തിലേയ്ക്കു വന്നതിൻെറ ശേഷം പത്മനാഭക്ഷേത്രത്തിലെ ഗോശാലാവേദി നവീകരിച്ചതായി വിചാരിക്കുന്നതിൽ അത്ഭുതത്തിനു് അവകാശമില്ല. ഈ അഭിപ്രായഗതിക്കു് ഒരു ബാധകം ഉണ്ടാകാം. അതു സർവ്വാംഗനാഥനെന്ന ബിരുദം അദ്ദേഹത്തിൻെറ മററു ശാസനങ്ങളിൽ പറഞ്ഞുകാണുന്നില്ലെന്നുള്ളതാണു്. അദ്ദേഹത്തിൻെറ എല്ലാ ശിലാശാസനങ്ങളും എല്ലാ ബിരുദങ്ങളേയും പ്രതിപാദിക്കുന്നില്ല എന്നുള്ളതുതന്നെയാണു് അതിനുള്ള സമാധാനം. ഏതുവിധത്തിലും ഈ ബിരുദം കോളംബനാഥനായ രവിവമ്മരാമവമ്മൻ കുലശേഖരദേവത്രിഭുവനചക്രവത്തിയിൽ ഏററവും യോജിക്കുന്നു.

---

അതിനും പുറമേ പതിമ്മൂന്നുകൊല്ലത്തിനുശേഷം ശുചീന്ദ്രം ക്ഷേത്രത്തിലേയ്ക്കു ചിലസ്ഥാവരവസ്തുക്കൾ ദാനംചെയ്തതായും കാണുന്നുണ്ടു്.' തി: സ്റ്റേ: മാനുവൽ [വാല്യം 1 വശം 265] ഈ സംഗതി സ്പഷ്ടമായി പറഞ്ഞിട്ടുണ്ടു്. അതിൽ നിന്നുതന്നെ കിട്ടുന്ന അറിവുകൊണ്ടു് അദ്ദേഹം കൊ: വ: 548 മുതൽ 561 വരെ 13 കൊല്ലക്കാലത്തേയ്ക്കു നാഞ്ചിനാട്ടു ഭരിച്ചിരുന്നു എന്നു മനസ്സിലാകുന്നു. കൊല്ലവർഷം 538 മുതൽ 557 വരെ വേണാട്ടിൽ ശ്രീവീരഉദയമാർത്താണ്ഡവമ്മ എന്നൊരു രാജാവുണ്ടായിരുന്നുവെന്നും അദ്ദേഹം ദക്ഷിണതിരുവിതാംകൂറിൽവെച്ചു പരാക്രമപാണ്ഡ്യനുമായി പോരാടിയിരുന്നു എന്നും അടുത്തുതന്നെ അ

തിരുവനന്തപുരത്തുള്ള ഗോശാലാവേദിയിൽ കൊത്തീട്ടുള്ള നഷ്ടപ്രായമായ ശിലാശാസനത്തിൽ നിന്നു മേല്പറഞ്ഞ അഭിപ്രായത്തെ പാക്ഷികമായി സ്വീകരിക്കുവാനുള്ള സാമഗ്രി ലഭിക്കുന്നതുമുണ്ടു്. ഈ ശാസനം ഒരു സർവ്വാംഗനാഥരവിവമ്മ തൃപ്പാപ്പൂർ മൂത്തതിരുവടിയെ സൂചിപ്പിക്കുന്നു. (1084ലെ വഷാന്തറിപ്പോർട്ട്—പേജ് 17. നമ്പർ 38) പ്രസ്തുതശാസനം സവിസ്തരമായി ആരും പരിശോധിച്ചിട്ടില്ലെങ്കിലും, രവിവമ്മാവുമായി ഘടിപ്പിച്ചിട്ടുള്ള സർവ്വാംഗനാഥനെന്ന ബിരുദവും തൃപ്പാപ്പൂർ

---

തിൽ പറഞ്ഞുകാണുന്നുണ്ടു്. 1372-ൽ തിരുവനന്തപുരത്തുള്ള ഗോപാലകൃഷ്ണസ്വാമി ക്ഷേത്രം പണിയിച്ച ഒരു രാജാവിനെപ്പററി (സർവ്വാംഗനാഥ ആദിത്യവമ്മൻ II) പ്രസ്താവിക്കുന്ന മി: സുന്ദരംപിള്ളയുടെ പേരിനെ ഗ്രന്ഥകത്താവു് എടുത്തുദാഹരിക്കുകയും, അദ്ദേഹം "ഈ മാത്താണ്ഡവമ്മയുടെ കീഴിൽ ഒരു സാമന്തരാജാവായോ, അല്ലെങ്കിൽ ഒരു ഗവണ്ണരായോ വാണിരിക്കാ"മെന്നു പറയുകയും ചെയ്യുന്നു. ചുരുക്കത്തിൽ മി: പിള്ളയുടെ ആദിത്യവമ്മാവു്, നമ്മുടെ ആലോചനാവിഷയമായിട്ടുള്ളതും 'ചോളപ്രിയാ' നിഗൂഢവണ്ണസംഖ്യകളുമായി കൂട്ടിഘടിപ്പിക്കപ്പെട്ടിട്ടുള്ളതുമായ ആദിത്യവമ്മാവല്ലാതെ മററാരുമല്ല. പക്ഷേ, മി: പിള്ള ചെയ്ത കാലനിണ്ണയത്തെ വേറേ ലേഖകന്മാരാരും സ്വീകരിച്ചിട്ടുള്ളതായി കണ്ടിട്ടില്ല. എങ്ങനെ ആയാലും ഇവരുടെ സർവ്വാംഗനാഥ- ആദിത്യവമ്മാവു് ആ കാലത്തു് വേണാട്ടിനേയോ തിരുവിതാംകൂറിനേയോ ഭരിച്ചിരുന്നില്ല. ഇവിടെ ചെയ്തിട്ടുള്ള അനുമാനവും ഏകീകരണവും ശരിയാണെങ്കിൽ,

മൂത്തതിരുവടി എന്ന സ്ഥാനവും പ്രസ്തുത അഭിപ്രായത്തെ പിൻതാങ്ങുന്നതിന് ഉപകരിക്കുന്നുണ്ട്. ഈ സംഗതി ഇരിക്കട്ടെ. വിശേഷിച്ച് തിരുവനന്തപുരത്തേയും വടശ്ശേരിയിലെയും മൂന്നു ശാസനങ്ങളെ പരാമർശിക്കുന്നതിലേയ്ക്ക് ഇതു് വളരെ സഹായിക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ, സർവ്വാംഗനാഥബിരുദ് സർവ്വഥാ ആദിത്യവർമ്മാവിൻെറ സ്ഥാനപ്പേരായി സ്വീകരിക്കേണ്ടതില്ലെന്നു സുനിശ്ചിതമായി അതു തെളിയിക്കുന്നുണ്ട്. അധികം താമസിയാതെ ഈ ശാസനത്തെ സംബന്ധിച്ച പൂർണ്ണമായ ഒരറിവ് നമുക്കു ലഭിക്കുവാൻ സംഗതിവരുമെന്നു പ്രത്യാശിക്കാം.

---

അദ്ദേഹം, 1374—75-ൽ വേണാട്ടുവാണിരുന്ന രാജാവിൻെറ കീഴിൽ ഒരു സാമന്തരാജാവോ, അല്ലെങ്കിൽ ഒരു ഗവർണ്ണരോ മാത്രമായിരുന്നിരിക്കണം. ഇവിടെ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ, വടശ്ശേരി ശിലാശാസനത്തിലെ ആദിത്യവർമ്മാവു് രാജാവല്ലാത്ത ഒരു വ്യക്തിയെ സൂചിപ്പിക്കുന്നതായിട്ടും എടുക്കാവുന്നതാണെന്നു കാണിക്കുന്നുണ്ടു്. മുൻലേഖകന്മാർ പറഞ്ഞിട്ടുള്ളതുപോലെ 'ചോളപ്രിയാവർണ്ണസംഖ്യ' നിർദ്ദേശിക്കുന്ന കാലഘട്ടത്തിലെ തിരുവിതാംകൂർ രാജാവു് ഒരു ഉദയമാർത്താണ്ഡവർമ്മാവാണെന്നു സ്വീകരിക്കുകയാണെങ്കിൽ, ആദിത്യവർമ്മാവു് അന്നു രാജാവായിരുന്നില്ലെന്നു വരുന്നതാണു്.

# VIII. കേരളത്തിലെ നാടകാഭിനയം

## I

തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, പാർസി, സംസ്കൃതം, മലയാളം എന്നിങ്ങനെ പലതരം നാടകങ്ങളും ഇക്കാലത്ത് അഭിനയിച്ചു കാണുന്നുണ്ടല്ലോ. ഇവ ഓരോന്നിലുമുള്ള അഭിനയസമ്പ്രദായവും ചടങ്ങും ഓരോ ജാതിയിലാണിരിക്കുന്നതും. ഈ രീതിവിശേഷങ്ങളെ താരതമ്യപ്പെടുത്തി പരിശോധിക്കുന്നതു രസാവഹവും ഉപയോഗപ്രദവും ആയിരിക്കാം. എങ്കിലും അതിനെപ്പററിയല്ല 'കേരളത്തിലെ നാടകാഭിനയ'ത്തിൽ ഇവിടെ പ്രധാനമായി പ്രസ്താവിക്കാൻ പോകുന്നത്. സംസ്കൃതനാടകാഭിനയം—അതായതു മലയാളികളുടെ സംസ്കൃതനാടകാഭിനയം—എന്നതിനെക്കുറിച്ചു മാത്രമേ ഇവിടെ മുഖ്യമായി പ്രസ്താവിക്കുന്നുള്ളു. പണ്ടയ്ക്കു പണ്ടേമുതൽ ചാക്യാന്മാർ നാടകവുംമററും രംഗങ്ങളിൽ പ്രയോഗിച്ചുവരുന്നതിനെപ്പററി ചിലതു പറവാനാണു തൽക്കാലം തുടങ്ങുന്നത്. ചാക്യാർക്കൂത്തിനു ചരിത്രദൃഷ്ട്യാ നോക്കുമ്പോഴുള്ള പഴക്കം സാഹിത്യത്തിന് എന്നുമാത്രമല്ല, ജനസമുദായത്തിനുകൂടി തന്നിമിത്തം ഉണ്ടായിട്ടുള്ള അഭിവൃദ്ധി, കുറച്ചുകാലം മുമ്പുവരെ നിലനിന്നുപോന്നിട്ടുള്ള അതിൻെറ പ്രചാരം, ഇപ്പോഴത്തെ നാഥനില്ലാത്ത

സ്ഥിതി ഇവയെല്ലാമാലോചിച്ചു നോക്കുമ്പോൾ അതിനെപ്പററി രണ്ടുവാക്കു പറയുന്നതു് അസ്ഥാനത്തിലാവില്ലെന്നു വിശ്വസിക്കുന്നു. വിശേഷിച്ച് നമ്മുടെ മഹാരാജാക്കന്മാരുടെ ലാളനയ്ക്കു് ഇതു വളരെക്കാലം പാത്രമായിത്തീന്നിരുന്നുവെന്നുകൂടി ഓക്കുമ്പോൾ വിഷയത്തിനു വേണ്ടടത്തോളം ഔചിത്യവുംകൂടി ഉണ്ടെന്നാണു് എൻെറ വിശ്വാസം.

സംസ്കൃതനാടകങ്ങൾ രംഗത്തിൽ പ്രയോഗിക്കത്തക്കവയല്ലെന്നും വെറും സാഹിത്യസ്ഥാനം മാത്രമേ അവയ്ക്കുള്ളുവെന്നുമാണു് ചിലരുടെ തെററിദ്ധാരണ. ആ നാടകങ്ങൾ ഓരോന്നും ഏതെങ്കിലും ഒരു വിശേഷസംഭവത്തെക്കൊണ്ടാടുവാനായി എഴുതീട്ടുള്ളതാണെന്നും, ഓരോരിക്കലേ രംഗത്തിൽ പ്രയോഗിച്ചിട്ടുള്ളുവെന്നും മററുമാണു് പാശ്ചാത്യപണ്ഡിതന്മാരുടേയും അഭിപ്രായം. രംഗപ്രയോഗമെന്ന ഉദ്ദേശ്യം മുഖ്യമായിക്കരുതിക്കൊണ്ടു് നമ്മുടെ നാട്ടുകാർ നാടകങ്ങൾ എഴുതീട്ടില്ലെന്നുംകൂടി അവർ അഭിപ്രായപ്പെടുന്നില്ലെന്നില്ല. ഇന്ത്യയിൽ ഒരുകാലത്തും നാടകരംഗം ജനങ്ങൾക്കു പൊതുവിൽ ഒരു വിനോദസ്ഥാനമായിരുന്നില്ലെന്നാണു് ഈ സംഗതികൊണ്ടു അവർ സൂചിപ്പിക്കുന്നതു്. സംസ്കൃതഭാഷ കേവലം വിദ്വാന്മാരുടെമാത്രം ഭാഷയായിത്തീന്നതുകൊണ്ടും, അതു സാമാന്യ ജനങ്ങൾക്കു മനസ്സിലാകാതായിത്തീന്നതുകൊണ്ടും, ഹിന്തുരാജാക്കന്മാരുടെ ശക്തി ക്ഷയിച്ചതുകൊണ്ടും, കേരളമൊഴിച്ച് ഇന്ത്യയിലെ ബാക്കിയുള്ള ഭാഗങ്ങളിൽ സംസ്കൃതരംഗത്തിനു പാററിപ്പോയ വിധി

ദുർവ്വിലസിതമാണ് ഇങ്ങനെ ഒരഭിപ്രായം വന്നു കൂട്ടുവാനുള്ള കാരണമെന്നും കരുതേണ്ടിയിരിക്കുന്നു. ഈ അഭിപ്രായം മുഴുവനും വാസ്തവമായിരുന്നില്ലെന്നതു് സാധിക്കുവാനുള്ള പ്രധാനലക്ഷ്യങ്ങളിൽ ഒന്നാണ് ചാക്യാർക്കൂത്തു്. കേരളത്തിലാകട്ടെ സംസ്കൃതം ഒരുകാലത്തും സാമാന്യ ഭാഷയായിരുന്നില്ല. പക്ഷേ അതിനു വളരെ പ്രചാരമുണ്ടായിരുന്നുതാനും. ഇപ്പോൾ ജനങ്ങൾക്കു് ഇംഗ്ലീഷുഭാഷ എത്രയ്ക്കു് അടുത്തിരിക്കുന്നുണ്ടോ അതിലും അധികം കുറച്ചുകാലംമുമ്പുവരെ സംസ്കൃതം അടുത്തിരുന്നു എന്നതു്സാമാന്യമായി സമ്മതിക്കാവുന്ന സംഗതിയാണ്. അതുകൊണ്ടു് മററുള്ള ദേശങ്ങളിൽ ഈ ഭാഷയ്ക്കു സംഭവിച്ച വൈകല്യം ഇവിടെ ഉണ്ടാകുവാൻ ഇടയില്ല. യാതൊരു വിച്ഛേദവുംകൂടാതെ പാരമ്പര്യമായി ഹിന്തുരാജാക്കന്മാർതന്നെ കേരളം ഭരിച്ചുവന്നതുകൊണ്ടു് പഴയ ഏർപ്പാടുകളിൽ മിക്കവയും ഇവിടെ നിലനിന്നുപോന്നിട്ടുണ്ടു്. വിശേഷിച്ചു് നമ്മുടെ മഹാരാജാക്കന്മാരും വിദ്വാന്മാരും സംസ്കൃതനാടകാഭിനയത്തിൽ കാലോചിതമായ മാററങ്ങൾ ചെയ്യുന്നിമിത്തവും ഇതു് പൊതുജനങ്ങളുടെ അഭിരുചിക്കു് അന്നും ഇന്നും ഒരുപോലെ പാത്രമായിത്തീർന്നിട്ടുമുണ്ടു്. മററു പ്രദേശങ്ങളിൽ തീരെ ഉപേക്ഷിച്ചുകളയേണ്ടിവന്ന സംസ്കൃതരംഗം ഇവിടെമാത്രം ഇക്കാലത്തുംകൂടി കേവലം അസ്തമിക്കാതെ ഇരിപ്പാനുള്ള കാരണവും ഇതുതന്നെയാണ്. ഇത്രയും പറഞ്ഞതിൽനിന്നു ചാക്യാർക്കൂത്തു്നമ്മുടെ പുരാതന ഏർപ്പാടുകളിൽ ഒന്നാണെന്നുമാത്രമല്ല

ചരിത്രദൃഷ്ട്യാ നോക്കുമ്പോഴും വളരെ പ്രാധാന്യമുള്ളതാണെന്നുകൂടി തെളിയുന്നുണ്ടല്ലോ. അതിനും പുറമേ സംസ്കൃതനാടകങ്ങളെ എങ്ങനെയാണ് അഭിനയിക്കേണ്ടതു് എന്ന സംഗതി നാട്യശാസ്ത്രമുണ്ടായിരുന്നതോടുകൂടി ഇന്ത്യയിലെ മററുള്ളപ്രദേശങ്ങളിൽ തീരെ മറന്നിരിക്കുന്നസ്ഥിതിക്കും ഇവിടെമാത്രം ആ അഭിനയക്രമം നിലനിന്നുപോന്നിട്ടുള്ള സ്ഥിതിക്കും ആ പ്രാചീനസമ്പ്രദായത്തെ പുനരുദ്ധരിപ്പിക്കുന്നതിന് അതു് ഒരു വിലയേറിയ സഹായമായിത്തീരുമെന്നുള്ള സംഗതി നിസ്സംശയമായി പറയാം. എന്നുമാത്രമല്ല, അതു പ്രത്യേകിച്ചു പറയേണ്ടതും ആണ്. അതുകൊണ്ടു് ചില പരിഷ്കാരികൾ പറയുമ്പോലെ ചാക്യാർക്കൂത്തു് തീരെ അപരിഷ്കൃതമായിട്ടുള്ളതാണ്, അതിലെ വേഷങ്ങൾ കാഴ്ചയ്ക്കു നന്നല്ല, അതിൽ പാട്ടില്ല എന്നും മററും പറഞ്ഞു തീരെ പൊറംപോക്കാക്കിതള്ളിക്കളയുന്നതു് നമുക്കും ഇപ്പോഴത്തെ കാലാവസ്ഥയ്ക്കും യോജിച്ചതാണെന്നു തോന്നുന്നില്ല. അതിലുൾപ്പെട്ട നമ്മുടെ കൃത്യം വല്ലവരും കാര്യാന്തരത്തിരക്കുകൊണ്ടു മറന്നുപോയിട്ടുണ്ടെങ്കിൽ അതു് ഒന്ന് ഓർമ്മപ്പെടുത്തുകമാത്രമാണ് ഇത്രയും പ്രസ്താവിച്ചതിൻെറ ഉദ്ദേശ്യം.

ചാക്യാർക്കൂത്തു് വളരെ പുരാതനമായിട്ടുള്ളതാണെന്നു മുമ്പു പറഞ്ഞുവല്ലൊ. അതിൻെറ ആദ്യത്തെ സ്ഥിതി എന്തായിരുന്നുവെന്നു ക്ളിപ്തമായിപ്പറയുവാൻ ഇപ്പോൾ സാധിക്കുന്നതല്ല. ആദികാലങ്ങളിൽ ശൂദ്രകൻെറയും കാളിദാസൻെറയും ഹർഷൻെറയും നാടകങ്ങളായിരുന്നിരിക്കണം ഇവിടെ അഭിന

യിച്ചിരുന്നത്. അഭിനയക്രമമാകട്ടേ, ഭരതമുനിയുടെ നാട്യശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയും ആയിരിക്കണം. അതിലപ്പുറം അതിൻെറ ആദ്യത്തെ സ്ഥിതിയെപ്പററി പറയുവാൻ തരമില്ല. എങ്കിലും തപതീസംവരണം, ധനഞ്ജയം എന്നീ നാടകങ്ങളുടെ കർത്താവായ കുലശേഖരവർമ്മ ചേരമാൻ പെരുമാൾ ക്രിസ്തുവർഷം ആറാം ശതാബ്ദത്തിൽ മലയാളത്തിലെ ഏകച്ഛത്രാധിപതിയായി തിരുവഞ്ചിക്കുളത്തുവെച്ച് സിംഹാസനാരോഹണം ചെയ്തതോടുകൂടി സംസ്കൃതനാടകരംഗത്തിന് ഒരു പുതിയ ജീവൻവീണു. വളരെക്കാലം ചക്രവർത്തിപദം അലങ്കരിച്ച ഈ രാജശ്രേഷ്ഠനായ കവിപുംഗവൻ നാടകാഭിനയത്തിൽ അത്യധികം അഭിരുചി കാണിച്ചിരുന്നു. എന്നുമാത്രമല്ല, തൻെറ കൃതികൾക്കു യഥാർത്ഥമായ നാടകത്വം ഉണ്ടോ എന്നു തീർച്ചയാക്കുവാനായി സ്നേഹിതന്മാരായ വിദ്വാന്മാരെ സദസ്യരാക്കി താൻതന്നെ ആ നാടകങ്ങൾ അഭിനയിച്ചതായും കൂടി രേഖാമൂലമായി തെളിയുന്നുണ്ട്. അതിൽപ്പിന്നെ തന്നെത്താൻ നടന്മാരെ അഭിനയക്രമവും മററും അഭ്യസിപ്പിച്ച് അവരെക്കൊണ്ട് അരങ്ങേററിച്ചതായും കാണുന്നുണ്ട്. ഇദ്ദേഹത്തിൻെറ പുത്രനും ഒടുവിലത്തെ പെരുമാളുമായ ഭാസ്കരരവിവർമ്മ ചേരമാൻപെരുമാളും സംസ്കൃതരംഗത്തിൽ അതിയായ ഔത്സുക്യം കാണിച്ചിട്ടുള്ളയാളാണ്. അദ്ദേഹവും ഒരു സാഹിത്യരസികനും സരസകവിയും ആയിരുന്നു. പല കഥകളിലും ഉൾപ്പെട്ട് മലയാളികൾക്കെല്ലാവർക്കും

അതിപരിചിതനായിത്തീൎന്നിട്ടുള്ള തോലനെന്ന സരസസചിവൻ ആ പെരുമാളുടെ മിത്രമായിരുന്നു. മേല്പറഞ്ഞ രണ്ടു കേരളചക്രവൎത്തികളും ഈ മന്ത്രിപുംഗവനുംകൂടി ഇവിടത്തെ സംസ്കൃതനാടകാഭിനയത്തിൽ പല പരിഷ്കാരങ്ങളും ചെയ്തു ജീവനും ശക്തിയും വരുത്തി അതു് ജനസാമാന്യത്തിനു വിനോദവും വിജ്ഞാനവും ഒരുമിച്ചുണ്ടാകുവാനുള്ള ഒരു ഉത്തമോപകരണമാക്കിത്തീൎത്തിട്ടുണ്ടു്.

അഭിനയവിദ്യയിൽ ഇവർ വരുത്തീട്ടുള്ള പരിഷ്കാരങ്ങൾ പലതരത്തിലാണെന്നു പറയാം. മലയാളികളുടേയും പരദേശികളുടേയും നാടകങ്ങൾ ഒന്നു സൂക്ഷ്മമായി പരിശോധിക്കുകയും, ഭരതമുനിയുടെ നാട്യശാസ്ത്രവും ചാക്യാന്മാരുടെ ആട്ടക്രമവും കൂടി താരതമ്യപ്പെടുത്തിനോക്കുകയും ചെയ്യുന്നതായാൽ ഈ സംഗതി വെളിവാകുന്നതാണു്. ഇതിൽ ചിലതുമാത്രം ഇവിടെ ചുരുക്കിപ്പറയാം. ഓരോ കഥാപാത്രത്തിന്റെ തേപ്പു് ഇന്നവിധം, ഉടുപ്പു് ഇന്നവിധം, കിരീടം ഇന്നവിധം, അലങ്കാരങ്ങൾ ഇന്നവിധം എന്നുംമററും തീൎച്ചയാക്കിയതു് ഈ മഹാന്മാരാണു്. ഭരതമുനി രണ്ടുതരം സൂത്രധാരന്മാർ വേണമെന്നു വെച്ചിട്ടുള്ളതിൽ നാന്ദീസൂത്രധാരൻ രംഗത്തിൽ പ്രവേശിക്കേണ്ടെന്നും ആ പാത്രത്തിന്റെ ഭാരവും കൂടി സ്ഥാപനാസൂത്രധാരൻതന്നെ നടത്തേണമെന്നും തീൎച്ചയാക്കിയതും ഇവർതന്നെ ആയിരിക്കണം. യുദ്ധം, മരണം മുതലായതു രംഗത്തിൽ പ്രയോഗിക്കുവാൻ പാടില്ലെന്നു ഭരതമുനി നിഷ്കൎഷിച്ചിരിക്കേ നമ്മുടെ നാടകങ്ങളിൽ അതും ഉൾപ്പെടുത്തി

കാണുന്നുണ്ട്. സൂക്ഷ്മമായിട്ടുള്ള അഭിനയവിശേഷത്തെക്കണ്ടുരസിക്കുവാൻ തക്കവണ്ണം ജ്ഞാനമില്ലാത്ത പൊതുജനങ്ങൾക്കുകൂടി അഭിനയം രസാവഹമാക്കിത്തീക്കുവാൻ വേണ്ടി ആ മഹാന്മാർ ചെയ്ത മാററമാണിതെന്നു തീച്ചയായും വിചാരിക്കാവുന്നതാണ്. ഇതിനുപുറമെ നാടകത്തിലെ ഭാഷ സംസ്കൃതമായതുകൊണ്ടു സാമാന്യജനങ്ങൾക്കുണ്ടാകാവുന്ന പ്രയാസം കുറയ്ക്കുന്നതിലേയ്ക്കും ഇവർ ഒരു വഴികണ്ടുപിടിച്ച് ഉപയോഗിച്ചിട്ടുണ്ട്. നായകനും മററും ചൊല്ലിയാടുന്ന ശ്ലോകങ്ങളും ചൂണ്ണികകളും വിദൂഷകനെക്കൊണ്ടു പ്രതിശ്ലോകരീതി അനുസരിച്ചു ഭാഷയിൽ പറയിപ്പിക്കുക എന്ന ഒരു പുതിയ ഏപ്പാട് അവർ തുടങ്ങിയതാണ്. ഇത്രയും മാററങ്ങൾ വരുത്തിയതോടുകൂടി സാഹിത്യത്തിൽ അഭിരുചിയുള്ളവക്കും ഇല്ലാത്തവക്കും ചാക്യാർകൂത്ത് ഒരു ഉത്തമവിനോദസ്ഥാനമായിത്തീന്നു. പൊതുജനത്തേയുംകൂടി ഈ അഭിനയംകൊണ്ടു രസിപ്പിച്ചു സാഹിത്യത്തിലേയ്ക്കു പ്രേരിപ്പിക്കുവാനാണോ എന്നു തോന്നുമാറ് വേറെ ചില പുതിയ വിദ്യകളുംകൂടി ഇവർ ' ഏടുത്തിട്ടില്ലെന്നില്ല. 'കൂടിയാട്ടം' എന്നു പറഞ്ഞുവരുന്ന നാടകാഭിനയത്തിൻെറ പൂവ്വപീഠികയുടെ നിലയിൽ പുരുഷാത്ഥം പറയുക എന്ന ഒരേപ്പാടു നിശ്ചയിച്ചു. അശനം, വിനോദം, വഞ്ചനം, രാജസേവ ഇവയെപ്പററി സവിസ്തരം പ്രതിപാദിക്കുന്നതിനാണ് സാധാരണയായി പുരുഷാത്ഥം പറയുകയെന്നു പറയുന്നതു്. ഇങ്ങനെ പല പരിഷ്കാരങ്ങളും പുതിയ

ഏൎപ്പാടുകളും ചെയ്തു് സംസ്കൃതനാടകാഭിനയം കേരളത്തിൽ ഇന്നവിധം വേണമെന്നു് പെരുമാക്കന്മാരും തോലനുംകൂടി നിശ്ചയിച്ചതോടുകൂടി കേരളസംസ്കൃതരംഗം പൊതുജനങ്ങൾക്കുവേണ്ട പ്രാകൃതന്മാൎക്കുകൂടി രസകരമായിത്തീരുകയും ചെയ്തു. അതുതന്നെയാണു് ഇത്രയുംകാലത്തോളം ഈ ഏൎപ്പാടു നിലനിന്നുപോരുന്നതിനും മുഖ്യകാരണം.

കൂത്തിനെപ്പററി അറിയാത്തവർ നമ്മുടെ ഇടയിൽ ദുൎല്ലഭമായിരിക്കാവുന്നതുകൊണ്ടു് ഇവിടെ അധികം വിസ്തരിച്ചിട്ടാവശ്യമുണ്ടെന്നു തോന്നുന്നില്ല. എങ്കിലും അതിൻെറ ചില സമ്പ്രദായവിശേഷങ്ങൾ കാണിക്കുവാനായി പൊതുവേ മാത്രം ചില സംഗതികൾ പറയാം. കൂത്തിൻെറ പ്രധാന നിയമം ചാക്യാന്മാരൊഴികെ മററാൎക്കും ഇതു അഭിനയിച്ചുകൂടെന്നുള്ളതാണു്. ഇങ്ങനെ ഒരു ജാതിക്കാരുടെ കുലധൎമ്മമാക്കിവെച്ചതുകൊണ്ടു് അഭിനയത്തിനു കാലക്രമത്തിൽ ശുദ്ധി കുറഞ്ഞുപോകുവാൻ ഇടവന്നില്ലെന്നുതന്നേയല്ല, അഭിനയവിഷയത്തിൽ അവൎക്കു പരംപരനിൎമ്മിതമാം അതിയായ പാടവം ലഭിക്കുന്നതിനിടയായിട്ടും ഉണ്ടു്. രണ്ടാമത്തെ നിയമം ക്ഷേത്രങ്ങളിൽവെച്ചുമാത്രമേ അഭിനയിക്കുവാൻ പാടുള്ളു എന്നുള്ളതാണു്. ഈ നിയമത്തിൻെറ പ്രധാനകാരണം നമ്മുടെ മതത്തിനും, ആചാരങ്ങൾക്കും, കലകൾക്കും എല്ലാം ഈശ്വരനോടുള്ള ബന്ധം ഘടിപ്പിച്ചുംകൊണ്ടുള്ള ഒരു വിശ്വാസം പണ്ടേയ്ക്കുപണ്ടേമുതൽതന്നെ ഉണ്ടായിരുന്നതായിരിക്കണം. അല്ലെങ്കിൽ ഇതിൻെറ നിലനി

ല്പിൻവേണ്ടി പ്രത്യേകം ഒരു വർഗ്ഗക്കാരുടെ തൊഴിലാക്കി നിശ്ചയിക്കേണ്ടിവന്നപ്പോൾ വാസ്തവത്തിൽ വിനോദപ്രധാനമായ ഒരു കലാവിദ്യമാത്രമാണെങ്കിലും; അതിനും മതത്തോടുള്ള ബന്ധം കല്പിക്കേണ്ടതു് ആവശ്യമായി വന്നതുകൊണ്ടായിരിക്കണം ഈ നിയമം ഏർപ്പെടുത്തീട്ടുള്ളതു്. ഇതിനും പുറമെ ഊഹ്യമായി മറെറാരു കാരണവുംകൂടി പറയുവാൻ വയ്യെന്നില്ല. ചാക്യാന്മാർ നാടകം അഭിനയിക്കുമ്പോൾ ഇക്കാലത്തു വർത്തമാനപത്രംകൊണ്ടുദ്ദേശിക്കുന്ന ഫലങ്ങൾകൂടി നിർവ്വഹിച്ചുപോരാറുണ്ടു്. വിദൂഷകൻെറ വായിലെനാക്കു് വെറുതേ കിടക്കുക പതിവില്ല. തരംകിട്ടുമ്പോഴൊക്കെയും സമുദായജീവിതത്തിൽ പ്രതിദിനം വരുന്ന ന്യൂനതകളും, രാജപ്രതിനിധികളായ കാര്യാധികാരികളുടേയും പൌരപ്രധാനികളുടേയും ദോഷങ്ങളും വിഷയാന്തരത്തിൽ യോജിപ്പിച്ചു വെളിച്ചത്താക്കി പുഛിച്ചു നാവിൽ ഞരമ്പില്ലാത്തവിധം ശകാരിക്കാറുണ്ടു്. ഇങ്ങനെ ചെയ്യുന്നതിലേയ്ക്കു പാരമ്പര്യമായി അവക്കു് അവകാശവും സിദ്ധിച്ചിട്ടുണ്ടു്. ഈ സംഗതിയിൽ കൂത്തിന്നിടയ്ക്കു ചാക്യാരുടെ വാക്കിനു വല്ലവരും ഒരു വാക്കെങ്കിലും എതിർത്തുപറഞ്ഞാൽ പിന്നെ ആ സ്ഥലത്തുവെച്ചു കൂത്തു പാടില്ലെന്നതുവരെ നിശ്ചയം ചെയ്തിരിക്കുന്നു. അത്രയും വലിയ അവകാശം അവക്കു കൂടാതെ കഴിയുന്നതുമല്ല. എന്തുകൊണ്ടെന്നാൽ പ്രസംഗവശാൽ ചില ദോഷങ്ങൾ എടുത്തുപറയുമ്പോൾ ചിലരുടെദ്വേഷത്തിനു പാത്രമാകുവാൻ ഇടയായേക്കാവു

ന്നതാണല്ലൊ. അതുകൊണ്ടായിരിക്കും ഇത്രത്തോളം നിബന്ധനകൾ ചെയ്തിട്ടുള്ളതു്.

നാടകാഭിനയമായ കൂടിയാട്ടം നടത്തേണ്ടതു് ചാക്യാർ, നങ്ങ്യാർ, നമ്പ്യാർ എന്നിങ്ങനെ മൂന്നു കൂട്ടർ കൂടിയാണു്. ഇവരിൽ പ്രധാനിയായിട്ടുള്ളതു് ചാക്യാർ തന്നെയാണു്. എന്തുകൊണ്ടെന്നാൽ പ്രധാനവേഷങ്ങളെല്ലാം ഇവരാണു കെട്ടേണ്ടതു്. നങ്ങ്യാന്മാർക്കു ചിലതരം കൂത്തുകളിൽ കുഴിത്താളം കൊട്ടുകയും, ഇടയ്ക്കു ചില ദ്വിപദീഖണ്ഡങ്ങൾ മുതലായ പദ്യങ്ങൾ ചൊല്ലുകയും മാത്രമേയുള്ളുവെങ്കിലും, കൂടിയാട്ടത്തിൽ നായിക, സഖി തുടങ്ങിയ സ്ത്രീകളുടെ വേഷംകെട്ടേണ്ടതു് ഇവരാകയാൽ ഇവർക്കും പ്രാധാന്യമില്ലെന്നില്ല. നമ്പ്യാരുടെ ജോലി സാധാരണയായി മിഴാവു കൊട്ടുകയും, കൂടിയാട്ടത്തിൽ രംഗം തെയ്യാറാക്കി അവിടെ വച്ചു് ആദ്യത്തിൽ ചില ശ്ലോകങ്ങൾ ചൊല്ലുകയുമാണു്.

വാക്കു്, ആട്ടം എന്നിങ്ങനെ പൊതുവായി കൂത്തുകൾ രണ്ടുതരത്തിലുണ്ടു്. ഇതിൽ പ്രബന്ധം പറയുക! എന്നുള്ളതാണു് വാക്കു്. ആട്ടം-നങ്ങ്യാർ കൂത്തു്, കൂടിയാട്ടം എന്നിങ്ങനെ രണ്ടുതരത്തിലാണു്. ഈ മൂന്നു ഉൾപ്പിരിവുകളിലുംവച്ചു പ്രബന്ധം പറയലും കൂടിയാട്ടവും ആണു പ്രധാനമായിട്ടുള്ളതു്. ഇതിൽ ആദ്യത്തേതു സാധാരണ പകലും രണ്ടാമത്തേതു രാത്രിയിലും ആണു പതിവു്. എങ്കിലും മറിഞ്ഞുവരുന്നതും പതിവില്ലെന്നു പറയുവാൻ വയ്യ.

പ്രബന്ധം പറയുമ്പോൾ മിഴാവു കൊട്ടുവാൻ നമ്പിയാരും കുഴിത്താളം പിടിപ്പാൻ നങ്ങ്യാരും രംഗത്തിൽ ഉണ്ടായിരിക്കും. ചാക്യാർ കൂടിയാട്ടത്തിലെ വിദൂഷകൻെറ വേഷത്തിലാണു് രംഗത്തിൽ പ്രവേശിക്കുന്നതു്. പ്രവേശിച്ച ഉടൻതന്നെ വിദൂഷകൻെറ വേഷത്തിനു യോജിച്ചവിധത്തിൽ പല നൃത്തങ്ങളും നാട്യങ്ങളും കാണിച്ചു് അതു കഴിഞ്ഞാൽ പിന്നെ പ്രകൃതത്തിലേയ്ക്കു പ്രവേശിക്കുകയായി. ഏതെങ്കിലും ഒരു പുരാണകഥയിൽപ്പെട്ട ഒരു ഭാഗമെടുത്തു് ശ്ലോകംചൊല്ലി അൎത്ഥം പറയുന്നരീതിയിൽ വിസ്തരിച്ചു് ഉപപാദിക്കുന്നതാണു പ്രബന്ധം പറയുക എന്നതിൻെറ സ്വഭാവം. കഥാഭാഗം തുടങ്ങുന്നതിനുമുമ്പിൽ അതിനുള്ള ഒരു അവതാരികയുടെഭാവത്തിൽ ശ്രീരാമൻ, ശ്രീകൃഷ്ണൻ, പരമശിവൻ എന്നീ ദേവന്മാരിലൊരാൾ സദസ്യരെ രക്ഷിക്കണമെന്നു പ്രാൎത്ഥിച്ചുകൊണ്ടാണു് ആദ്യമായി ആരംഭിക്കുന്നതു്. ആ ദേവനു് രക്ഷാസാമൎത്ഥ്യം ഉണ്ടെന്നു് യുക്തിപൂർവ്വകം സമൎത്ഥിക്കാമെന്നു പറഞ്ഞാണു് കഥയിലേയ്ക്കു പ്രവേശിക്കുന്നതും. ഈ ഉപപാദനത്തിൻെറ ചാതുരിയും, ഭംഗിയും, പറഞ്ഞറിയിക്കുവാൻ സാധിക്കുന്നതല്ല. പക്ഷേ ശ്ലോകാൎത്ഥം പറയുകയാണോ അവരുടെ മുഖ്യമായ ഉദ്ദേശ്യം എന്നും സംശയമാണു്. അപ്പൊഴപ്പോൾ അതാതുസ്ഥലത്തു് ഓരോ സ്ഥാനികളും, യജമാനന്മാരും, അങ്ങത്തമ്മാരും മററും ചെയ്യുന്ന നിൎമ്മൎയ്യാദങ്ങളും തോന്നിവാസങ്ങളും പ്രകൃതത്തിൽ ഘടിക്കുന്നവിധം കൊള്ളിച്ചു പറഞ്ഞു പൊതുജന

സമക്ഷത്തിൽ കൊണ്ടുവന്നു പരിഹസിക്കുകയും ധാരാളം ചെയ്യാറുണ്ട്. ഇതിനുപുറമേ സമുദായത്തിലുള്ള ഓരോ കൂട്ടരുടേയും ദുരഭിമാനം മുതലായ ദുശ്ശീലങ്ങളേയും കണ്ണിൽ ചോരയില്ലാത്തവിധം ശകാരിക്കാറുണ്ട്. ഇങ്ങനെ ഓരോരുത്തക്കും കൂട്ടമടച്ചും വാരിക്കോരിക്കൊടുക്കുന്ന പരിഹാസവും ശകാരവും മററും ആലോചിച്ചുനോക്കുമ്പോൾ അതുതന്നെയായിരിക്കും ഈ ഏപ്പാടിന്റെ മുഖ്യമായ ആവശ്യമെന്നുതോന്നും. ഓരോദൂഷ്യങ്ങളേയും ചൂടാറുംമുമ്പുതന്നെ വെളിച്ചത്തു കൊണ്ടുവരുവാനായിരിക്കാം ചാക്യാക്ക് അവനവന്റെ ഇഷ്ടംപോലുള്ള വിഷയം തിരഞ്ഞെടുക്കുവാനുള്ള അധികാരം കൊടുത്തിട്ടുള്ളതും. ഇതും പോര, ചാക്യാന്മാരോട് ഇന്നഘട്ടം കഥ പറയണമെന്നാവശ്യപ്പെട്ടുകപോലും വയ്യ എന്നാണ് പാരമ്പയ്യമായ നിയമം. ചുരുക്കത്തിൽ പഴയകാലങ്ങളിൽ ഈ സമ്പ്രദായം വളരെ ശക്തിയോടുകൂടെ ഉണ്ടായിരുന്നതുകൊണ്ട് വത്തമാനപ്പത്രമില്ലാതിരുന്നത് ഒരു ന്യൂനതയായിരുന്നില്ല. എന്നുമാത്രമല്ല, ഈ പരിഹാസം സദസ്യരുടെ മുമ്പാകെ വച്ചായിരുന്നതുകൊണ്ട് ഫലാംശത്തിൽ പത്രത്തേക്കാൾ അത്യധികം ഉപകാരപ്രദവുമായിരുന്നു എന്നുള്ളതിലേയ്ക്കു പല കഥകളും ഉണ്ട്.

ചാക്യാർക്കൂത്തിൽ ഏററവും പ്രധാനമായിട്ടുള്ളത് സംസ്കൃതനാടകങ്ങൾ അഭിനയിക്കുന്നതായ കൂടിയാട്ടമാണ്. ഇതിൽ ആദ്യത്തെ ദിവസം കൂത്തു പുറപ്പാടും, ക്രിയ ചവുട്ടുകയും, രണ്ടാമത്തെ ദിവസം നിർവ്വഹണം— അതായത് നാട

കത്തിലെ പ്രസ്താവന അഭിനയിക്കൽ— ആയുംകഴിയും. വിദൂഷകനില്ലാത്തതാണ് നാടകമെങ്കിൽ മൂന്നാം ദിവസംതന്നെ കഥ തുടങ്ങും. അതല്ലാത്തപക്ഷം പിന്നത്തെ മൂന്നുദിവസത്തേയ്ക്കുംകൂടി കഥ തുടങ്ങുകയില്ല. ഈ ദിവസങ്ങളിലാണ് പുരുഷാൎത്ഥങ്ങൾ പറയുക പതിവ്. അനധീതമംഗലത്തെ ജനങ്ങൾ എല്ലാവരുംകൂടി ഒന്നിച്ചുചേൎന്നു പുരുഷാൎത്ഥം സാധിക്കണമെന്നു തീൎച്ചയാക്കി അതിന്നുവേണ്ടി പുറപ്പെടുന്നു. കാമമെന്ന പുരുഷാൎത്ഥം പറയുന്ന അവസരത്തിൽ, കാമത്തിന്നു വശംവദരായിട്ടുള്ള സ്ത്രീപുരുഷന്മാർ പ്രവൎത്തിച്ചുവരുന്ന ചാപല്യങ്ങളെ നിർദ്ദയം തുറന്നുപറയുകയും, കള്ളസന്ന്യാസിമാരുടെ ചായം പുറത്താക്കുകയും ചെയ്യുന്നതുകൊണ്ടു് സമുദായത്തിന്നുണ്ടാകുന്ന ഗുണം ഇത്രയെന്നു പറഞ്ഞുകൂട. വഞ്ചന സാധാരണ വിനോദം പറയുന്ന ദിവസംതന്നെ ഒഴുക്കിൽ പറഞ്ഞു് അവസാനിപ്പിക്കും. അത്യധികം വിസ്തരിച്ചുപറയുന്നതു് അശനമാണു്. ആൎത്തിക്കാരുടെ ആൎത്തി ശമിക്കുവാനും അരോചകക്കാൎക്കു് രുചിയുണ്ടാകുവാനും ഇത്ര നല്ല ഒരു ഔഷധം വേറെയുണ്ടോ എന്നു സംശയമാണു്. പാലടപ്രഥമന്റെ വരവു വിസ്തരിച്ചുകഴിഞ്ഞാൽ സദസ്യർ ഓരോരുത്തൎക്കും അവനവന്റെ വയറു നിറഞ്ഞു എന്നു ബോദ്ധ്യമായിക്കൊള്ളും. ഈ അവസരത്തിൽ അവനവന്റെ പ്രതാപവും മററും കാണിക്കുവാനായി പരക്കെ സദ്യ കഴിച്ചു ഞെളിയുന്ന പ്രമാണികളെ തരത്തിൽ കൊട്ടുന്നുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. പിറേറ

ദിവസം രാജസേവയാണു വിസ്തരിക്കുന്നതു്. ഈ അവസരത്തിൽ പ്രഭുക്കന്മാൎക്കും ഉദ്യോഗസ്ഥന്മാൎക്കും കണക്കുതീൎത്തു കൊടുക്കുന്നു. ഇവർ ഓരോരുത്തരുടേയും അഹംഭാവത്തേയും അനീതിയേയും യാതൊരു ദാക്ഷിണ്യവും കൂസലും കൂടാതെ തുറന്നു പറഞ്ഞു വെളിപ്പെടുത്താക്കുന്നതിനുള്ള ചാക്യാന്മാരുടെ പാടവം അന്യാദൃശംതന്നെയാണു്. ഇങ്ങനെ പറയുന്നതു് സാധാരണ രാജസന്നിധിയിൽ വച്ചുതന്നെയായിരുന്നു എന്നുകൂടി ഓൎക്കുമ്പോൾ ആ ശകാരത്തിന് എത്രയും മാത്രം ഫലമുണ്ടാകുമെന്നു സാമാന്യം മനസ്സിലാക്കാവുന്നതാണു്. എന്നുമാത്രമല്ല, മഹാരാജാവിന്റെയുംകൂടി നടപടി നിൎഭയം വിമൎശിക്കാറുണ്ടെന്നു വരുമ്പോൾ ഇങ്ങനെയുള്ള ഏൎപ്പാടിന്റെ മുഖ്യമായ ഉദ്ദേശ്യം എന്താണെന്നു് ഊഹിക്കാവുന്നതാണല്ലോ. ഇപ്രകാരം സദസ്സിൽ വച്ചുണ്ടായിട്ടുള്ള ശകാരത്തിന്റെ ഫലമായി അനവധി ആളുകൾ ദുൎമ്മാൎഗ്ഗം വെടിഞ്ഞു സന്മാൎഗ്ഗമവലംബിപ്പാൻ ഇടവന്നിട്ടുള്ളതായി പ്രസിദ്ധിയുണ്ടെന്നുകൂടി ഓൎക്കുമ്പോൾ ഈ ഏൎപ്പാടിന്റെ ഗുണദോഷത്തെപ്പററിയേടത്തോളം രണ്ടഭിപ്രായമുണ്ടാകുവാൻ തരമില്ല.

ഇങ്ങനെ പുരുഷാൎത്ഥം പറയലുംകൂടി നാടകാഭിനയത്തോടു കൂട്ടിച്ചേൎത്തതുകൊണ്ടു് നാടകത്തിനേക്കാൾ നാട്യകത്തിനാണു് എത്രയോ അധികം ഗുണം ഉണ്ടായിട്ടുള്ളതു്. അതിനുംപുറമെ, മലയാള ഭാഷാസാഹിത്യത്തിനും ഈ ഏൎപ്പാടുമൂലം ഉണ്ടായിട്ടുള്ള അഭിവൃദ്ധി ചില്ലറയൊന്നുമല്ല. മണിപ്രവാളമെന്ന ഒരു പ്രസ്ഥാനവിശേഷംതന്നെ ഈ വഴിക്കാണു്

ഉണ്ടായിട്ടുള്ളതു്. നാടകശ്ലോകങ്ങൾക്കുള്ള പ്രതി ശ്ലോകങ്ങളും പുരുഷാത്ഥം പറയുന്നതിനുള്ള ശ്ലോകങ്ങളും വിദൂഷകനു ചേൎന്ന വികൃതഭാഷയിൽ ആക്കി ഹാസ്യപ്രാധാന്യം വരുത്തുവാൻ വേണ്ടിയാണു് ആദ്യത്തിൽ സംസ്കൃതവും മലയാളവും കൂട്ടിച്ചേൎത്തു കവിതകൾ നിൎമ്മിച്ചുതുടങ്ങിയതു്. ഇക്കാലത്തു് ഇംഗ്ലീഷും മലയാളവും കൂട്ടിച്ചേൎത്തു സ്രഗ്ദ്ധര മുതലായ വൃത്തങ്ങളിൽ ചില പദ്യങ്ങൾ നിൎമ്മിച്ചാൽ നമുക്കു് എങ്ങനെ തോന്നുമോ അതുപോലെതന്നെയാണു് മണിപ്രവാളകവിത കേൾക്കുമ്പോൾ അക്കാലത്തുള്ളവൎക്കു തോന്നിയിരുന്നതും. കാലക്രമത്തിൽ അനവധി നാടകങ്ങൾക്കു് ആ ജാതി ശ്ലോകങ്ങൾ ഉണ്ടായിത്തീൎന്നപ്പോൾ പരിചയാധിക്യം നിമിത്തം ഹാസ്യാംശം അറിയാതായിത്തീൎന്നുവെന്നു മാത്രമല്ല, ഇപ്പോഴത്തെ പരിഷ്കാരവേഷംപോലെയും ജനങ്ങൾ അതൊരു ഭംഗിയായും കരുതിത്തുടങ്ങി. അതോടുകൂടി ഹാസ്യങ്ങളല്ലാത്ത വിഷയങ്ങളെക്കുറിച്ചും ആ മാതിരി ഭാഷയിൽ കവിതകളും നിൎമ്മിച്ചുതുടങ്ങി. ഇങ്ങനെയാണു് മററു ഭാഷകളിലില്ലാത്തവിധം മണിപ്രവാളപ്രസ്ഥാനത്തിനു നമ്മുടെ ഭാഷയിൽ ഇത്രയും പ്രാധാന്യം സിദ്ധിപ്പാൻ ഇടവന്നിട്ടുള്ളതു്. മലയാളസാഹിത്യസമുച്ചയത്തിൽനിന്നു മണിപ്രവാളകൃതികളെല്ലാം നീക്കിവെച്ചാൽ പിന്നെയെന്തു ശേഷിക്കുമെന്നു നോക്കുന്നവൎക്കു കൂടിയാട്ടം ഭാഷാസാഹിത്യത്തിനു ചെയ്തിട്ടുള്ള ഗുണം എത്രത്തോളമുണ്ടെന്നു പ്രത്യക്ഷപ്പെടുന്നതാണു്. ചുരുക്കത്തിൽ കുറച്ചുകാലം മുമ്പുവരെ സാമുദായിക

ജീവിതം പരിഷ്കരിക്കുന്നതിനും അതിൻെറ ന്യൂനതകളെ നശിപ്പിക്കുന്നതിനും ഭാഷാസാഹിത്യവൎദ്ധനയ്ക്കും ചാക്യാർക്കൂത്ത് അത്യുത്തമമായ ഒരു ഉപകരണമായിരുന്നു എന്നു പറയാം.

കൂടിയാട്ടം തുടങ്ങീട്ട് ആറാമത്തെ ദിവസമാണ് സാക്ഷാൽ നാടകാഭിനയം തുടങ്ങുന്നത്. ഓരോരോ കഥാപാത്രത്തിനും അനുരൂപമായ വിധത്തിൽ പണ്ടേയ്ക്കുപണ്ടേ ചെയ്തുവന്നിട്ടുള്ള ഏൎപ്പാട് അനുസരിച്ചാണ് ഇവരുടെ വേഷം. ചാക്യാരാണ് നായകാദികളുടെ വേഷംകെട്ടുന്നതെന്നും, നങ്ങ്യാരാണ് നായികാദികളുടെ വേഷം കെട്ടുന്നതെന്നും മുമ്പു പറഞ്ഞുവല്ലൊ. ഇതുകൊണ്ട് അഭിനയത്തിനു സ്വാഭാവികത അധികം കൂടുമെന്നു പ്രത്യേകം പറയേണ്ടതുമില്ലല്ലൊ. ഈ നാടകാഭിനയം ഇപ്പോഴത്തെ നാടകംപോലെ വാക്യപ്രധാനമായിട്ടുള്ളതല്ല, അഭിനയപ്രധാനമായിട്ടുള്ളതാണ്, എന്ന സംഗതിയുംകൂടി പ്രത്യേകം ഓൎമ്മവെയ്ക്കേണ്ടതാണ്. അഭിനയവിഷയത്തിൽ ചാക്യാന്മാർ സാധാരണയായി പ്രദൎശിപ്പിക്കുന്ന വൈദഗ്ദ്ധ്യം ഒന്നു വേറെതന്നെയാണ്. അവൎക്കുള്ളതിൽ ഒരു ശതാംശമെങ്കിലും ഇപ്പോഴത്തെ നാടകക്കാൎക്കുണ്ടായിരുന്നുവെങ്കിൽ അവരുടെ തൊഴിലിൻെറ വില ഒന്നു വേറെതന്നെ ആകുമായിരുന്നു. കഥകളിയിൽ അഭിനയത്തെപ്പററിയേടത്തോളം കാണുന്ന പ്രധാനഭാഗങ്ങൾ മുഴുവനും ഈ നാടകാഭിനയത്തിൻെറ ഏകദേശം മാത്രമാണെന്നു പറയാം.

ഈ പ്രസ്താവിച്ച രണ്ടു് സംഗതികൾ തന്നെ യായിരിക്കാം കൂടിയാട്ടത്തിനു ബാക്കിയുള്ള നാടകാ ഭിനയത്തേക്കാൾ വാസ്തവത്തിൽ ഉള്ള ഉല്കൎഷ ത്തിനും കാരണം. വെറും വാക്കുകൊണ്ടുമാത്രം വികാ രങ്ങളെ ജനിപ്പിക്കുവാൻ സാധിക്കാത്തതുകൊണ്ടും അഭിനയവിഷയത്തിൽ ശ്രദ്ധ വയ്ക്കാത്തതുകൊണ്ടും ആണു് തമിഴ്, പാർസി മുതലായ നാടകങ്ങൾക്കു രംഗത്തിൻെറ മുഖ്യോദ്ദേശ്യം സാധിക്കുവാൻ കഴി യാത്തതു്. ഇതോടുകൂടി പാത്രവിധാനവിഷയത്തി ലുള്ള അസ്വാഭാവികതയും ഒരു കാരണമല്ലെന്നില്ല. സ്ത്രീകൾ പുരുഷന്മാരുടെ വേഷംകെട്ടുക, പുരുഷ ന്മാർ സ്ത്രീകളുടെ വേഷംകെട്ടുക, എന്നല്ലാതെ സ്ത്രീകൾതന്നെ സ്ത്രീകളുടെ വേഷംകെട്ടണം, പുരു ഷന്മാർതന്നെ പുരുഷന്മാരുടെ വേഷംകെട്ടണം എന്നുള്ള സംഗതി മററു നാടകക്കാർ ഇതേവരെ ഒരു നിയമമായി സ്വീകരിച്ചു കാണുന്നില്ല. വേഷം കെട്ടുന്നവരുടെ ശ്രേണി നോക്കുകയാണെങ്കിൽ ഇ തിലും മോശമാണു്. ഒത്ത ദേഹം, അല്പം സൗന്ദ ൎയ്യം, നല്ല ഒച്ച, കുറച്ചു സംഗീതം ഇത്രയും ഉണ്ടാ യാൽ എന്തുവേഷവും കെട്ടാമെന്നായിരിക്കുന്നു. വി ശേഷജ്ഞാനംകൊണ്ടുണ്ടാകുന്ന വിവേകംപ്രായേണ ഈ നടന്മാൎക്കുണ്ടാകാറില്ലെന്നുള്ള കാൎയ്യമായിരി ക്കട്ടെ; അവരാടുന്ന നാടകത്തിൻേറയുംകൂടി സാമാ ന്യജ്ഞാനം കഷ്ടിയിലായിരിക്കും. ഈ സ്ഥിതിക്കു് ഈ വക പുതിയ നാടകരംഗങ്ങൾക്കു സ്വാഭാവികത സാധാരണയായി കണ്ടുവരാത്തതിനുള്ള കാരണം എന്താണെന്നു വേറേ അന്വേഷിക്കേണ്ടതില്ലല്ലൊ.

വിശേഷിച്ചും, പ്രാകൃതജനങ്ങൾക്ക തല്ക്കാലംമാത്രം ഒരു സന്തോഷാഭാസം ജനിപ്പിക്കുവാനായി പലതരം അനൌചിത്യങ്ങളും ആഭാസങ്ങളും കൂടി ചെയ്തുവരുന്നുണ്ടെന്നു വരുമ്പോൾ അഭിജ്ഞന്മാൎക്ക നീരസം ജനിപ്പിക്കുന്നതിൽ എന്താണ് അത്ഭുതപ്പെടുവാനുള്ളതു്? കൂടിയാട്ടത്തിലാകട്ടെ, അഭിനയത്തിനുള്ള പ്രാധാന്യവും, പാത്രവിധാനത്തിലുള്ള സ്വാഭാവികതയും കാണികൾക്കുള്ള വികാരങ്ങൾ, ഉദ്ദീപിപ്പിച്ച്, തന്മയത്വംവരുത്തി വിനോദിപ്പിക്കുന്ന കാൎയ്യത്തിൽ വേണ്ടടത്തോളം തന്നെ ഉപയുക്തങ്ങളായിത്തീൎന്നിട്ടുണ്ടു്. ചാക്യാന്മാർ അഭിനയിച്ചുവരുന്ന നാടകങ്ങളിലെല്ലാം ശൃംഗാരാദിരസങ്ങൾ അതാതിന്റെ അവധിയിൽ നില്ക്കുകയല്ലാതെ, അതിർകടന്നു ബീഭത്സത്തിലേയ്ക്കു ചാടുവാൻ സമ്മതിച്ചിട്ടില്ലാത്തവിധം വ്യവസ്ഥപ്പെടുത്തീട്ടുള്ളതുകൊണ്ടു് എത്രതന്നെ വിസ്തരിച്ച് അഭിനയിച്ചാലും അനൌചിത്യത്തിനോ ആഭാസത്തിനോ ഇടയാകുന്നതല്ല.

ഈ വിഷയത്തിൽ ഇപ്പോൾ കാണുന്നമാതിരിയുള്ള ഉദാസീനത ഒരു കാലത്തു വന്നേയ്ക്കാമെന്നും, അങ്ങനെ ഒന്നുരണ്ടു തലമുറ കഴിയുമ്പോൾ ചാക്യാർകൂത്തു തീരെ നാമാവശേഷമായിത്തീൎന്നേയ്ക്കാമെന്നും നമ്മുടെ പൂൎവ്വികന്മാർ കണ്ടുപിടിച്ചിട്ടാണോ എന്നു തോന്നുന്ന വിധം വേറേ ചില ഏൎപ്പാടുകളും കരുതിക്കൂട്ടിത്തന്നെ ചെയ്തുകാണുന്നുണ്ടു്. ഈ അഭിനയം എന്നെന്നേയ്ക്കും നിലനില്ക്കുവാൻവേണ്ടി ഒരു കൂട്ടം ആളുകളെ തിരഞ്ഞെടുത്തു്, ഒരു പ്രത്യേക

ജാതിയാക്കി നിൎത്തി അവരുടെ കുലധൎമ്മം നാടകാഭിനയമാണെന്നു കല്പിക്കപ്പെട്ടുത്തി. ഇങ്ങനെ ചെയ്തതുകൊണ്ടു് അഭിനയത്തിനു പൂൎവ്വാധികം സ്ഥിരതയും ഉല്ക്കൎഷവും ലഭിച്ചു. ഇവൎക്കു ഓരോ ദേവസ്വം വകയായി ഉപജീവനത്തിനുള്ള വഴി വച്ചുകൊടുത്തതുകൊണ്ടും, അതാതു അമ്പലങ്ങളിലെ വിശേഷദിവസങ്ങളിലെല്ലാം അഭിനയിച്ചുകൊള്ളണമെന്നു നിശ്ചയിച്ചതുകൊണ്ടും ദേവസ്വം ഉള്ളേടത്തോളംകാലം സംസ്കൃതനാടകാഭിനയം ജീവിക്കാതിരിപ്പാൻ തരമില്ലാത്ത വിധത്തിൽ ആക്കിത്തീൎത്തു. ഇങ്ങനെ ഈ പ്രാചീനാഭിനയസമ്പ്രദായത്തെ കഴിയുന്നത്ര ശാശ്വതമാക്കിത്തീൎപ്പാൻ നമ്മുടെ പൂൎവ്വികന്മാർ ഉത്സാഹിച്ചിട്ടുണ്ടു്. എങ്കിലും നമ്മുടെ പരിഷ്കാരഭ്രമംകൊണ്ടുണ്ടായിട്ടുള്ള ഉദാസീനതന്നിമിത്തം ഈ ഉത്തമവിനോദസ്ഥാനത്തിനുംകൂടി ഇപ്പോൾ ഉദ്വാസൻവലിക്കേണ്ടതായിട്ടാണു വന്നിരിക്കുന്നതു്. ഇപ്പോഴെങ്കിലും ഒന്നു കൊണ്ടുപിടിച്ചു് ഉത്സാഹിക്കുന്നതാണെങ്കിൽ ഇതിനെ പുനൎജ്ജീവിപ്പിക്കാമെന്നാണു തോന്നുന്നതു്. കൂത്തുകാണുവാൻ പോയി ചാക്യാരെ പ്രോത്സാഹിപ്പിക്കുകയും, വാക്കുകൊണ്ടു് അവരുടെ അഭിനയത്തെ അഭിനന്ദിക്കുകയും മാത്രമേ നമ്മൾ ചെയ്യേണ്ടതായിട്ടുള്ളു എന്നുകൂടി വരുമ്പോൾ നമ്മുടെ കൃത്യം ഏററവും സുസാദ്ധ്യമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇങ്ങനെ ഇരുന്നിട്ടുംകൂടി നമ്മുടെബുദ്ധി അതിലേയ്ക്കു പോകാത്തതു് ആകപ്പാടെ കാലദോഷമെന്നുതന്നെ കരുതേണ്ടിയിരിക്കുന്നു. ആയിര

ത്തിലധികം കൊല്ലങ്ങളായിട്ടു സൂക്ഷിച്ചു വളത്തി ക്കൊണ്ടുപോന്നിട്ടുള്ളതും മലയാളികൾക്കെല്ലാം ഒരുപോലെ അവകാശപ്പെട്ടതും ആയ ഈ പുരാതന പൊതുസ്വത്ത് അറിയാതെ കളഞ്ഞുകുളിക്കുന്നതു വലിയ നഷ്ടവും കഷ്ടവും ആണെന്നേ പറയേണ്ടതുള്ളു. എങ്കിലും രാജ്യമെങ്ങും വ്യാപിച്ചു ദിവസംതോറും ശക്തി വദ്ധിച്ചുവരുന്ന സ്വരാജ്യസ്നേഹത്തിന്റെ ഫലമായിട്ട് ഈ വിഷയത്തിലും നമുക്ക് ഉണച്ചയുണ്ടാവാൻ പ്രാത്ഥിച്ചുംകൊണ്ട് പ്രകൃതവിഷയം ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

---

# IX നീലകണ്ഠന്റെ

# കൊച്ചിരാജപരമ്പര

പോച്ചുഗീസ്സുകാരുടെ ആഗമനത്തിനു മുമ്പുള്ള കൊച്ചിരാജ്യചരിത്രം നമുക്കു തീരെ അജ്ഞാതമായിട്ടാണിരിക്കുന്നതു്. അക്കാലത്തെ ചരിത്രത്തെ സംബന്ധിച്ച് എന്തു സംഗതികൾ കിട്ടിയാലും അതു ചരിത്രകാരന്മാക്കെന്നപോലെ സാധാരണന്മാക്കും രസാവഹമായിരിക്കും. സാഹിത്യഗ്രന്ഥങ്ങളിൽ നിന്നു കിട്ടുന്നതും പോർച്ചുഗീസ്സുകാരുടെ ആഗമനത്തിനു മുമ്പുള്ളതെന്നു ഞാൻ അനുമാനിക്കുന്നതും ആയ ചില സംഗതികളാണു് പ്രസ്തുതലേഖനത്തിന്റെ വിഷയം.

ഇവിടെ ആധാരമായി സ്വീകരിച്ചിട്ടുള്ള സാഹിത്യഗ്രന്ഥങ്ങളെക്കുറിച്ച് ആദ്യം പ്രസ്താവിക്കാം. ഇവയിൽ പ്രധാനമായിട്ടുള്ളത് തെൻകൈലാസനാഥോദയം എന്നു പേരായ ചംപൂപ്രബന്ധമാണ്. വിദ്യാവല്ലഭൻ എന്ന ബിരുദം സമ്പാദിച്ചിട്ടുള്ള നീലകണ്ഠമഹാകവിയാണ് ഇതിൻെറ കർത്താവ്. ഇദ്ദേഹം ഇതിനുപുറമേ ചെല്ലൂർനാഥോദയമെന്നും നാരായണീയമെന്നും രണ്ടു പ്രബന്ധങ്ങൾകൂടി രചിച്ചിട്ടുണ്ട്. ഗ്രന്ഥകാരൻെറ ജന്മദേശത്തേയോ ജീവിതകാലത്തേയോ വ്യവസ്ഥചെയ്യുവാൻ ഉതകുന്ന വിശ്വസനീയമായ തെളിവുകൾ യാതൊന്നും ഇതേവരെ ലഭ്യങ്ങളായിത്തീർന്നിട്ടില്ലെന്നു പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ആയതിനാൽ ഇദ്ദേഹത്തിൻെറ കാലനിർണ്ണയം ആഭ്യന്തരങ്ങളായ തെളിവുകളെ ആശ്രയിച്ചുമാത്രം ചെയ്യേണ്ടതായിട്ടാണിരിക്കുന്നത്. രണ്ടാമതായി ഇവിടെ സ്വീകരിച്ചിട്ടുള്ളതു രാജരത്നാവലീയമെന്ന സുപ്രസിദ്ധ ചംപൂഗ്രന്ഥമാകുന്നു. ഈ ഗ്രന്ഥം ചമച്ച മഹാകവി ആരാണെന്നും ഏതുകാലത്തു ജീവിച്ചിരുന്നുവെന്നും മററുമുള്ള വിഷയങ്ങൾ വെറും അനുമാനപ്രധാനങ്ങളായിരിക്കുന്നതേയുള്ളു. ഈ വിശിഷ്ടകൃതി ഒരു മഴമംഗലത്തിൻേറതാണെന്നു് ഒരു ഐതിഹ്യമുണ്ടു്. ആയതിനാൽ അവനവന് ഇഷ്ടമുള്ള മഴമംഗലത്തിന് ഈ കൃതിയുടെ കർത്തൃത്വം കൊടുക്കുന്നതിനും യാതൊരു വിരോധവുമില്ല. മൂന്നാമതായി പ്രകൃതത്തിൽ ഉപയോഗിച്ചിട്ടുള്ള ഗ്രന്ഥം ബാലകവിയുടെ രാമവർമ്മവിലാസമെന്ന ഒരു

സംസ്കൃതനാടകമാണ്. ഈ ഗ്രന്ഥത്തിൻെറ കാലവും അനിർണ്ണീതമാണ്. ഈ മൂന്നു ഗ്രന്ഥങ്ങളെ കൂട്ടിച്ചേൎത്ത് *അവയിൽനിന്നുകിട്ടുന്ന ചില ചരിത്രശകലങ്ങളെയാണ് ഇവിടെ പ്രതിപാദിക്കുവാൻ പോകുന്നത്.

ഇതേവരേയും പ്രസിദ്ധംചെയ്യാത്തതാണ് രാമവൎമ്മവിലാസനാടകം. ഇതിലെ നായകൻ കൊച്ചിയിലെ ഒരു രാമവൎമ്മമഹാരാജാവാകുന്നു. ഗോദവൎമ്മാഭിധനായ സ്വാനുജനോടുകൂടി ശത്രുസംഹാരംചെയ്തു രാജ്യത്തെ യഥാവിധി രക്ഷിച്ചു സുസ്ഥിരമാക്കിച്ചെയ്തു്, സ്വാനുജങ്കൽ രാജ്യഭാരമേല്പിച്ചു്, മഹാരാജാവു തലക്കാവേരീസ്നാനത്തിനായി എഴുന്നള്ളി. അവിടെവച്ചു് 'മന്ദാരമാല' യെന്ന ഒരു യുവതിയെ കാണുകയും, ദൃഷ്ടമാത്രയിൽത്തന്നെ അനുരാഗപരവശനാകനിമിത്തം കന്യകയെ ഭാൎയ്യയായിസ്വീകരിച്ചു കുറച്ചുകാലം അവിടെ താമസിക്കുകയുംചെയ്തു. അപ്പോഴേയ്ക്കും രാജ്യത്തു ശത്രുക്കളെക്കൊണ്ടുള്ള ഉപദ്രവം തുടങ്ങിയെന്നു സോദരൻെറ അടുക്കൽനിന്നു വിവരമറിയുകനിമിത്തം പെട്ടെന്നു രാജധാനിയിലേയ്ക്കു മടങ്ങി രാജ്യഭാരം വീണ്ടും കൈയേററു്, ശത്രുക്കളിൽ കൊല്ലേണ്ടവരെ കൊന്നും കളയേണ്ടവരെ കളഞ്ഞും വീണ്ടും

---

* ഈ മൂന്നു ഗ്രന്ഥങ്ങളേയും, പരിഷൽത്രൈമാസികം രണ്ടാംവാല്യത്തിലെ "മഗമംഗലവും ഭാഷാനൈഷധചംപുവും" എന്ന ഉപന്യാസത്തിൽ ഉള്ളൂർ സ്മരിച്ചിട്ടുണ്ട്.

പ, ത്രൈ. പ.

രാജ്യം സുസ്ഥിരമാക്കിച്ചെയ്തു. ഇങ്ങനെ 'അഭിനവേ വയസി' രാജ്യലക്ഷ്മീലാളിതനായി ചിരകാലം രാജ്യംഭരിച്ച്", അവസാനത്തിൽ കാശിക്കെഴുന്നള്ളി തീപ്പെട്ടുകയുംചെയ്തു. ഈ മഹാരാജാവിൻെറ അപദാനങ്ങളെ വർണ്ണിക്കുന്ന രാമവർമ്മവിലാസനാടകത്തിൻേറയും, ഈ മഹാരാജാവിൻെറ ആജ്ഞയനുസരിച്ചെഴുതിയ രത്നകേതൂദയത്തിൻേറയും കർത്താവായ ബാലകവി ഈ രാമവർമ്മ മഹാരാജാവിൻെറ സദസ്യനായിരുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

രാജരത്നാവലീയത്തിലെ നായകനായ രാമവർമ്മമഹാരാജാവും പ്രസ്തുതനാടകത്തിലെ നായകനായ മഹാരാജാവും ഒരാൾതന്നെയാണ്. അങ്ങനെവരുമ്പോൾ ഈ വിശിഷ്ടപ്രബന്ധത്തിൻെറ കർത്താവായ മഹാകവിയും ഈ രാമവർമ്മമഹാരാജാവിൻെറതന്നെ സദസ്യനായിരിക്കണം. ഇത്രയും സംഗതികൾ പ്രസ്തുതകാവ്യരത്നങ്ങളിൽനിന്നു തെളിയുന്നുണ്ട്.

ഈ രണ്ടു ഗ്രന്ഥങ്ങളിലും പോർച്ചുഗീസ്സുകാരെപ്പററി ഒന്നുംതന്നെ പ്രതിപാദിച്ചുകാണാത്തതിനാൽ പ്രഥമദൃഷ്ടിയിൽ ഉണ്ടാകാവുന്ന അനുമാനം, ഈ രാമവർമ്മമഹാരാജാവു പോർച്ചുഗീസ്സുകാരുടെ ആഗമനത്തിനു മുമ്പു ജീവിച്ചിരുന്നിരിക്കണമെന്നുള്ളതാണ്. നാടകകാരനായ ബാലകവി കോഴിക്കോട്ടു വിക്രമസദസ്സിലെ അംഗമായ ഉദ്ദണ്ഡശാസ്ത്രികളാൽ അപമാനിതനായി കൊച്ചിരാജാവിനെ വന്നാശ്ര

യിച്ചുവെന്ന ഐതിഹ്യം ഈ ഊഹത്തെ പ്രബലപ്പെടുത്തുന്നുമുണ്ട്.

ഇനി തെൻകൈലാസനാഥോദയത്തെ പരിശോധിക്കാം. പ്രബന്ധാരംഭത്തിൽ കവി കൊച്ചിരാജപരമ്പരയെ താഴെ പറയുംപ്രകാരം വർണ്ണിച്ചിരിക്കുന്നു:—

"അസ്തി ഖലു...... മനുകുലമണിപ്രദീപാനാം മാടധാത്രീഭൃതാം, വിശ്വവിസ്മാപകാഭോഗാ കൊച്ചീതിനാമ കുലരാജധാനീ.

സുരാലയസ്യോജ്ജയിനീ വിഭൂത്യാ
പരൈരയോദ്ധ്യാ മധുരാ വിശാലാ
വിരാജതേ ഭോഗവതീ സ്വയം യാ
കൃതേവ സംഭൂയ മഹാപുരീഭിഃ

മനുകുലമണിദീപൗ തത്ര പുത്രാമഭൂതാം
മഹിതഗുണനിധാനൗ രാമവർമ്മാഭിധാനൗ
പ്രതിഭടമദകുംഭിപ്രൗഢസംഹാരസിംഹൗ
സലിലനിധിഗഭീരൗ ദ്വൗ മഹീപാലവീരൗ.

തദനു വിപുലവൈദുഷീനിധാനം
മനുജവരോഽജനി തത്ര ഗോദവർമ്മാ
അഗണിതഗുണശേവധിശ്ച മധ്യേ
രവിസദൃശോ രവിവർമ്മനാമധേയഃ

ആവിർബഭൂവ തദനന്തരമാവിളഗ്ന-
ഭ്രൂവല്ലിവിഭ്രമവശംവദവിശ്വലോകഃ

സാവിത്രവംശതിലകസ്സ്ത്രീദശേന്ദ്രധാമാ
ശ്രീവീരകേരള ഇതി ക്ഷിതിപാലചന്ദ്രഃ"

വലിയ ശിവഭക്തനും വീരയോദ്ധാവുമായ ഈ വീര കേരളവമ്മമാഹാരാജാവു ചിരകാലം രാജ്യംഭരിച്ചു. വാദ്ധക്യത്തിൽ അദ്ദേഹത്തിനു രാമവമ്മൻ, ഗോദ വമ്മൻ എന്നിങ്ങനെ രണ്ടു മരുമക്കളുണ്ടായി. ഇവ രിൽ രാമവമ്മാവിനെ വണ്ണിച്ചതിൻെറശേഷം അദ്ദേ ഹത്തിൻെറ രാജ്യഭാരത്തെക്കുറിച്ച് ഇപ്രകാരം പറ ഞ്ഞവസാനിപ്പിക്കുന്നു.

"സാമ്രാജ്യാധികൃതോ വയസ്യഭിനവേ ശ്രീരാമ
വമ്മാഭിധോ
രാജേന്ദ്രഃ സഹ ഗോദവമ്മസഹജേനാക്രമ്യ
വഗ്ഗം ദ്വിഷാം
കൃത്വാ ദാനവരം തുലാദ്യപുരുഷം വാരാണസീ
സന്നിധൌ
സംപ്രാപ്തഃ ശിവലോകമനഘഗന്ധജോപ്യാഗമ്യ
രാമേശ്വരാൽ.

അനന്തരമനന്തരായരമണീയനാനാഗുണ-
പ്രഭാവജിതരാഘവോ വിഹിതലാഘവോ
വൈരിണാം
ശശാസ വിധിവന്മഹീം ഗുണമഹീയസീം പൂരയൻ
യശോ ജഗതി വീരകേരള ഇതി പ്രതീതോ നൃപഃ"

ഈ വീരകേരളവമ്മമഹാരാജാവിൻെറ ആജ്ഞാ

നുസരണമാണ് നീലകണ്ഠകവി തന്റെ തെൻകൈലാസനാഥോദയമെന്ന ഗ്രന്ഥമെഴുതിയതു്.

മേൽ ഉദ്ധരിച്ച പദ്യങ്ങളിൽനിന്നു്, രാമവമ്മ-രാമവമ്മ-ഗോദവർമ്മ-രവിവർമ്മ-വീരകേരളവമ്മ-രാമവമ്മ-ഗോദവമ്മ-കേരളവമ്മ എന്നിങ്ങനെയുള്ള വംശാവലി അനുസ്യൂതമായ പാരമ്പര്യമാണെന്നു്, തദനന്തരം, തദനു എന്നീപദങ്ങൾ വെളിവാക്കുന്നുണ്ടു്. രണ്ടാമതൊരുസംഗതി ഇതിൽനിന്നും തെളിയുന്നതു്, കൊച്ചിയെ കുലരാജധാനിയാക്കിയതിനുശേഷമാണ് പ്രസ്തുത പരമ്പരതുടങ്ങിയതെന്നുള്ളതാണ്. കൊച്ചി ഒരു തുറമുഖമായിത്തീന്നതു് ക്രി: പി: 1341-ാമാണ്ടിനുശേഷമാകയാൽ ഈ വംശാവലി അതിനുശേഷമായിരിക്കുവാനേ തരമുള്ളു എന്നുള്ളതും നിശ്ചയംതന്നെ.

ഈ വംശാവലിയിലെ ആറാമത്തെ രാജാവായ മൂന്നാമത്തെ രാമവർമ്മനായിരിക്കണം രാജരത്നാവലീയത്തിലേയും രാമമ്മവിലാസത്തിലേയും നായകനായ രാമവമ്മമഹാരാജാവു്. അനുജനോടുകൂടിയ രാജ്യഭരണവും ഒടുവിൽ കാശിയിൽപോയി മരിച്ചു എന്നുള്ള സംഗതിയും ഈ ഊഹത്തെ സ്ഥാപിക്കുന്നുമുണ്ടു്. ഈ രാമവർമ്മഗോദവമ്മാക്കളുടെ കാലശേഷം രാജ്യംവാണതു് കേരളവമ്മമഹാരാജാവാണ്. അദ്ദേഹത്തിന്റെ കാലത്താണല്ലൊ നീലകണ്ഠമഹാകവി തന്റെ തെൻകൈലാസനാഥോദയമെന്ന ഗ്രന്ഥം നിർമ്മിച്ചിട്ടുള്ളതു്.

ഇനി ആലോചിക്കേണ്ട വിഷയം ഈ വംശാവലിയിൽ പ്രകീർത്തനം ചെയ്യപ്പെട്ടിട്ടുള്ള എട്ടു

മഹാരാജാക്കന്മാർ ഏതുകാലത്താണ് രാജ്യംഭരിച്ചതെന്നുള്ളതാണ്. ഈ സംഗതിയിൽ നിർണ്ണീതമായി ഒരഭിപ്രായം പറയുന്നതിനു തക്കതായ തെളിവുകളൊന്നും ഇതേവരെ കണ്ടുകിട്ടിയിട്ടില്ല. എന്തെങ്കിലും ഒരഭിപ്രായം പറയുന്നതു് ഊഹാപോഹങ്ങളെ അടിസ്ഥാനപ്പെടുത്തി മാത്രമാണ്.

പ്രസ്തുതവംശാവലിയിലെ എട്ടാമത്തെ രാജാവിൻെറ ആജ്ഞയനുസരിച്ച് ഒരു പ്രബന്ധം രചിക്കുന്ന അവസരത്തിൽ അദ്ദേഹത്തിൻെറ ഏഴു പൂർവ്വികന്മാരുടെ നാമസ്മരണത്തിൻെറ ഉദ്ദേശ്യം എന്തായിരിക്കാം? തൻെറ രാജാവിൻെറ മഹിമവർണ്ണനമാത്രമാണുദ്ദേശ്യമെങ്കിൽ അദ്ദേഹത്തിൻെറ പൂർവ്വഗാമിയും അതിഗംഭീരനും ഗോദവർമ്മാവിൻെറ ജ്യേഷ്ഠനുമായ രാമവർമ്മമഹാരാജാവിൻെറ അപദാനങ്ങളെ വർണ്ണിക്കുകമാത്രമായാലും പോരാന്നുയില്ലാത്തതാണ്. ക്രി: പി: 1341-ാമാണ്ടുമുതല്ക്കു യഥാർത്ഥത്തിൽ കൊച്ചിരാജാക്കന്മാരായിത്തീർന്നിട്ടുള്ള പെരുമ്പടപ്പുസ്വരൂപത്തിലെ മഹാരാജാക്കന്മാരുടെ വംശാവലിയെ ചുരുക്കിപ്പറയുകയെന്നുള്ളതും കൂടി ഗ്രന്ഥകർത്താവിൻെറ ഉദ്ദേശ്യമായി കരുതിയാൽമാത്രമേ ഈ വംശാവലീകഥനം യുക്തിയുക്തമായിത്തീരുകയുള്ളൂ. ആയതിനാൽ നീലകണ്ഠൻ സ്വപ്രബന്ധത്തിൽ പറഞ്ഞിട്ടുള്ള കൊച്ചിരാജവംശാവലി 1342-മുതല്ക്കുള്ളതാണെന്നാണ് എൻെറ അഭിപ്രായം. ഈ അഭിപ്രായത്തെസാധൂകരിക്കുന്നആദ്യത്തെ ഒരു തെളിവായി കല്പിക്കാവുന്നതു്, ബാലകവിയെ ഉദ്ദണ്ഡനോടുകൂടിഘടിപ്പിക്കുന്നഐതിഹ്യമാണ്.

വെറും ഒരഭിപ്രായംകൊണ്ടും നാടോടിയായ ഐതിഹ്യംകൊണ്ടും മാത്രം ഈ രാജാവലിയുടെ കാലം നിശ്ചിതപ്രായമാണെന്നു് ഇവിടെ ഉൽഘോഷിക്കുന്നില്ല. ഇവയെ ബലപ്പെടുത്തുന്ന വേറേയും ചില തെളിവുകളുള്ളതു് ഇനി പ്രസ്താവിക്കാം. അവയിൽ ആദ്യമായിട്ടുള്ളതു്, കവി പ്രസ്തുതകൃതിയിൽ പോർച്ചുഗീസ്സുകാരെക്കുറിച്ചു് ഒന്നുംതന്നെ പറഞ്ഞിട്ടില്ലെന്നുള്ളതാണു്. ഈ കൃതിയിൽ മാത്രമല്ല, രാമവർമ്മവിലാസനാടകത്തിലും രാജരത്നാവലീയത്തിലും രത്നകേതൂദയത്തിലും ഇവരെക്കുറിച്ചു് ഒരു വാക്കുപോലും പറഞ്ഞുകാണുന്നില്ല. പോർച്ചുഗീസ്സുകാർ വന്നതിന്റെശേഷം രാജ്യത്തിന്റെ ക്ഷേമത്തിനും വിജയത്തിനും കാരണവും, രാജാക്കന്മാരുടെ സ്നേഹബഹുമാനങ്ങൾക്കു പാത്രവുമായ ഈ പാശ്ചാത്യവർഗ്ഗക്കാരെ അനുസ്മരിക്കാതിരിക്കുന്നതിൽനിന്നു് ഒരു സംഗതി തെളിയുന്നതു്, അവരുടെകാലത്തല്ലാ ഈ കവികൾ ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുള്ളതെന്നാകുന്നു. ഇതും ഒരനുമാനംമാത്രമാണെന്നു പറഞ്ഞു് സംശയകോടിയിൽ തള്ളാവുന്നതാണെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. പോർച്ചുഗീസ്സുകാരുടെ ആഗമനത്തിനുശേഷമുണ്ടായിട്ടുള്ള രാജാക്കന്മാരുടെ പാരമ്പര്യത്തെ സംബന്ധിച്ചു മൂന്നു നാലാവലികൾ ഇപ്പോൾ സുലഭങ്ങളായിട്ടുണ്ടു്. ഈ നാലാവലികളും അനുസ്യൂതമായ നീലകണ്ഠന്റെ ആവലിയോടു ചേരുന്നില്ലെന്നുള്ള സംഗതി ഇവിടെ പ്രത്യേകം ഓർമ്മിക്കേണ്ടതാണു്. ഇതിൽനിന്നു നീലകണ്ഠന്റെ ആവലി പോർച്ചു

ഗീസ്സുകാരുടെ ആഗമനത്തിനുമുമ്പുണ്ടായിരുന്ന രാജാക്കന്മാരുടെ വംശപാരമ്പര്യത്തെ വർണ്ണിക്കുന്നതാണെന്നു ഊഹിക്കുന്നതിൽ അസാംഗത്യമുണ്ടെന്നു് എനിക്കു തോന്നുന്നില്ല.

ഇത്രയും പറഞ്ഞതിൽനിന്നു വന്നുകൂടുന്നതു്, നീലകണ്ഠന്റെ വംശാവലി ക്രി: പി: 1342-ാമാണ്ടിനുശേഷവും 1500-ാണ്ടിനു മുമ്പും ഉണ്ടായിരുന്ന കൊച്ചിരാജാക്കന്മാരുടെ വംശപരമ്പരയാണെന്നുള്ളതാണ്. ഈ മതം സ്വീകാരയോഗ്യമെൻവന്നാൽ മേൽവിവരിച്ച ഗ്രന്ഥങ്ങൾകൂടി 1500-നു മുമ്പിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളവയാണെന്നും അതുപോലെതന്നെ ആ ഗ്രന്ഥങ്ങളുടെ കർത്താക്കന്മാർ പോർച്ചുഗീസ്സുകാരുടെ ആഗമനത്തിനുമുമ്പു ജീവിച്ചിരുന്നവരായിരിക്കണമെന്നുമാണല്ലൊ വന്നുകൂടുന്നതു്. അതായതു് മലയാളസാഹിത്യത്തിലെ ഒരുത്തമഗ്രന്ഥമായ രാജരത്നാവലീയവും നീലകണ്ഠന്റെ പ്രബന്ധത്രയവും ക്രി: പി: 1500-നുമുമ്പു എഴുതിയതായിരിക്കണമെന്നു ചുരുക്കം.

നീലകണ്ഠൻ വിവരിക്കുന്ന രാജാവലിയുടെ കാലനിയമത്തെപ്പറ്റി വിഭിന്നാഭിപ്രായമില്ലെന്നില്ല; പക്ഷെ, ആ അഭിപ്രായത്തെ പ്രകടിപ്പിച്ചിട്ടുള്ള ലേഖനത്തെ സൂക്ഷ്മമായി പരിശോധിച്ചു നോക്കുന്നതായാൽ അതു തീരെ അടിസ്ഥാനരഹിതമാണെന്നു്, കൊച്ചിരാജ്യചരിത്രമറിയുന്ന ഏവനും ക്ഷണത്തിൽ ഗ്രഹിക്കാവുന്നതാണ്. വിഭിന്നാഭിപ്രായപ്രകടനം ചെയ്തിട്ടുള്ളവരിൽ മേന്മകൊണ്ടും വിദ്വത്വംകൊണ്ടും മററും ഉന്നതസ്ഥാനമർഹിക്കു

ന്നതു് റാവുസിഹിബ്ബ് മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകളാകുന്നു. വിദ്വച്ഛിരോമണിയായ ഇദ്ദേഹത്തിൻെറ അഭിപ്രായം അടിസ്ഥാനരഹിതമാണെന്നും ആയതിനാൽ അതു സ്വീകാൎയ്യമല്ലെന്നും സ്ഥാപിച്ചുകഴിഞ്ഞാൽ, ഇതരന്മാരുടെ അഭിപ്രായങ്ങളും അസാധുവായിത്തീരുമെന്നുള്ളതുകൊണ്ടു് മി: അയ്യരുടെ അഭിപ്രായംമാത്രമേ ഇവിടെ പരിശോധിക്കുന്നുള്ളു. മി: അയ്യർ നീലകണ്ഠമഹാകവിയുടെ കാലം പതിനാറാംനൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൻെറ അന്ത്യദശയാണെന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളതു്. നൈഷധചമ്പുവും രാജരത്നാവലീയവും ഒരാളുടെ കൃതിയാണ്; ആ കവി മഴമംഗലമാണ്; മഴമംഗലനമ്പൂരിമാരിൽ ചമ്പൂകത്താവു് ക്രി: പി: 1615-നുള്ളിൽ ജീവിച്ചിരുന്ന നാരായണനാണ്; എന്നിങ്ങനെയുള്ള മൂന്നനുമാനങ്ങളെക്കൊണ്ടു രാജരത്നാവലീയവും നൈഷധചമ്പുവും 16-ാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഉണ്ടായവയാണെന്നു് അദ്ദേഹം സ്ഥാപിക്കുന്നു. ഈ അനുമാനത്രയത്തിനുള്ള പ്രധാനലിംഗം, "എന്നാണു ഞാൻ അനുമാനിക്കുന്നതു്" എന്നുള്ളതുമാത്രമാണ്.

ഇങ്ങനെ രാജരത്നാവലീയത്തെ 16-ാം നൂററാണ്ടിൻെറ മദ്ധ്യഭാഗത്തിലേയ്ക്കോ ഉത്തരഭാഗത്തിലേയ്ക്കോ വലിച്ചുകൊണ്ടുവരുമ്പോൾ ചില കുഴപ്പങ്ങൾ നേരിടുന്നു. അവയേയും തൻെറ സാമൎത്ഥ്യംകൊണ്ടുതന്നെയാണ് നമ്മുടെ മഹാകവി നിരാകരിക്കുന്നതു്. തെൻകൈലാസനാഥോദയത്തിൽ മൂന്നാമതായിവൎണ്ണിച്ചിട്ടുള്ള രാമവൎമ്മാവും രാജരത്നാവലീയ

ത്തിലെ നായകനും ഒന്നുതന്നെയെന്നു ന്യായമായി അനുമാനിക്കുന്നു. അതിനു ശേഷം ആ ശതകത്തിന്റെ ഉത്തരാദ്ധത്തിൽ ഒരു രാമവൎമ്മമഹാരാജാവിനെ ഉണ്ടാക്കുവാൻ പുറപ്പെട്ടുന്നു; അവസാനത്തിൽ 1565 മുതൽ 1603 വരെ രാജ്യംഭരിച്ചു് മേല്പത്തൂരിന്റേയും വേദാന്താചാൎയ്യരുടേയും പ്രശംസയ്ക്കു പാത്രമായിത്തീൎന്ന രവിവൎമ്മമാഹാരാജാവിന്റെ പേർ കൊച്ചിരാജ്യചരിത്രത്തിൽ കാണാത്തതുകൊണ്ടും, ഇദ്ദേഹം കാശിക്കുപോയി എന്നൊരു കിംവദന്തിയുള്ളതുകൊണ്ടും ഇദ്ദേഹമാണു് രാജരത്നാവലീയത്തിലെ നായകനായ രാമവൎമ്മമഹാരാജാവെന്നു പിന്നീടഭിപ്രായപ്പെട്ടുന്നു. മാടമഹീശപ്രശസ്തിയിലെ രവിവൎമ്മനെ രാജരത്നാവലീയത്തിലെ രാമവൎമ്മനാക്കിത്തീൎത്തപ്പോൾ, നീലകണ്ഠന്റെ രാജപരമ്പരയെ പരസ്പരം ഘടിപ്പിക്കേണ്ടതായ ഒരു പുതിയ ബുദ്ധിമുട്ടു് മി: അയ്യൎക്കുണ്ടായിത്തീൎന്നു. ഇതിനേയും മി: അയ്യർ സസുഖം നിവ്വഹിക്കുന്നു. 1500-ാമാണ്ടിനുശേഷമുണ്ടായിട്ടുള്ള രാജാക്കന്മാരുടെ പരമ്പര ഒന്നിലധികമുള്ളതു നീലകണ്ഠന്റെ ആവലിയോടു് ഒത്തുനോക്കുമ്പോൾ യോജിക്കുന്നില്ല; കവിയുടെ പ്രതിഭാഗുണമാശ്രയിച്ചോ എന്തോ, എല്ലാ ആവലികളേയും ചേരേണ്ടപടി ചേൎത്തിട്ടാണു് മി: അയ്യർ അവയ്ക്കു് ഐകരൂപ്യം ഉണ്ടാക്കിത്തീൎക്കുന്നതു്. അതായതു്, നീലകണ്ഠന്റെ ആവലിയിൽ അധികം രാജാക്കന്മാരെ കാണുമ്പോൾ അവർ പ്രസിദ്ധന്മാരാകയാൽ ഗ്രന്ഥവരിയിൽ ചേൎത്തില്ലെന്നും, ഗ്രന്ഥവരിയിൽ അധികം രാജാക്കന്മാരെ കാണുമ്പോൾ

അവർ അപ്രസിദ്ധന്മാരാകയാൽ നീലകണ്ഠൻ വർണ്ണിച്ചില്ലെന്നും അദ്ദേഹം സമാധാനിക്കുന്നു. ഇങ്ങനെ നീലകണ്ഠന്റെ രാജാവലിയും ഗ്രന്ഥവരിക്കാരന്റെ രാജാവലിയും ഒന്നു തന്നെയാണെന്നു പ്രതിപാദിക്കുന്ന മി: അയ്യരെ സഹൃദയന്റെ നിലയ്ക്കു് അഭിനന്ദിക്കുകയും ചരിത്രകാരന്റെ നിലയ്ക്കു് അനുശോചിക്കുകയുമാണു് ഞാനിവിടെ ചെയ്യുന്നതു്. ഇപ്രകാരം അടിസ്ഥാനരഹിതങ്ങളായ അനുമാനപരമ്പരകളെക്കൊണ്ടു സ്ഥാപിതപ്രായമെന്നു വിശ്വസിക്കുന്ന തന്റെ മതം, രാജരാജനെന്നതു് ഒരു സ്ഥാനപ്പേർമാത്രമാണെന്നും, അതു പ്രബന്ധനായകനായ രാമവർമ്മാവിന്റെ പൂർവ്വികനായ കേരളവർമ്മാവിന്റെ സ്ഥാനപ്പേരായിരുന്നുവെന്നുമുള്ള അനുമാനത്തോടുകൂടി ചേരുമ്പോൾ, യഥാർത്ഥകവിതയായി പരിണമിക്കുന്നു എന്നു പറഞ്ഞേതീരൂ.

ഇത്രയും പറഞ്ഞതിൽ നിന്നു വന്നുകൂടുന്നതു്, രാജരത്നാവലീയത്തെ പതിനാറാംനൂററാണ്ടിന്റെ മദ്ധ്യദശയിലേയ്ക്കു കൊണ്ടുവന്നിട്ടുള്ളതിനു യാതൊരുതെളിവും മി: അയ്യർ കാണിച്ചിട്ടില്ലെന്നുള്ളതാണു്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഈ ഗ്രന്ഥം 16-ാംനൂററാണ്ടിലാവാമെങ്കിൽ, വേറേ ചിലരുടെ അഭിപ്രായത്തിൽ ഇതു് 15-ാം നൂററാണ്ടിലാകുന്നതിനും യാതൊരു വിരോധവുമില്ല. ഇങ്ങനെ സങ്കല്പിക്കുന്നതിലേയ്ക്കു നീലകണ്ഠന്റെ രാജാവലി അനുകൂലവുമാണു്. പക്ഷേ, തങ്ങളുടെ അഭിപ്രായങ്ങളെ സാധൂകരിക്കുവാൻവേണ്ടി കൃതികളുടേയും കവികളുടേയും കാലം യഥേഷ്ടം പരിണമിപ്പിക്കു

ന്നതും അനസ്യൂതമായ ആവലികളെ യഥേഷ്ടം മാററുന്നതും ഒരു സാഹസമാണെന്നേ പറയേണ്ടതുള്ളൂ.

ചുരുക്കിപ്പറയുകയാണെങ്കിൽ, നീലകണ്ഠന്റെ വംശാവലി പോർച്ചുഗീസുകാലത്തിനു മുമ്പുള്ളതാണെന്നും, തെക്കൈലാസനാഥോദയം, രാജരത്നാവലീയം, രാമവർമ്മവിലാസം എന്നീ ഗ്രന്ഥങ്ങൾ 15-ാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ നിർമ്മിച്ചിട്ടുള്ളതാണെന്നുമാണ് എന്റെ പൂർണ്ണമായ വിശ്വാസം. ഇങ്ങനെ അഭിപ്രായപ്പെടുന്നതിൽ വേറേ ഒരാക്ഷേപം കൂടിയുണ്ടാവുന്നതു് ഇവിടെ ചൂണ്ടിക്കാണിച്ചു നിരാകരിക്കാം. ഭാഷാശൈലി ആശ്രയിച്ചുനോക്കുമ്പോൾ ഇവയെ പതിനാറാംനൂററാണ്ടിൽ സ്ഥാപിക്കേണ്ടതായി വരുന്നുവെന്നുള്ളതാണ് ആ ആക്ഷേപം. ഇതു വെറുമൊരു മിത്ഥ്യാവാദം മാത്രമാണെന്നു് ആദ്യമായിപറഞ്ഞുകൊള്ളട്ടെ. ഭാഷാശൈലിയെമാത്രം അടിസ്ഥാനപ്പെടുത്തി ഒരഭിപ്രായം പറയുന്നതു് സാഹസമാണ്; എന്തുകൊണ്ടെന്നാൽ ഓരോ നൂററാണ്ടിലേയും ഭാഷാശൈലിയുടെ സ്വരൂപം വിശദമാക്കുന്ന ഗ്രന്ഥങ്ങളേതെല്ലാമെന്നു് ഇനിയും സുനിശ്ചിതമായിട്ടില്ല; ഇവയുടെ സ്വരൂപം ഇതേവരെ ആരും വിശദമാക്കീട്ടുമില്ല. ഇതിനുപുറമേ, പ്രബന്ധങ്ങളിൽ അപഹൃതശ്ലോകങ്ങൾ ധാരാളം കാണുന്നുണ്ടെന്നു മി: അയ്യർ അഭിപ്രായപ്പെടുന്നതുമുണ്ടു്. ഇങ്ങനെ വരുമ്പോൾ ഭാഷാശൈലിയെമാത്രം അടിസ്ഥാനപ്പെടുത്തീട്ടുള്ള ഒരഭിപ്രായത്തെ ആശ്രയിച്ചു് ഈ കൃതി ഇന്നകാലത്തേ

തായിരിക്കണം, ആ കൃതി ഇന്ന നൂററാണ്ടിലേതായിരിക്കണം' എന്നും മററും അഭിപ്രായപ്പെട്ടുന്നതു ചരിത്രദൃഷ്ട്യാ സ്വീകാരയോഗ്യമല്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. ശൈലിയെ സംബന്ധിച്ച വസ്തുസ്ഥിതി താഴെക്കാണിക്കുന്നവിധത്തിലാണെന്നു തോന്നുന്നു. ഭാഷാശാസ്ത്രജ്ഞൻ സാഹിത്യചരിത്രകാരനോടു ചില ഗ്രന്ഥങ്ങളുടെ കാലമെന്താണെന്നു ചോദിച്ചറിഞ്ഞതിന്റെശേഷം, അക്കാലത്തെ ഭാഷാശൈലി ഇന്നതെന്ന് അഭിപ്രായപ്പെട്ടു; പിന്നീടു് ഈ വിഷയത്തെക്കുറിച്ചെഴുതിയ ചരിത്രകാരൻ ഭാഷാശൈലി ഇന്ന കാലത്തേതാകകൊണ്ടു് ആഗ്രന്ഥം ഇന്ന കാലത്തുണ്ടായതായിരിക്കണമെന്നഭിപ്രായപ്പെട്ടു. ഇങ്ങനെ അന്യോന്യാശ്രയമായി സ്ഥിതിചെയ്യുന്നതാണു് ഭാഷാശൈലിയെ അടിസ്ഥാനപ്പെടുത്തീട്ടുള്ള അഭിപ്രായം. പ്രകൃതവിഷയത്തിൽ അതു ദുർബലവും തീരെ അസമഞ്ജസവുമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

മലയാളസാഹിത്യചരിത്രത്തെക്കുറിച്ചുകൂടി ഒരു വാക്കുപറഞ്ഞു പ്രകൃതവിഷയങ്ങളെ ഉപസംഹരിക്കാം. രാജരത്നാവലീയം, തെക്കൈലാസനാഥോദയം മുതലായ പ്രബന്ധങ്ങളെ 16-ാംനൂററാണ്ടിലേയ്ക്കു കൊണ്ടുവന്നു്, ഈ ശതകത്തിലായിരിക്കണം ചമ്പുക്കളുടെ ഉത്ഭവം എന്നും മററും അദ്ധ്യാഹരി

ക്കുന്ന സാഹിത്യചരിത്രകാരന്റെ അഭിപ്രായവും, അതിനെ അടിസ്ഥാനപ്പെടുത്തി ചരിത്രകാരൻ ചെയ്തിട്ടുള്ള അനുമാനപരമ്പരകളും തെറ്റായിട്ടുള്ളതാണെന്നാണു് എന്റെ പൂർണ്ണവിശ്വാസം. മലയാളസാഹിത്യത്തിലെ ഉത്തമങ്ങളായ ചമ്പുക്കളെല്ലാം 15-ാംന്നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽത്തന്നെ ഉദ്ഭൂതങ്ങളാണെന്നു വിചാരിക്കുന്നതിൽ വലിയ അബദ്ധമുണ്ടെന്നു തോന്നുന്നില്ല.

MUL
165477

165477
36405
032:6N0611x
H0

UNIVERSITY LIBRARY
8 MAR 1956
MADRAS

Printed at The Kalaavilasini Press, Trivandrum.

18 JUN 1956